RURAL INFORMATION BUREAU

ഗ്രാമഭൂമി

പുസ്തകം 38 ലക്കം 1 ജനുവരി-ഫെബ്രുവരി 2015 ദ്വൈമാസിക

ഉത്പാദനമേഖലയ്ക്കും തൊഴിലുറപ്പു വേണം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി മാർഗനിർദേശങ്ങൾ പരിഷ്കരിക്കുന്നത് പരിഗണിക്കാൻ കേന്ദ്ര സർക്കാർ തിരുവനന്തപുരത്തു വിളിച്ചു ചേർത്ത ദക്ഷിണേന്ത്യൻ ഗ്രാമവികസനമന്ത്രിമാരുടെ സമ്മേളനത്തിലെ വിവിധ ദൃശ്യങ്ങൾ

ഗ്രാമഭൂമി
ദ്വൈമാസിക

2015 ജനുവരി - ഫെബ്രുവരി • പുസ്തകം 38 • ലക്കം 1

റൂറൽ ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണം, കേരള സർക്കാർ

കവർസ്റ്റോറി

4 കൃഷി അനുബന്ധമേഖലകളും തൊഴിലുറപ്പു പദ്ധതിയിൽ വരണം
ഉമ്മൻചാണ്ടി

5 തൊഴിലുറപ്പ് പദ്ധതി ശക്തമാക്കും
ചൗധരി ബീരേന്ദ്രസിംഗ്

6 സുസ്ഥിര വികസനം സാധ്യമാക്കണം
കെ.സി. ജോസഫ്

7 കേന്ദ്രസർക്കാർ ഉദാരമാകണം - കേരളം

10 വിയർപ്പു തുള്ളികളിൽനിന്ന് വീണ്ടും വീരചരിതം രചിക്കാൻ
എ.എ. ഹക്കീം

12 ക്യാമറ കണ്ണുകൾക്ക് കയ്യടി
എ. ലത്തീഫ ബീവി

13 ശ്രദ്ധ കാമ്പെയിൻ
സി.വി.ജോയി വയനാട്

ബ്ലോക്കുകളിലൂടെ

18 ഗ്രീൻ ദ ഗ്യാപ്
സതീഷ് പി.എം

21 വെള്ളാങ്ങല്ലൂരിന്റെ സ്വന്തം പൊൻകതിർ
തമ്പി. എം.ബി.ആർ

24 വിജയതീരത്ത് അഭിമാനത്തോടെ
ഷിബുവിൽസൻ

25 ഭവന - തൊഴിലുറപ്പു പദ്ധതികളിൽ സംയോജിത മുന്നേറ്റം
കെ.ആർ. പുഷ്പലത

26 ജീവിത വെളിച്ചം തെളിച്ചൊരു കൂട്ടായ്മ
ഇ. മിനിപോൾ

27 കവിത
ഗ്രാമഭൂമി
അബ്ദുൾ റഹിം

വിജയഗാഥ
28 തോടന്നൂർ ബ്ലോക്ക്
29 കോഴിക്കോട് ബ്ലോക്ക്

30 പഠനം
അറിയാതെ മറയുന്ന ഗ്രാമീണ മത്സ്യങ്ങൾ
ഡി. സജീവ്‌ലോഷ്

33 ഗ്രാമവാർത്ത
സങ്കേതങ്ങളുടെ സമഗ്രവികസനം സാധ്യമാക്കണം: മന്ത്രി
റാണി മത്തായി

34 മാർഗരേഖ
വിജയിക്കാൻ നാല് മികച്ച സംരംഭങ്ങൾ
ഡോ. ഡി. ഷെൻകുമാർ

പംക്തികൾ
17 ഇതും പറയണോ?
38 വാർത്തകൾ
40 തൊഴിലുറപ്പ് പദ്ധതി: ചോദ്യങ്ങൾ - ഉത്തരങ്ങൾ

കത്തുകൾ

ഗ്രാമഭൂമി ദ്വൈവാർഷിക വരിസംഖ്യ 24 രൂപ.

തപാലിൽ ലഭിക്കുവാൻ

എഡിറ്റർ
ഗ്രാമഭൂമി
റൂറൽ ഇൻഫർമേഷൻ ബ്യൂറോ
സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ്
വഴുതക്കാട്
ശാസ്തമംഗലം പി.ഒ
തിരുവനന്തപുരം – 695 010
എന്ന വിലാസത്തിൽ മണിയോർഡർ അയയ്ക്കുക
email : ribkerala@gmail.com

ഗ്രാമഭൂമിയിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങളും അഭിപ്രായങ്ങളും ഗ്രാമവികസന വകുപ്പിന്റേതായിരിക്കണമെന്നില്ല.അവയുടെ പൂർണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.

വ്യതിരിക്തമായൊരി ഗ്രാമഭൂമി

ഗ്രാമഭൂമിയുടെ ഏറ്റവും പുതിയ പതിപ്പ് കിട്ടിയപ്പോൾ ഒരു കുറിപ്പിലൂടെയെങ്കിലും അനുമോദിച്ചേ മതിയാകൂ എന്ന് മനസ്സ്! നീർത്തടങ്ങളെ വിഷയമാക്കി ഗ്രാമവികസന മന്ത്രിമാരുടെ സമ്മേളനത്തെ സ്വാഗതം ചെയ്ത് ബഹുവർണ്ണത്തിൽ ഗ്ലോസി കടലാസിൽ പുറത്തിറക്കിയ ഗ്രാമഭൂമി സത്യത്തിൽ ആകർഷകം തന്നെ. മുൻലക്കങ്ങളുമായി താരതമ്യം ചെയ്യാനേ കഴിയാത്തവിധം വ്യതിരിക്തമാണ് ഈ പതിപ്പ്. പണിപ്പുരയിലെ നായകർ അനുമോദനം അർഹിക്കുന്നു. മറ്റ് പലേടത്തും എന്നപോലെ ഹക്കിം ഇവിടെയും വൈവിധ്യം ഉറപ്പാക്കിയിരിക്കുന്നു. നിലനിർത്തുക ഈ വൈഭവം. അനുമോദനങ്ങൾ!

എ. ഫിറോസ്, കണിയാപുരം

സ്വരാജ് ട്രോഫി സംബന്ധിച്ച അഭിമുഖം ഗംഭീരമായി

ഗ്രാമഭൂമി സുന്ദരമായിരിക്കുന്നു. കെട്ടും മട്ടും മനോഹരം. ലേഖനങ്ങൾ പഠനോന്മുഖമായിട്ടുണ്ട്. ഗ്രാമവികസന രംഗത്തെ പ്രവർത്തനങ്ങൾക്ക് വേണ്ടത്ര ആസൂത്രണമില്ല എന്ന് ആരോപിക്കുന്നവർക്ക് ഗ്രാമഭൂമിയാണ് മറുപടി. മുതുകുളം ബ്ലോക്കിലേതുപോലെ പലേടത്തും പ്രവർത്തനങ്ങൾ നടക്കുന്നുണ്ടാകും. അവയുംകൂടി പോയി ശേഖരിച്ച് പ്രത്യേക ഇനങ്ങൾ ഉൾപ്പെടുത്തുന്നത് നന്നാകും.

കാലിക വിഷയങ്ങളായ കേരളപ്പിറവി, പക്ഷിപ്പനി, എയ്ഡ്സ്ദിനം എന്നിവയെല്ലാം ഉൾപ്പെടുത്തിയതും അവസരോചിതമായി.

ശ്രീ. ഹക്കിംജിയുടെ നേതൃത്വത്തിലുള്ള പുതിയ എഡിറ്റോറിയൽ ടീമിന് അഭിനന്ദനങ്ങൾ!

മണർക്കാട് മാത്യു, കോട്ടയം

നവവധുവിനെപ്പോലെ സുന്ദരി

ഗ്രാമഭൂമി കളറിൽ കാണാൻ കഴിഞ്ഞതിൽ സന്തോഷം. വളരെക്കാലത്തെ ആഗ്രഹം സാധിച്ചു. സംസ്ഥാനത്തെ വിവിധ ബ്ലോക്കു പഞ്ചായത്തുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമായ പഠനറിപ്പോർട്ട് തയ്യാറാക്കി അവതരിച്ചു കണ്ടു. ഓരോ നീർത്തടപ്രദേശത്തും നടപ്പിലാക്കി വരുന്ന മറ്റു വികസന പദ്ധതികളുമായി സംയോജിപ്പിച്ച് ഈ പദ്ധതി കൂടുതൽ ഫലവത്തായി നടപ്പിലാക്കി വരുന്നത് അഭിനന്ദനീയം തന്നെ. ജീവനോപാധി പ്രവർത്തനങ്ങളുടെ ഭാഗമായി സീഡ്മണി കൂടുതൽ നൽകുന്നത് നന്നായിരിക്കും.

എസ്. ശ്രീരഞ്ജിനി കൈമൾ
വെളിയനാട്

അസൂയ ഉളവാക്കുന്നു

മൾട്ടികളറിൽ അണിഞ്ഞൊരുങ്ങിയ ഗ്രാമഭൂമിയെ കണ്ടപ്പോൾ അസൂയ തോന്നി. ഞങ്ങളുടെ പ്രസിദ്ധീകരണങ്ങളെയും സ്വകാര്യ മേഖലയിലെ കൊമേഴ്സ്യൽ പ്രസിദ്ധീകരണങ്ങളെയും വെല്ലുന്നതാണ് കെട്ടും മട്ടും.

ലേ ഔട്ടും മാറ്ററും ഒരുപോലെ സമ്പന്നമാകുന്നത് അസാധാരണം.

ഭാവുകങ്ങൾ!

ഡോ. എ.വി. പ്രകാശ്, കോഴിക്കോട്

ഔഷധപ്രധാനിയായ അഗസ്തി

ആരോഗ്യദായകമായ അഗസ്തി – അഗസ്ത്യമുനിയുടെ ഇഷ്ടവിഭവമായ അഗസ്തിയെക്കുറിച്ച് വിവരിച്ചുകണ്ടു. ലേഖനം വളരെയധികം വിജ്ഞാനം നിറഞ്ഞതാണ്. ഏഷ്യൻ രാജ്യങ്ങളിൽ പൊതുവേ കാണുന്നുണ്ട്. നമ്മുടെ വീട്ടുമുറ്റത്തെ പൂച്ചെടികൾക്കൊപ്പം നട്ടു വളർത്താവുന്ന അഗസ്തി പൂക്കളാൽ അനുഗ്രഹീതമാണ്. കാഴ്ചയ്ക്കും സുന്ദരി. പച്ചക്കറിയായി ഉപയോഗിക്കുകയുമാകാം.

നിർമ്മല ജിമ്മി കെ.കെ, ചമ്പക്കുളം

കേരളപ്പിറവിയും ഭരണഭാഷയും

കേരളപ്പിറവിയും ഭരണഭാഷയും എന്ന ലേഖനം വായിച്ചു. ഉന്നതനിലവാരം പുലർത്തുന്നു. ഒരു വ്യക്തിക്ക് മനസ്സിലാകുന്ന ഭാഷയിൽ സംസാരിച്ചാൽ അത് അവന്റെ മസ്തിഷ്ക്കത്തിൽ പ്രവേശിക്കുന്നു. അവന്റെ മാതൃഭാഷയിലായാൽ ഹൃദയത്തിൽ പ്രവേശിക്കുന്നു. എത്ര ശരിയാണ്. ഭരണഭാഷ മലയാളം ഓഫീസുകളിലും ഫയലുകളിലും പ്രത്യക്ഷപ്പെട്ട രണ്ട് വാക്കുകൾ. പക്ഷേ കോളേജുകളിലും സ്വകാര്യ സ്ഥാപനങ്ങളിലും മലയാളം ഇല്ല, ഇതിനൊക്കെ മാറ്റം വരണം. സ്കൂളുകളിലും കോടതി നടപടികളിലും നിർബന്ധിത പഠനഭാഷയായ മലയാളത്തെ പ്രതിഷ്ഠിച്ചു കൊണ്ടുള്ള ഒരു നിയമം വന്നേ തീരൂ. പി. എസ്.സി. നിയമനങ്ങൾക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ എഴുതാനും വായിക്കാനും മലയാളം അറിഞ്ഞിരിക്കണം എന്ന കോളം കൂടി ഉൾപ്പെടുത്തണം.

ബേബി കെ. നാരായണൻ, ചിറമുക്ക്

ഗ്രാമഭൂമി

ദ്വൈമാസിക

റൂറൽ ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണം

കേരള സർക്കാർ

പുസ്തകം 38

ലക്കം 1

2015 ജനുവരി - ഫെബ്രുവരി

ഉപദേശക സമിതി

ചെയർമാൻ: കെ.വി. മോഹൻകുമാർ IAS, ഗ്രാമവികസന കമ്മീഷണർ

അംഗങ്ങൾ: മിഷൻ ഡയറക്ടർ, MGNREGS • തിരുമേനി.ബി.എസ്, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ-I • എൻ. അശോകകുമാർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ-II • സന്തോഷ് കുമാർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മഹിളാ കിസാൻ സശാക്തീകരൺ പരിയോജന • ശ്രീകുമാർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ, PMGSY • കെ.ഷൗക്കത്താലി, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, IWMP • കെ.ശിവകുമാർ, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, RIDF • അജയകുമാർ. ഡയറക്ടർ, SIRD • പി.കെ.മോഹനൻ, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, റൂറൽ പ്ലാനിംഗ് • എസ്സ്. ഉണ്ണികൃഷ്ണൻ നായർ, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, IAY • സി. മാധവൻ, DD(P&M) • കെ.എസ്. അജയകുമാർ, ഫിനാൻസ് ആഫീസർ • സൂസമ്മ മത്തായി, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

എഡിറ്റർ

എ.എ. ഹക്കീം

ചീഫ് ഓഫീസർ,

റൂറൽ ഇൻഫർമേഷൻ ബ്യൂറോ

അസോസിയേറ്റ് എഡിറ്റേഴ്സ്

ആർ. രഞ്ജിത

കാമ്പയിൻ ഓഫീസർ

എ. ലത്തീഫാ ബീവി

അസിസ്റ്റന്റ് കാമ്പയിൻ ഓഫീസർ

സർക്കുലേഷൻ

എച്ച്. വിക്രമൻ

മാനേജർ

കവർ & ലേ-ഔട്ട്

രതീഷ്

ഓഫീസ്

റൂറൽ ഇൻഫർമേഷൻ ബ്യൂറോ

സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ്

വഴുതക്കാട്, ശാസ്തമംഗലം പി.ഒ

തിരുവനന്തപുരം - 695 010.

ഫോൺ : 0471 2317262

email : ribkerala@gmail.com

പ്രത്യുൽപാദനപരമാകട്ടെ നമ്മുടെ തൊഴിൽ കൂട്ടായ്മ

രാജ്യത്തെ ജനസംഖ്യയുടെ ഭൂരിഭാഗവും ജീവിക്കുന്നത് ഗ്രാമങ്ങളിലാണ്. രാഷ്ട്രപിതാവ് മഹാത്മജി വിഭാവനം ചെയ്തത് സ്വയംപര്യാപ്ത ഗ്രാമങ്ങൾ ആയിരുന്നു; അതുവഴി സ്വയം പര്യാപ്ത രാജ്യവും. എന്റെ നാടിന്റെ ആത്മാവ് സ്പന്ദിക്കുന്നത് ഗ്രാമങ്ങളിലാണെന്ന് ഗാന്ധിജി പ്രഖ്യാപിച്ചു. ആ ഗ്രാമങ്ങളുടെ നാഡീ ഞരമ്പുകളെ ഉത്തേജിപ്പിക്കുന്നതും സജീവമാക്കുന്നതുമാണ് ഇപ്പോൾ നടപ്പായിവരുന്ന ഗ്രാമവികസന പദ്ധതികൾ.

മഹാത്മാവിന്റെ നാമധേയത്തിൽ പത്താണ്ട് മുമ്പ് കേന്ദ്രസർക്കാർ ആരംഭിച്ചതാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി. അഷ്ടിക്ക് വക കിട്ടുമെങ്കിൽ ഏത് പണിക്കും തയ്യാറായിട്ടും അവസരമില്ലാതെ അന്നം മുട്ടി നിന്ന പതിനായിരങ്ങൾക്കാണ് ഈ പദ്ധതി ഉപജീവനത്തിന്റെ ഒറ്റമൂലിയായത്. പുത്തൻ സാങ്കേതിക വിദ്യയുടെ തള്ളിക്കയറ്റത്തിൽ കാഴ്ചക്കാരനായി മാറിപ്പോയ അവിദഗ്ധ തൊഴിലാളിക്ക് ആണ്ടിൽ നൂറ് തൊഴിൽദിനം നിയമംമൂലം ഉറപ്പാക്കിയ വിപ്ലവമായി അത്. ഒപ്പം ഉഴുതു മറിച്ച മണ്ണിൽ സ്വന്തം വിയർപ്പുതുള്ളികൾ ചാലിച്ച് തൊഴിലാളി ഈ രാജ്യത്തിന്റെ പുതിയ വികസന പരിണാമത്തിന് അടിത്തറകൂടി പാകുകയായിരുന്നു.

ഒരു ദശകത്തിനുശേഷം തിരിഞ്ഞുനോക്കുമ്പോൾ അഭിമാനിക്കാൻ ഏറെയുണ്ടെങ്കിലും അതിലേറെ അധ്വാനിക്കാനാണ് ഉള്ളതെന്ന് നമ്മുടെ തൊഴിലാളികൾ തിരിച്ചറിയുന്നു. സേവനത്തിന്റെ, പ്രവൃത്തികളുടെ പുത്തൻ മേച്ചിൽപുറങ്ങൾ അവർക്കായി തുറന്നുകൊടുക്കേണ്ടതുണ്ട്. ഉദ്പാദന മേഖലകളിലെ പ്രവർത്തനങ്ങൾക്കായി തൊഴിലുറപ്പിന്റെ കവാടങ്ങൾ തുറന്നാൽ അത് കാഞ്ചനമണി ദീപത്തിന് കർപ്പൂരതിരിനാളം പോലെ പരസ്പരപൂരകവും പ്രയോജനകരവുമാകും - ഒരു ദ്വിമുഖ വികസനം!

തൊഴിലുറപ്പു പദ്ധതിയിൽ കൂടുതൽ മേഖലകളെ ഉൾപ്പെടുത്തണമെന്നും രാജ്യത്തിനാകെ ഒറ്റ മാർഗരേഖ എന്നതിനുപകരം പൊതുതത്വത്തിൽ മാറ്റമില്ലാതെ സംസ്ഥാനപ്രത്യേകതകൾക്കനുസൃതമായ ഭേദഗതികൾ വേണമെന്നും കേരളം മുന്നോട്ടുവച്ച ആവശ്യത്തിന് ഇതര സംസ്ഥാനങ്ങളുടെയും പിന്തുണ കൈവരുന്നു. ഫലമായി ആവശ്യാനുസരണം ഭേദഗതിയെക്കുറിച്ച് പഠിക്കാൻ കേന്ദ്രസർക്കാർ കേരളത്തിൽ ഏകദിന ബിസിനസ് സെഷൻ തന്നെ സംഘടിപ്പിച്ചതും അതിൽ കേന്ദ്ര ഗ്രാമവികസന മന്ത്രിയും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഗ്രാമവികസനമന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥരും ഒത്തിരുന്ന് കാര്യങ്ങൾ വിശകലനം ചെയ്തതും നമുക്ക് പ്രതീക്ഷ നൽകുന്നു.

ഒപ്പം സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത ഗ്രാമവികസന പദ്ധതികളുടെ ശാക്തീകരണത്തിനും കേരളം വിലപ്പെട്ട നിർദ്ദേശങ്ങൾ നിവേദനമായി കേന്ദ്രത്തിന് സമർപ്പിച്ചിരിക്കുന്നു. സംസ്ഥാനത്തെ താഴേതട്ടിൽ ജനങ്ങളുടെ ജീവിതവും സാഹചര്യങ്ങളും സംരക്ഷിക്കുന്നതിൽ സർക്കാർ പുലർത്തുന്ന ജാഗ്രത കൂടി തെളിയിക്കുന്നതാണീ പ്രവർത്തനങ്ങൾ.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രവർത്തനങ്ങളുടെ കേരള മാതൃക പ്രമേയമാക്കുന്നതും ഇതര കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിജയഗാഥ പറയുന്നതുമാണീ പതിപ്പ്.

എഡിറ്റർ

കൃഷി അനുബന്ധമേഖലകളും തൊഴിലുറപ്പു പദ്ധതിയിൽ വരണം

ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

ദക്ഷിണേന്ത്യൻ ഗ്രാമവികസന മന്ത്രിമാരുടെ സമ്മേളനത്തിൽ കേരള മുഖ്യമന്ത്രി ആമുഖ പ്രഭാഷണം നടത്തുന്നു.

2015 ജനുവരി ആറിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി മാർഗരേഖ പരിഷ്കരണം പരിഗണിക്കാൻ കേന്ദ്ര ഗ്രാമ വികസന മന്ത്രിയും വിദഗ്ധരും കോവളത്ത് നടത്തിയ ബിസിനസ് സെഷനിലെ ആമുഖ പ്രഭാഷണത്തിൽ നിന്ന്.

ഉത്പാദന വർധനവിന് കൃഷി-അനുബന്ധ മേഖലകളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണ്. പാലുൽപാദനം, നെൽകൃഷി, കാർഷിക പ്രവർത്തനങ്ങൾ, കയർ, ഖാദി, കൈത്തറി മേഖലകളെയെല്ലാം എൻ ആർഇജിഎസിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്രത്തോട് സംസ്ഥാന സർക്കാർ അഭ്യർഥിച്ചിട്ടുണ്ട്. ഇത്തരം പരമ്പരാഗത മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതു വഴി കാർഷിക - അനുബന്ധ മേഖലകളിലെ ഉത്പാദനം വർധിപ്പിക്കുന്നതിനും മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ വരുമാനമുറപ്പാക്കുന്നതിനും സാധിക്കും.

കേന്ദ്രാവിഷ്കൃത ഗ്രാമ വികസന പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കാൻ കേരള സർക്കാർ ഏറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. എന്നാൽ സംസ്ഥാനങ്ങൾക്ക് ഇണങ്ങുന്ന വിധത്തിൽ കേന്ദ്ര മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയാൽ മാത്രമേ കേന്ദ്രാവിഷ്കൃത പദ്ധതികൾ വിവിധ സംസ്ഥാനങ്ങളിൽ സുഗമമായി നടപ്പാക്കാനാവുകയുള്ളു. കാലാവസ്ഥ,സംസ്ക്കാരം,ഭൂപ്രദേശം എന്നിവയെല്ലാം വിവിധ സംസ്ഥാനങ്ങളിൽ വ്യത്യസ്തമാണ്.ഇതിന്റെ അടിസ്ഥാനത്തിലാകണം ഓരോ സംസ്ഥാനങ്ങളും കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് രൂപം കൊടുത്ത് നടപ്പാക്കേണ്ടത്. കേന്ദ്ര മാനദണ്ഡങ്ങളുടെ അടിസ്ഥാന സ്വഭാവത്തിൽ മാറ്റം വരുത്താതെ കേന്ദ്രാവിഷ്കൃത പദ്ധതികൾ തെരഞ്ഞെടുക്കുന്നതിനും നടപ്പിൽ വരുത്തുന്നതിനും സംസ്ഥാനങ്ങൾക്ക് സ്വാതന്ത്ര്യം നൽകുന്നത് ഉചിതമായിരിക്കും.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി മാർഗനിർദേശങ്ങൾ പരിഷ്കരിക്കുന്നത് പരിഗണിക്കാൻ കേന്ദ്ര സർക്കാർ തിരുവനന്തപുരത്തു വിളിച്ചു ചേർത്ത ദക്ഷിണേന്ത്യൻ ഗ്രാമവികസന മന്ത്രിമാരുടെ സമ്മേളനത്തിനെത്തിയ കേന്ദ്ര ഗ്രാമവികസന മന്ത്രി ചൗധരി ബീരേന്ദ്ര സിംഗിനെ കേരള മുഖ്യമന്ത്രി ഉമ്മൻചാണ്ടി സ്വീകരിക്കുന്നു.

സംസ്ഥാനത്ത് മഹാത്മഗാന്ധി എൻ ആർഇജിഎസിൽ 29 ലക്ഷം കുടുംബങ്ങൾ ജോലിക്കായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേന്ദ്ര ഫണ്ടുകൾ പൂർണമായി വിനിയോഗിച്ച് ഇവർക്കെല്ലാം ജോലി നൽകാനാണ് സംസ്ഥാന സർക്കാർ ആഗ്രഹിക്കുന്നത്. ഇതുവഴി സമൂഹത്തിൽ താഴേത്തട്ടിലുള്ളവർക്ക് സാമ്പത്തികമായ ഉന്നമനം സാധ്യമാകുമെന്നാണ് വിശ്വാസം.

ഉത്പാദനപരമായ കൂടുതൽ മേഖലകൾ മഹാത്മഗാന്ധി എൻആർഇജിഎസിൽ ഉൾപ്പെടുത്താനുള്ള ശിപാർശ സംസ്ഥാനം കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ഇക്കാര്യങ്ങളിലെല്ലാം അനുഭാവപൂർണമായ സമീപനം സ്വീകരിക്കുമെന്നാണ് കരുതുന്നത്.■

തൊഴിലുറപ്പ് പദ്ധതി പരിമിതപ്പെടുത്തില്ല; ശക്തമാക്കും പരിഗണനാമേഖലവരും

ചൗധരി ബീരേന്ദ്രസിംഗ്
കേന്ദ്ര ഗ്രാമവികസന മന്ത്രി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി മാർഗരേഖ പരിഷ്കരണം പരിഗണിക്കാൻ കേന്ദ്ര സർക്കാർ തിരുവനന്തപുരത്ത് വിളിച്ചുചേർത്ത ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും ഗ്രാമവികസന മന്ത്രിമാരുടെയും വിദഗ്ധരുടെയും ബിസിനസ് സെഷൻ ഉദ്ഘാടന പ്രസംഗത്തിൽ നിന്ന്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ മാർഗ്ഗരേഖ നവീകരണം കേന്ദ്ര സർക്കാറിന്റെ സജീവപരിഗണനയിലാണ്. അതിനു മുൻമ്പ് രാജ്യത്തെ ബന്ധപ്പെട്ട എല്ലാ മേഖലയുടെയും അഭിപ്രായം സ്വരൂപിക്കേണ്ടതുണ്ട്. ഈ ലക്ഷ്യം മുൻനിർത്തിയാണ് രാജ്യത്തെ സംസ്ഥാന ഗ്രാമവികസന മന്ത്രിമാരെയും വിദഗ്ധരെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി മേഖലാ സമ്മേളനങ്ങൾ നടത്തുന്നത്.

തൊഴിലുറപ്പു പദ്ധതി നിർത്തലാക്കാനോ പരിമിതപ്പെടുത്താനോ ഉദ്ദേശ്യമില്ല. എന്നാൽ ഈ പദ്ധതിയുടെ പ്രത്യേകം പരിഗണന ലഭിക്കേണ്ട ചില പ്രദേശങ്ങൾ കൂടി ഉണ്ട് എന്ന കാര്യം പരിഗണിക്കാതെ വയ്യ. രാജ്യത്ത് ഇനിയും വേണ്ട വിധം വികസിക്കാത്ത നിരവധി ബ്ലോക്കുകളുണ്ട്. അവയിൽ നിന്ന് മുൻഗണന ലഭിക്കുന്ന 2500 ബ്ലോക്ക്പഞ്ചായത്തുകളെകൂടി പദ്ധതിയിൽ പങ്കാളികളാക്കും. മറ്റ് നാലായിരത്തോളം ബ്ലോക്കുകൾക്ക് ഫണ്ടിൽ കൂടുതൽ തുക അനുവദിക്കുകയും ചെയ്യും.

വർഷത്തിൽ പരമാവധി 100 ദിവസം തൊഴിൽ ലഭിക്കണമെന്നത് ഗ്രാമീണ ജനതയുടെ അവകാശമാണ്. കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാനുതകുന്നതും എന്നാൽ നാടിന്റെ വികസനത്തിന് ഉപയുക്തമായതുമായ നിർദ്ദേശങ്ങളാണ് സംസ്ഥാനങ്ങളിൽ നിന്ന് കേന്ദ്രം പ്രതീക്ഷിക്കുന്നത്. പദ്ധതി നടത്തിപ്പിലും അതുവഴി സംസ്ഥാന താൽപര്യം സംരക്ഷിക്കുന്നതിലും കേരളം സദാ ജാഗ്രത പുലർത്തി കാണുന്നതിൽ സന്തോഷമുണ്ട്.

വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ എന്ന പോലെ തൊഴിലുറപ്പ് പദ്ധതിയുടെ ഫണ്ടും ഫലപ്രദമായി വിനിയോഗിക്കുന്ന സംസ്ഥാനമാണ് കേരളം. വനിതാ സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനവും തൊഴിലാളികൾക്ക് വേതനം നൽകുന്നതിനായി ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കിയതുമെല്ലാം കേരളത്തിന്റെ ഇക്കാര്യത്തിലുള്ള ഉത്സാഹമായി കേന്ദ്രം പരിഗണിക്കുന്നു.

ഗ്രാമപഞ്ചായത്തുകൾക്ക് ആസൂത്രണത്തിലും പ്രയോഗത്തിലും വ്യക്തമായ പ്രാതിനിധ്യം ഉറപ്പാക്കികൊണ്ട് കേരളം മാതൃകയാകുന്നത് ശ്ലാഘനീയമാണ്. തൊഴിലുറപ്പു പദ്ധതിയിലൂടെ ജനങ്ങൾക്ക് സാമ്പത്തിക ഭദ്രത ഉണ്ടാക്കുന്നതിനും കേരളം മുൻകൈയെടുത്തു. വേതനം ബാങ്ക്വഴി ലഭിക്കുന്നത് സമ്പാദ്യത്തിന് കൂടുതൽ അവസരമുണ്ടാകുന്നതാണ്.

കൃഷി, നീർത്തടവികസനം, ശുചീകരണം, തദ്ദേശീയമായ നിർമ്മാണ സാങ്കേതിക വിദ്യ, തൊഴിൽക്കൂട്ടങ്ങളുടെ രൂപവത്കരണം തുടങ്ങിയ മേഖലകളിൽ സംസ്ഥാനങ്ങൾ കൂടുതൽ ശ്രദ്ധ വയ്ക്കണം.

കേരളത്തിൽ ഇതിനകം പൂർണമായും നടപ്പിലായ ഇ.എഫ്.എം.എസ് രാജ്യത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപ്പിൽ വരുത്താൻ കേന്ദ്രസർക്കാർ തയ്യാറെടുപ്പു നടത്തി വരികയാണ്.

കേന്ദ്രാവിഷ്കൃത നയത്തിന്റെ കാതലിൽ മാറ്റം വരുത്താതെ പദ്ധതി മാർഗരേഖയിൽ ചില ഇളവുകൾ വേണമെന്നും പദ്ധതി പ്രവർത്തനം ഉത്പാദനമേഖലയിലേക്ക് വ്യാപിപ്പിക്കണമെന്നുമുള്ള കേരളത്തിന്റെ ആവശ്യം ന്യായവും പരിഗണനാർഹവുമാണ്. എന്നാൽ പല സ്ഥലങ്ങളിൽ നിന്നും കേന്ദ്രം പ്രതീക്ഷിക്കുന്ന നിലവാരമുള്ള നിർദേശങ്ങളല്ല വന്നിട്ടുള്ളതെന്ന കാര്യവും പരാമർശിക്കാതെവയ്യ.■

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി മാർഗരേഖ പരിഷ്കരണം പരിഗണിക്കാൻ കേന്ദ്ര സർക്കാർ തിരുവനന്തപുരത്ത് വിളിച്ചുചേർത്ത ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും ഗ്രാമവികസന മന്ത്രിമാരുടെയും വിദഗ്ധരുടെയും ബിസിനസ് സെഷൻ സ്വാഗത പ്രസംഗത്തിൽ നിന്ന്.

ഉത്പാദന മേഖല ഉൾപ്പെടുത്തി സുസ്ഥിര വികസനം സാധ്യമാക്കണം

കെ.സി. ജോസഫ്
ഗ്രാമവികസന മന്ത്രി

സംസ്ഥാനങ്ങളിലെ വൈവിധ്യവും വ്യത്യസ്ത സാഹചര്യങ്ങളും പരിഗണിച്ച്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, പ്രധാനമന്ത്രി ഗ്രാമസഡക്ക് യോജന തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകനവും അവയുടെ മാർഗ നിർദ്ദേശങ്ങൾ പരിഷ്കരിക്കണമെന്നുമുള്ളത് സംസ്ഥാന സർക്കാരും നമ്മുടെ മുഖ്യമന്ത്രിയും ദീർഘനാളായി ആവർത്തിച്ച് ഉന്നയിക്കുന്ന ആവശ്യങ്ങളാണ്. സംസ്ഥാനങ്ങളുടെ പ്രശ്നങ്ങൾ പലതാണ്. അതുകൊണ്ട് തന്നെ കേന്ദ്രാവിഷ്കൃത പദ്ധതികൾ വിവിധ സംസ്ഥാനങ്ങളിൽ നടപ്പാക്കുമ്പോൾ രാജ്യത്തെ മുഴുവൻ സംസ്ഥാനങ്ങൾക്കും കൂടി ഒറ്റ പൊതുമാർഗനിർദ്ദേശം എന്നത് നമുക്ക് പിന്തുടരാനാവുന്നില്ല. പദ്ധതികളുടെ അടിസ്ഥാന ലക്ഷ്യത്തിൽ മാറ്റമൊന്നും വരുത്താതെതന്നെ നമുക്ക് 'സംസ്ഥാന കേന്ദ്രീകൃത' മാർഗ നിർദ്ദേശങ്ങൾ കൈക്കൊള്ളുകയും ലക്ഷ്യം നേടുകയുമാകാം.

ദരിദ്ര ഗ്രാമീണരുടെ ജീവനമാർഗങ്ങൾ ശക്തിപ്പെടുത്തുക എന്നതാണ് തൊഴിലുറപ്പു പദ്ധതിയുടെ പ്രധാന ലക്ഷ്യമെന്ന് നമുക്കറിയാം. സമീപകാലത്ത് ഇതിന്റെ മാർഗനിർദ്ദേശങ്ങളിലുണ്ടാക്കിയ മാറ്റങ്ങൾ ഞങ്ങളുടെ സംസ്ഥാനത്ത് വിപരീതഫലമാണ് ഉളവാക്കിയിട്ടുള്ളത്. ഇപ്പോൾ അംഗീകരിച്ചിട്ടുള്ള ജോലികളുടെ പട്ടിക നോക്കിയാൽ അത് ഒരു കുടുംബത്തിന് ശരാശരി 50 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാൻ പോലും മതിയാകുന്നതല്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഗ്രാമീണ കുടുംബങ്ങൾക്ക് തൊഴിലും കൂലിയും നല്കുന്നതുകൊണ്ടു മാത്രം അവരുടെ ജീവനമാർഗം സ്ഥിരമായി സുരക്ഷിതമാകില്ല. ആക്ടിൽ പറയുന്നതുപോലെ ഉല്പാദനമേഖലയിൽ ആസ്തി നിർമ്മാണവും സംരക്ഷണങ്ങളും ഫലപ്രദമായ രീതിയിൽ സൃഷ്ടിക്കപ്പെടുമ്പോൾ മാത്രമേ നമുക്ക് ലക്ഷ്യപ്രാപ്തിയുണ്ടാകൂ.

ഇതിന്, ഉല്പാദന മേഖലയിലെ ആസ്തികൾ സംബന്ധിച്ച് ഒരു പുനർനിർവചനത്തിനും അതിന് കൂടുതൽ അർത്ഥതലങ്ങൾ കല്പിച്ചു നൽകുന്നതിനും നാം തയ്യാറാകണം. ഉത്പാദന മേഖലയിലെ ആസ്തികൾ പ്രത്യുൽപാദനപരമായി വരുമാനം തരുന്നതും അത് നമ്മുടെ ദരിദ്ര ഗ്രാമീണരുടെ ജീവനമാർഗത്തിൽ സ്ഥിരവരുമാന മാർഗം തുറക്കുന്നതുമാകണം. ഇതൊരു ദിശാമുഖ ലക്ഷ്യമാണ്. ഈ ലക്ഷ്യം സാധിക്കാൻ സർക്കാരിന്റെ എല്ലാ വികസന ക്ഷേമവ

കൈരളിയുടെ ഉപഹാരം: ബിസിനസ് സെഷനിലെ അതിഥികൾക്ക് കേരളത്തിന്റെ ഉപഹാരം മന്ത്രി കെ.സി. ജോസഫ് നൽകുന്നു. കേന്ദ്ര ഗ്രാമവികസന സെക്രട്ടറി എസ്.എം. വിജയാനന്ദ്, ജോയിന്റെ ഡവലപ്മെന്റ് കമ്മീഷണർ പി. കെ. മോഹനൻ എന്നിവർ സമീപം.

കുപ്പുകളുടെയും മറ്റ് ഭരണ സംവിധാനങ്ങളുടെയും വിഭവങ്ങളും സാങ്കേതിക പരിജ്ഞാനവും ആവശ്യമാണ്. ഈ വിധത്തിൽ ഈ സമ്മേളനത്തിന് കൂടുതൽ പ്രസക്തിയുണ്ട്.

അനുയോജ്യമായ ജോലികൾ തെരഞ്ഞെടുത്ത് നടപ്പാക്കാൻ കഴിയാത്തത് ഈ പദ്ധതിയിലെ ഗൗരവമുള്ള പ്രശ്നമാണ്. കഴിഞ്ഞവർഷം കേരള സർക്കാർ ഈ പദ്ധതിയിൽ ശരാശരി 57 തൊഴിൽദിനങ്ങളാണ് സൃഷ്ടിച്ചത്. ലഭ്യമായ വിവരങ്ങൾ അനുസരിച്ച് ഇത് തമിഴ്നാട്ടിൽ 57, കർണാടകത്തിൽ 50, ആന്ധ്രാപ്രദേശിൽ 49, മഹാരാഷ്ട്രയിൽ 45, ഗോവയിൽ 13 എന്നിങ്ങനെയാണ്. ഇതിനർത്ഥം മറ്റ് സംസ്ഥാനങ്ങളും പദ്ധതി പ്രകാരം അനുയോജ്യമായ പ്രവൃത്തി മേഖലകൾ കണ്ടെത്തുന്ന കാര്യത്തിൽ സമാനമായ പ്രശ്നങ്ങൾ നേരിടുന്നുണ്ട് എന്നാണ്. സംസ്ഥാനത്ത് ഞങ്ങൾ അധികാരത്തിൽ വന്ന 2010-11 കാലത്ത് പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾക്ക് വിനിയോഗിച്ചത് 701 കോടി രൂപയായിരുന്നു. പ്രവൃത്തികൾ തെരഞ്ഞെടുക്കുന്നതിനുള്ള എല്ലാ നിയന്ത്രണങ്ങളും നിലനിൽക്കെ തന്നെ സംസ്ഥാന സർക്കാർ കഴിഞ്ഞവർഷം 1700 കോടിയാണ് ഈ രംഗത്ത് വിനിയോഗിച്ചത്.

2011-12 കാലത്ത് ഇത് 1065 കോടിയും 2012-13 കാലയളവിൽ 1418 കോടി രൂപയുമാണ് ഇതിനായി ചിലവഴിച്ചത്. 2012-13 കാലത്ത് 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ച 1.04 കുടുംബങ്ങൾക്ക് 1000 രൂപ വീതം നൽകിക്കൊണ്ട് ഞങ്ങൾ തൊഴിലുറപ്പു പദ്ധതിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ഖജനാവിൽ നിന്ന് ഇതിനായി 10.48 കോടി രൂപ കേരളം നൽകുകയുണ്ടായി. 2013-14 കാലത്ത് 3.30 ലക്ഷം കുടുംബങ്ങൾക്ക് കേരള സർക്കാർ ഓണക്കോടി നൽകുകയുണ്ടായി. ഇതിനായി 14 കോടി രൂപ സംസ്ഥാനം വിനിയോഗിച്ചു. കേന്ദ്രാവിഷ്കൃത ഗ്രാമവികസന പദ്ധതികൾ നടപ്പാക്കുന്നതിൽ സംസ്ഥാന സർക്കാറിന് വളരെ ഗൗരവമുള്ള സമീപനമാണുള്ളത് എന്ന് കാണിക്കുന്ന ചില ഉദാഹരണങ്ങളാണിവ.

ഈ സമ്മേളനത്തിന്റെ ചർച്ചകൾ ഫലപ്രദമായിരിക്കുമെന്നും അതിന്റെ ഫലമായി മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഉത്പാദന മേഖലയിലെ പ്രവൃത്തികൾ കൂടി ഉൾപ്പെടുത്താനുതകുന്ന ഭേദഗതികൾ കേന്ദ്രസർക്കാർ കൈക്കൊള്ളുമെന്നും ഞാനാശിക്കുന്നു.■

ഗ്രാമവികസന പദ്ധതി നടത്തിപ്പ് സുഗമമാക്കാൻ കേന്ദ്രസർക്കാർ ഉദാരമാകണം – കേരളം

സംസ്ഥാനത്ത് നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത ഗ്രാമവികസന പദ്ധതികൾ ജനങ്ങൾക്ക് കൂടുതൽ പ്രയോജനകരമാകാൻ ഉദ്ദേശിച്ച് സംസ്ഥാന സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ച നിവേദനത്തിൽ നിന്ന്.

കേരളത്തിൽ നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത ഗ്രാമവികസന പദ്ധതികൾ കൂടുതൽ ഊർജിതവും സുഗമവുമാക്കാൻ ലക്ഷ്യം വച്ച് കേന്ദ്രസർക്കാറിന് സംസ്ഥാന സർക്കാർ സമർപ്പിച്ച നിവേദനത്തിൽ നിന്ന്.

ഇന്ദിര ആവാസ് യോജന : നിരക്ക് ഉയർത്തണം

ഇന്ദിര ആവാസ് യോജന പ്രകാരം നിർമ്മിക്കുന്ന ഭവനം ഒന്നിന് 70,000 രൂപയാണ് കേന്ദ്രസർക്കാർ നിജപ്പെടുത്തിയിട്ടുള്ളത്. 2013 ഏപ്രിൽ ഒന്നിന് നിലവിൽ വന്നതാണ് ഈ നിരക്ക്. കേരളത്തിൽ നിലവിലുള്ള സാഹചര്യം പരിഗണിക്കുമ്പോൾ, പ്രത്യേകിച്ച് നിർമ്മാണ സാമഗ്രികളുടെ ഉയർന്ന വില, ഉയർന്ന ജോലിക്കൂലി തുടങ്ങിയവ കണക്കിലെടുക്കുമ്പോൾ ഒരു നല്ല വീട് പണിയാൻ ഇപ്പോൾ നിജപ്പെടുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്.

സംസ്ഥാന സർക്കാർ ഈ നിരക്ക് ഉയർത്തിയിരിക്കുകയാണ്. പട്ടികജാതി / ജനറൽ വിഭാഗങ്ങളിൽ ഇത് രണ്ട് ലക്ഷമായും പട്ടിക വർഗ വിഭാഗങ്ങൾക്ക് രണ്ടര ലക്ഷമായുമാണ് നിരക്ക് വർദ്ധിപ്പിച്ചത്. ഇതിനർത്ഥം പട്ടികജാതി / ജനറൽ വിഭാഗത്തിന് 1,30,000 രൂപ വീതവും പട്ടിക വർഗത്തിന് 1,80,000 രൂപ വീതവും അധിക സഹായസമാഹരണം ഉണ്ടാകുമെന്ന് സംസ്ഥാന സർക്കാർ ന്യായമായും പ്രതീക്ഷിച്ചു. അധിക തുക കണ്ടെത്താൻ സംസ്ഥാന സർക്കാർ വിഹിതമായി 50,000 രൂപ വീടൊന്നിന് ലഭ്യമാക്കി. ഇത് പദ്ധതി നടത്തിപ്പിലെ സംസ്ഥാന വിഹിതത്തിനു പുറമേയാണ്. ശേഷിച്ച തുക ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ അവരുടെ പ്ലാൻ ഫണ്ടിൽ നിന്നും കണ്ടെത്തണം.

പരിഷ്കരിച്ച 'ഗ്രാമഭൂമി'യുടെ ആദ്യപതിപ്പും തൊഴിലുറപ്പു പദ്ധതി മാർഗരേഖാ നവീകരണത്തിനുള്ള ദക്ഷിണേന്ത്യൻ ഗ്രാമവികസന മന്ത്രിമാരുടെ സമ്മേളനത്തിനായി സംസ്ഥാന ഗ്രാമവികസന വകുപ്പ് തയാറാക്കിയ റഫറൻസ് ബുക്കുകളും ചടങ്ങിൽ പ്രകാശനം ചെയ്തപ്പോൾ.

ഇതിന് 25: 40: 35 എന്ന നിരക്കും നിശ്ചയിച്ചു. എന്നാൽ ത്രിതലഭരണ സംവിധാനത്തിൽ നിരവധി പഞ്ചായത്തുകൾ ഈ അധിക ബാധ്യത നിറവേറ്റാൻ കഴിയാത്ത അവസ്ഥയിലാണ്. ഇതുകാരണം പദ്ധതിയിൻ കീഴിൽ പണിതീരാ പുരകളുടെ എണ്ണം പെരുകി വന്നു. ഈ പ്രത്യേക സാഹചര്യത്തിൽ ഇന്ദിരാ ആവാസ് യോജന വീടൊന്നിന് കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന 70,000/- രൂപ എന്ന നിരക്ക് 1,50,000 രൂപയായി ഉയർത്തണം.

സംയോജിത നീർത്തട പരിപാലന പരിപാടി

കേരളത്തിൽ 64 ബ്ലോക്ക് പഞ്ചായത്തുകളിൽ സംയോജിത നീർത്തട പരിപാലന പരിപാടി നടപ്പിലുണ്ട്. ആറു ബാച്ചുകളിലായി കേരളത്തിനായി 83 പ്രോജക്ടുകൾക്ക് കേന്ദ്രം അനുമതിയും നല്കിയിട്ടുണ്ട്. വിവിധ പദ്ധതികളിലായി 616 ചെറു നീർത്തടങ്ങൾ ആണ് നാം തെരഞ്ഞെടുത്തിട്ടുള്ളത്. 581.62 കോടി രൂപ ചെലവിട്ട് 4.23 ലക്ഷം ഹെക്ടർ സ്ഥലത്താണ് നീർത്തട പരിപാലന പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നത്. കേരളത്തിന്റെ സവിശേഷ ഭൂമിശാസ്ത്ര പ്രത്യേകതകൾ ഈ പദ്ധതി നടത്തിപ്പിൽ പ്രധാന ഘടകമാണ്. ഞങ്ങളുടെ ഭൂപ്രദേശത്തിൽ ഏറിയ പങ്കും ഇടനാടും അതിന് മുകളോട്ടുള്ളതുമാണ്. ഇവിടെ ആകെയുള്ള 14 ജില്ലകളിൽ ആലപ്പുഴ ഒഴികെ എല്ലാ പ്രദേശങ്ങളും 10% ത്തിലേറെ ചെരിവുള്ള ഭൂതലങ്ങളാണ്. ഇവിടുത്തെ ആകെ ഭൂമിയിൽ 60% ത്തിലേറെയും സാമാന്യ ചെരിവുള്ളതും ചിലയിടങ്ങൾ കുത്തനെ ചെരിഞ്ഞവയുമാണ്. യഥാർത്ഥത്തിൽ ഈ 13 ജില്ലകൾക്കും ബുദ്ധിമുട്ടാർന്ന കുന്നിൻപ്രദേശങ്ങളുണ്ട്.

കേരളത്തിൽ വർഷത്തിൽ ശരാശരി 3000 മുതൽ 3500 മില്ലിമീറ്റർവരെ മഴ ലഭിക്കുന്നുണ്ടെങ്കിലും ഏറിയകൂറും ഒഴുകിപ്പോകുകയാണ്. ഇവിടുത്തെ ജലവും മണ്ണും സംരക്ഷിക്കാൻ നീർത്തട പരിപാലന പരിപാടിയിൽ ഹെക്ടർ ഒന്നിന് 6720 രൂപ നിരപ്പായ സ്ഥലങ്ങൾക്കും 8400 രൂപ കുന്നിൻ പ്രദേശങ്ങൾക്കും എന്ന നിരക്കിൽ അനുവദിച്ചിട്ടുള്ള തുക തികച്ചും അപര്യാപ്തമാണ്. കേരളത്തിലെ തൊഴിൽക്കൂലി നിത്യവും ശരാശരി 600-650 രൂപയാണ്. നീർത്തടപരിപാലനത്തിന്റെ 2008-ലെ പൊതു മാർഗനിർദ്ദേശമനുസരിച്ച് ഒരു സ്വയംസഹായ സംഘത്തിന് ജീവനോപാധി സഹായമായി നല്കാവുന്ന തുക വെറും 25,000 രൂപയാണ്. കേരളത്തിലെ ഉയർന്ന ജീവിത ചെലവുകളുമായി ഇത് ഒരിക്കലും ഒത്തുപോകുന്ന തുകയല്ല. ഇതിനുള്ള മാനദണ്ഡം നിശ്ചയിച്ചത് 2008 ലാണ്. എന്നാൽ ഇപ്പോൾ ജീവിതച്ചെലവ് വളരെ വർദ്ധിച്ചിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി താഴെ പറയുന്ന നിർദ്ദേശങ്ങളാണ് കേരളത്തിന് സമർപ്പിക്കാനുള്ളത്.

- കേരളത്തിൽ ആലപ്പുഴ ഒഴികെയുള്ള 13 ജില്ലകൾക്കും കുന്നിൻ പ്രദേശങ്ങളുടെ നിലവാരം മാനദണ്ഡമാക്കണം.
- നിലവിൽ സമതലപ്രദേശങ്ങൾക്ക് ഹെക്ടർ ഒന്നിന് 12,000 രൂപയും കുന്നിൻപ്രദേശങ്ങൾക്ക് 15,000 രൂപയും എന്നത് യഥാക്രമം 25,000 രൂപയും 40,000 രൂപയും എന്ന തോതിലാക്കി ഉയർത്തണം.
- ജീവനമാർഗ സഹായം സ്വയംസഹായസംഘം ഒന്നിന് 25,000 രൂപയിൽ നിന്ന് 50,000 രൂപയാക്കി വർധിപ്പിക്കണം.

സ്വച്ഛ്ഭാരത് മിഷൻ

ശുചിത്വ കാര്യത്തിൽ കേരളം 95% ത്തോളം മുന്നേറ്റം നടത്തിയിട്ടുണ്ടെങ്കിലും സംസ്ഥാനം ഇന്നും ശുചിത്വ ആരോഗ്യ, മാലിന്യ നിർമ്മാർജന പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. അതുകൊണ്ട് പുതിയ സ്വച്ഛ്ഭാരത് നീക്കത്തിൽ കേരളത്തിന് പ്രത്യേക പരിഗണന ലഭിക്കേണ്ടത് അനിവാര്യമാണ്. ലക്ഷ്യം നേരത്തേ കരഗതമാകാൻ അത് ഉപകരിക്കും.

മേൽ സാഹചര്യത്തിൽ കേന്ദ്ര ശുചീകരണ-കുടിവെള്ള വകുപ്പ് സ്വച്ഛ്ഭാരത് മിഷൻ ഗ്രാമീണിൽ ഉൾപ്പെടുത്തി പരിഗണിക്കാനും ഉചിതമായി ഉത്തരവിറക്കുന്നതിനും താഴെപറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

- **ഖര-ദ്രവ മാലിന്യ നിർമാർജനം അടങ്കൽ ചെലവ്**

സ്വച്ഛ്ഭാരത് മിഷൻ ഗ്രാമീണിനു കീഴിൽ ഖര-ദ്രവ മാലിന്യ നിർമാർജന ഘടകത്തിന് നല്കുന്ന സഹായം ഒരു പഞ്ചായത്തിലുള്ള വീടുകളുടെ എണ്ണത്തെ അടിസ്ഥാനമാക്കിയാണ്.

150 വീടുവരെയുള്ള ഗ്രാമപഞ്ചായത്തിൽ : 7 ലക്ഷം രൂപ (വീടൊന്നിന് 4667 രൂപ നിക്ഷേപം)

300 വീടുവരെയുള്ള ഗ്രാമപഞ്ചായത്തിൽ : 12 ലക്ഷം രൂപ (വീടൊന്നിന് 4000 രൂപ നിക്ഷേപം)

500 വരെ വീടുള്ള ഗ്രാമപഞ്ചായത്തിൽ 15 ലക്ഷം രൂപ (വീടൊന്നിന് 3000 രൂപ നിക്ഷേപം)

500 നു മുകളിൽ വീടുള്ള ഗ്രാമപഞ്ചായത്തിന് 20 ലക്ഷം രൂപ (വീടൊന്നിന് 3000 രൂപയിൽ താഴെ നിക്ഷേപം)

കേരളത്തിൽ ഒരു ഗ്രാമപഞ്ചായത്തിലെ വീടുകളുടെ എണ്ണം ശരാശരി 4200 ആണ്. അതുകൊണ്ട് നിലവിലുള്ള സഹായത്തിന്റെ സ്ലാബ് കേരളത്തിന് ഒരുപാട് കോട്ടങ്ങൾ ഉണ്ടാക്കുന്നതാണ്. (കേരളത്തിലെ വീടൊന്നിന് ഇപ്പോൾ 476/- രൂപ മാത്രമാണ് നിക്ഷേപം) എന്നാൽ വലിയ ഗ്രാമപഞ്ചായത്തുകളിൽ ഖര-ദ്രവ മാലിന്യ നിർമാർജനം വലിയ പ്രശ്നവുമാണ്. ഇക്കാരണത്താൽ സ്വച്ഛ്ഭാരത് മിഷനിൽ (ഗ്രാമീൺ) പുതിയ സഹായതലങ്ങൾ ഉൾപ്പെടുത്തണമെന്ന് കേരളം ആവശ്യപ്പെടുന്നു.

1000 വീടുവരെ : 25 ലക്ഷം രൂപ
2000 വീടുവരെ : 40 ലക്ഷം രൂപ
5000 വീടുവരെ : 75 ലക്ഷം രൂപ
5000 വീടിനുമുകളിൽ : 1 കോടി രൂപ

(കേരളത്തിൽ 25% ഗ്രാമപഞ്ചായത്തുകളിലും 6000 ൽ കൂടുതൽ വീടുകളുണ്ട്.

രണ്ടു ഡസൻ ഗ്രാമപഞ്ചായത്തുകളിൽ 11000 ന് മുകളിൽ വീടുകളുണ്ട്)

● ബോധനവും ആസ്തി വികസനവും

ബോധന ആസ്തിവികസന ഘടകത്തിന് സംസ്ഥാനങ്ങൾക്ക് ഫണ്ട് 15% എന്നത് അഞ്ച് ശതമാനം ആയി കുറച്ചിരിക്കുകയാണ്. പ്രാദേശിക പ്രത്യേകതകൾ അടിസ്ഥാനമാക്കി ഈ തുക അപര്യാപ്തമാണ്. ഇത് അവലോകനം ചെയ്യണം. ഏറ്റവും കുറഞ്ഞത് സംസ്ഥാന ജില്ലാ തലങ്ങളിലേക്ക് ഈ തുക 10% എങ്കിലും മാറ്റി വയ്ക്കണം. നിർമൽ ഭാരത് അഭിയാനിൽ ഉണ്ടായിരുന്നതുപോലെ കേന്ദ്ര-സംസ്ഥാനങ്ങൾക്കിടയിൽ തുകയുടെ വിഹിതം 80:20 എന്നാക്കുകയും വേണം.

● ഓരോ വീടിനുമുള്ള കക്കൂസ്

തീരപ്രദേശങ്ങൾ, വെള്ളക്കെട്ടുള്ള സ്ഥലങ്ങൾ, ഉൾനാടൻ പട്ടികവർഗ സങ്കേതങ്ങൾ എന്നിങ്ങനെയുള്ള ഭൂമിശാസ്ത്രപരമായ ബുദ്ധിമുട്ടുള്ള പ്രദേശങ്ങൾക്ക് കക്കൂസ് നിർമ്മാണത്തിന് ഉയർന്ന നിരക്ക് അനുവദിക്കണം. പാരിസ്ഥിതിക സമതല പ്രദേശങ്ങളിൽ ഈ തുക യൂണിറ്റ് ഒന്നിന് 60,000/- രൂപയായി ഉയർത്തണം.

● കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ്

കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ് യൂണിറ്റ് ഒന്നിന് രണ്ടുലക്ഷം രൂപ എന്നത് ആറ് ലക്ഷം രൂപയായി ഉയർത്തണം.

കേന്ദ്ര പൊതുമരാമത്ത് വകുപ്പ്, സംസ്ഥാന പൊതുമരാമത്ത് വകുപ്പ് എന്നിവ പിന്തുടരുന്ന പ്രാദേശിക പ്രത്യേകതകളുള്ള മാതൃകകൾ പ്രകാരം രണ്ടുലക്ഷം രൂപ അപര്യാപ്തമാണ്. പൊതുസ്ഥലങ്ങളിൽ നിലവാരമുള്ള ശൗചാലയങ്ങൾ നിർമ്മിക്കാൻ ഈ തുക കൊണ്ട് കഴിയില്ല.

● നിർമ്മാണ ചെലവ്

പദ്ധതിയിലെ നിർമ്മാണ ചെലവ് നാല് ശതമാനത്തിൽ നിന്ന് രണ്ട് ശതമാനമായി കുറച്ചിരിക്കുന്നത് പുന: പരിശോധിക്കണം. 95% ത്തോളം ശൗചാലയ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള കേരളം പോലൊരു സംസ്ഥാനത്ത് നിർവഹണ ചെലവുകൾക്ക് വെറും രണ്ട് ശതമാനം തുക നല്കുന്നത് ബുദ്ധിമുട്ടുണ്ടാക്കും. സ്റ്റേറ്റ് സ്വച്ഛ്ഭാരത് മിഷൻ, ജില്ലാ സ്വച്ഛ് ഭാരത് മിഷനുകളുടെ മാർഗനിർദ്ദേശങ്ങൾ പ്രകാരം പുതിയ നിർവ്വഹണ ക്രമം ഉണ്ടാക്കണമെങ്കിലും കൂടുതൽ തുക ആവശ്യമായിവരുന്നു. ആകയാൽ കേന്ദ്ര സംസ്ഥാന വിഹിതത്തിന്റെ തോത് നിർമൽ ഭാരത് അഭിയാനിലെ പോലെ 80:20 എന്നാക്കണം.

● വ്യക്തിഗത കക്കൂസുകളുടെ പരിചരണം

വ്യക്തിഗത കക്കൂസുകളുടെ പരിചരണം എന്നൊരു പുതിയ ഘടകം കൂടി സ്വച്ഛ്ഭാരത് മിഷനിൽ ഉൾപ്പെടുത്താവുന്നതാണ്. വ്യക്തിഗത കക്കൂസ് നിർമ്മാണത്തിനായുള്ള ഫണ്ടിൽ നിന്ന് ഒരു നിശ്ചിത ശതമാനം തുക നിലവിലുള്ള വ്യക്തിഗത കക്കൂസുകളുടെ മേൽക്കൂര യോടെയുള്ള പരിചരണത്തിന് മാറ്റിവയ്ക്കാം. ഇതിനായി കക്കൂസ് ഒന്നിന് 5000 രൂപവരെ വിനിയോഗിക്കാൻ കഴിയണം. (ഈ തുക കേന്ദ്ര-സംസ്ഥാനങ്ങൾ 70 : 30 എന്ന നിരക്കിൽ വിഹിതമായി നല്കുകയും വേണം). ഇത് ശൗചാലയ നിർമ്മിതികളുടെ സുസ്ഥിരതയ്ക്ക് ഉപകരിക്കും.

പ്രധാനമന്ത്രി ഗ്രാമസഡക് യോജന

കാടുകളും മേടുകളും വകഞ്ഞുമാറ്റി നാട്ടുപ്രദേശങ്ങളെ പരസ്പരം ബന്ധിപ്പിക്കാൻ നമ്മുടെ ഗ്രാമീണ റോഡുകൾ മാത്രമാണ് ഇന്നും മാർഗം. ഇവയുടെ വികസനം പലപ്പോഴും പലതടസ്സങ്ങളാൽ നീണ്ടുപോകുന്നു. പൊതുജീവിതത്തിന് അവശ്യ സർവ്വീസ് ലഭ്യമാക്കാനായി സ്ഥാപിച്ചിട്ടുള്ള സാമഗ്രികൾ നീക്കം ചെയ്യുന്നതും മാറ്റി സ്ഥാപിക്കുന്നതും വലിയ പ്രശ്നമാകാറുണ്ട്. ഇതിനായി വമ്പിച്ചൊരു തുകയും വേണ്ടി വരുന്നു.

> **ശുചിത്വ കാര്യത്തിൽ കേരളം 95% ത്തോളം മുന്നേറ്റം നടത്തിയിട്ടുണ്ടെങ്കിലും സംസ്ഥാനം ഇന്നും ശുചിത്വ ആരോഗ്യ, മാലിന്യ നിർമ്മാർജന പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. അതുകൊണ്ട് പുതിയ സ്വച്ഛ്ഭാരത് നീക്കത്തിൽ കേരളത്തിന് പ്രത്യേക പരിഗണന ലഭിക്കേണ്ടത് അനിവാര്യമാണ്. ലക്ഷ്യം നേരത്തേ കരഗതമാകാൻ അത് ഉപകരിക്കും.**

ജനസാന്ദ്രതയേറെയുള്ള കേരളത്തിൽ മിക്കപ്പോഴും ആറ് മീറ്റർ മാത്രം വീതിയുള്ള റോഡിന്റെ തീരത്ത് ഇത്തരം യൂട്ടിലിറ്റികളെല്ലാം കാണുന്നതാണ്. അതുകൊണ്ട് യൂട്ടിലിറ്റികൾ നീക്കം ചെയ്യുക എന്നത് നിർമ്മാണ / പുനർനിർമ്മാണ പ്രവർത്തനം തുടങ്ങുന്നതിലെ പ്രധാന തടസ്സമാണ്.

പദ്ധതി തുകയിൽ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് ചാർജ് എന്നൊരു ഇനംകൂടി ഉൾപ്പെടുത്തണം.

● കരാർ ജീവനക്കാരുടെ വേതനം

പദ്ധതിയുടെ നടത്തിപ്പിനായി നിരവധി കരാർ ജോലിക്കാരെ ആവശ്യമായി വരുന്നുണ്ട്. അവരുടെ സേവനം പ്രവർത്തനങ്ങൾക്ക് ശക്തമായ പിന്തുണയുമാണ്. ഇത്തരം ജീവനക്കാർക്കുള്ള വേതനവും ഇതര ആനുകൂല്യങ്ങളും നൽകാൻ വേണ്ടിവരുന്ന തുക, നിർവ്വഹണ ചെലവിൽ നിന്ന് വഹിക്കാൻ അനുമതി നൽകാവുന്നതാണ്. ഇത് ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ഉപകരിക്കും.

● ടെന്റർ അധികരിച്ചു വരുന്ന തുക

പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുമ്പോൾ മിക്കപ്പോഴും ടെന്റർ തുകയെക്കാൾ അധികം ചെലവുവരാറുണ്ട്. മറ്റ് മരാമത്ത് പണികളിൽ എന്നപോലെ പ്രതീക്ഷിത ടെന്റർ അധിക ചെലവ് എന്ന നിലയ്ക്ക് പണം വിനിയോഗിക്കാൻ ഒരു വ്യവസ്ഥ കൂടി ഉൾപ്പെടുത്താവുന്നതാണ്.

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്മെന്റ് ശാക്തീകരണം

ഗ്രാമവികസന, പഞ്ചായത്തീരാജ് അധികാരവികേന്ദ്രീകരണ, ദാരിദ്ര്യ നിർമ്മാർജന പ്രക്രിയകളിൽ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർക്ക് പരിശീലനം നൽകുന്ന കേരളത്തിലെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്മെന്റിൽ കരാർ അടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കാൻ അനുമതി വേണം. നാചുറൽ റിസോഴ്സ് മാനേജ്മെന്റ്, ഇൻഫർമേഷൻ ടെക്നോളജി & ജിയോ ഇൻഫർമാറ്റിക്സ്, ഡീസെൻട്രലൈസ്ഡ് പ്ലാനിംഗ്, ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് എന്നീ വിഭാഗങ്ങളിലും രണ്ട് റിസേർച്ച് അസോസിയേറ്റുമാരെയും കരാർ വ്യവസ്ഥയിൽ നിയമിക്കാൻ അനുമതി വേണം.

ഗ്രാമവികസനം, കാലാവസ്ഥാ വ്യതിയാനം, മാനവശേഷി പരിപാലനം തുടങ്ങിയ വിഷയങ്ങളിൽ ഈ സ്ഥാപനത്തിൽ നിന്ന് ഡിപ്ലോമ/ സർട്ടിഫിക്കറ്റ് കോഴ്സുകൾ തുടങ്ങാൻ അനുമതി വേണം.

ഇവിടെ ഒരു ജിയോ-ഇൻഫർമാറ്റിക്സ് ടെക്നീഷ്യന്റെ തസ്തിക സൃഷ്ടിക്കുകയും അതിനായി ആവർത്തന ചെലവിനത്തിൽ തുക അനുവദിക്കുകയും വേണം.

ഇവിടെ പ്രത്യേക പരിഗണനാ മേഖലകളെക്കുറിച്ച് പഠിപ്പിക്കാൻ ഒരു വികസന സ്കൂൾ / സെന്റർ പ്രവർത്തിപ്പിക്കാവുന്നതാണ്. ഇതിനായി അടിസ്ഥാന മേഖലയിലും സാമ്പത്തിക മേഖലയിലും കേന്ദ്ര സർക്കാറിന്റെ പിന്തുണ വേണം.

സ്ഥാപനത്തിന്റെ നടത്തിപ്പിനായി നൽകിവരുന്ന കേന്ദ്രസർക്കാർ വിഹിതം എല്ലാവർഷവും ആഗസ്റ്റോടെ തന്നെ ലഭ്യമാക്കണം. വർഷംതോറും ആവർത്തന ചെലവ് തുകയിൽ 20 മുതൽ 25% വരെ വർധനയും അനുവദിക്കണം.■

വിയർപ്പു തുള്ളികളിൽനിന്ന് വീണ്ടും വീരചരിതം രചിക്കാൻ

സംസ്ഥാന ഗ്രാമവികസന മന്ത്രിമാരായ എസ്.പി. വേലുമണി (തമിഴ്നാട്), എച്ച്.കെ പാട്ടീൽ (കർണാടക), കെ.ടി. രാമറാവു (തെലുങ്കാന), എൻ.ജി പനീർശെൽവം (പോണ്ടിച്ചേരി)

എ.എ. ഹക്കീം

മണ്ണിൽ പണിയെടുത്ത് വിണ്ണോളം അഭിമാനമുയർത്തുന്നവരാണ് അവിദഗ്ധരെന്ന് സമൂഹം പേരിട്ട് വിളിക്കുന്ന തൊഴിലാളികൾ. അന്യന്റെ പാടത്തും പറമ്പത്തും ആർക്കാണ്ട് വേണ്ടി വല്ലപ്പോഴും കിട്ടുന്ന പണി പക്ഷേ അഷ്ടിക്ക് വകതികയാതെ അവരെ ദുഃഖത്തിലാഴ്ത്തി. തൊഴിലാളിയുടെ വിയർപ്പിന്റെ ഉപ്പും നനവും ആവാഹിച്ച് വിളയെല്ലാം കൊയ്തെടുത്ത മുതലാളി പിന്നെയും പണക്കാരനായപ്പോൾ പണിക്കാരന് വീണ്ടും ഉപ്പ് രുചി മാത്രം - കണ്ണീരിന്റെ.

മുതലാളിമാരുടെ പീഢനം, കരാറുകാരുടെ ചൂഷണം, എല്ലുമുറിയെ പണിയെടുത്താലും പല്ലുനിറയെ ചവയ്ക്കാൻ ഒന്നും കിട്ടാത്ത ദുരവസ്ഥ. അസംഘടിതരും അവിദഗ്ധരുമായ അധ്വാനവർഗത്തിന് രാജ്യത്ത് എന്നും അവഗണനയുടെ അഴുക്കുചാലിലായിരുന്നു സ്ഥാനം. അവരെ അഭിശപ്തമായ അരക്ഷിതാവസ്ഥയും അനിശ്ചിതത്വവും ഒഴിവാക്കി മാന്യവും ഉറപ്പായതുമായ സംഘടിത തൊഴിലിലൂടെ അഭിമാനബോധം ജീവബിന്ദുക്കളിലും സാമ്പത്തിക സുരക്ഷ കീശയിലും ആവാഹിച്ച് പുതിയ സാമൂഹ്യ സൃഷ്ടിപ്പിന് പ്രാപ്തമാക്കിയ വിപ്ലവമായിരുന്നു മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി.

രാജ്യത്തെ മുഴുവൻ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും പണിയെടുക്കാൻ സന്നദ്ധരായ 18 വയസ്സു തികഞ്ഞ എല്ലാവർക്കും വർഷത്തിൽ നൂറുനാൾ തൊഴിലും കൂലിയും ഉറപ്പാക്കിയ നിയമനിർമ്മാണവുമായിരുന്നു അത്. അത്യധ്വാനവും ആത്മാർത്ഥതയും മാത്രം കൈമുതലായ നമ്മുടെ സാധാരണ തൊഴിലാളി വിഭാഗം പഞ്ഞം മാറ്റി അന്നം കഴിച്ചു എന്നത് മാത്രമായില്ല തൊഴിലുറപ്പു പദ്ധതിയുടെ നീക്കിയിരുപ്പ്. അത് ഈ രാജ്യത്തെ ഗ്രാമങ്ങളുടെ വികസന പ്രക്രിയയ്ക്ക് ഗതിവേഗം പകർന്നു നൽകിയ പ്രതിഭാസം കൂടിയായി. അഴുക്കുചാലുകൾ തണ്ണീർ തടങ്ങളായി, കളിസ്ഥലങ്ങൾക്കും തോട്ടങ്ങൾക്കും പാടങ്ങൾക്കും പുതിയ കയ്യാലകളായി, കാർഷിക വിളകൾക്ക് കിളയും നനയുമായി, ഭൂഗർഭ ജലവിതാനം ഉയർത്തുന്ന തടയണകളായി, നട്ടുകുരുത്ത വയ്ക്കെല്ലാം നനക്കാൻ തോടുകളായി, പരമ്പരാഗത കുളങ്ങൾക്കും ജലസ്രോതസുകൾക്കും നവമുഖമായി, കടലോരങ്ങളിൽ, കായൽതീരങ്ങളിൽ, വനഭൂമിയിൽ, തരിശു മണ്ണിൽ എല്ലാം പുതിയ സസ്യങ്ങളും മരങ്ങളും നാമ്പെടുക്കുകയായി, ഉത്പാദന മേഖലയ്ക്ക് വികസനമായി, കിണറുകൾ, കുളങ്ങൾ, ജലസേചന സൗകര്യങ്ങൾ, കയ്യാലകളും പുതിയ സൃഷ്ടിപ്പുകളും നീണ്ടുനിൽക്കാൻ കയർ ഭൂവസ്ത്രങ്ങൾ, പാഴ്ഭൂമി പുതിയ കൃഷിയിടമായി, അയൽക്കാരന്റെ മുറ്റത്ത് ഉയരാനുള്ള ഐ.എ.വൈ പദ്ധതി വീടിന് അടിവാനമായി, കോഴിക്കും ആടിനും തുടങ്ങിയ നാട്ടുമൃഗങ്ങൾക്ക് കൂടുകളൊരുങ്ങി, കൈതൊഴിൽ മേഖലയിൽ വള്ളം, മത്സ്യം എന്നിവക്ക് സൂക്ഷിപ്പുപുരകളായി, കുട്ടികൾക്ക് പുതിയ കളിസ്ഥലങ്ങൾ, ഗ്രാമങ്ങളെ ബന്ധിപ്പിച്ച പുതിയ റോഡുകൾ അങ്ങിനെയങ്ങിനെ നമ്മുടെ ഗ്രാമങ്ങളുടെ വികസന മുന്നേറ്റ പ്രവർത്തനങ്ങളാണ് കഴിഞ്ഞ നാളുകളിൽ നാടു ദർശിച്ചത്. കല്യാണത്തലേന്നത്തെ വധൂഗൃഹം പോലെ നമ്മുടെ ബ്ലോക്ക് പഞ്ചായത്ത് പ്രദേശങ്ങൾക്ക് പുതിയ പ്രതിഛായ കൈവന്ന ഒരു ദശകം.

പിന്നിട്ട നാളുകളിലെ പ്രവർത്തനങ്ങളുടെ കുതിപ്പും കിതപ്പും നേരിട്ടറിഞ്ഞ

അങ്ങനെ ഞാൻ ശുപാർശ ചെയ്യുമോ?

മണർകാട് മാത്യു

വലത്തോട്ടും ഇടത്തോട്ടുമല്ല, അദ്ദേഹം നേരെ തന്നെ നോക്കി. താൻ ഇരിക്കുന്ന കസേരയുടെ മഹത്വവും അന്തസ്സും ആ സ്ഥാനം തന്നെ ഏൽപിച്ചിരിക്കുന്ന നീതി ബോധവും പക്ഷരാഹിത്യ ചിന്തയും ഉള്ളിലുണർത്തി ചിന്തിച്ചു. ഇടതു-വലതു പക്ഷങ്ങൾക്ക് സ്വീകാര്യനും സമ്മതനുമായി - അതായിരുന്നു യശഃശരീരനായ കേരള നിയമസഭാ സ്പീക്കർ ജി. കാർത്തികേയൻ. വ്യക്തമായ കാഴ്ചപ്പാടും ആർജവബോധവും സ്വന്തം പ്രവർത്തനത്തിൽ മാത്രമല്ല, താൻ കൈകാര്യം ചെയ്ത വകുപ്പുകളിലും ഉണ്ടാകണമെന്ന് ഉറച്ചുവിശ്വസിച്ചു കാർത്തികേയൻ. അദ്ദേഹം സാംസ്കാരിക മന്ത്രിയായിരിക്കെ ഒരു വർഷം കേരള സംസ്ഥാന ടി.വി. അവാർഡ് (നോൺ ഫീച്ചർ) കമ്മിറ്റി ചെയർമാൻ സ്ഥാനം എന്നെ ഏൽപ്പിച്ചിരുന്നു. അവാർഡു നിർണയത്തിന് അടുത്ത ദിവസങ്ങളിൽ ചില ആളുകൾക്കും പടങ്ങൾക്കും അവാർഡ് നൽകണമെന്ന് മന്ത്രി (കാർത്തികേയൻ) ശുപാർശ ചെയ്തിട്ടുണ്ടെന്ന് പറഞ്ഞ് ചിലർ എന്നെ സമീപിച്ചു. ഞാൻ പറഞ്ഞു - ''ഇത് ഞാൻ വിശ്വസിക്കുന്നില്ല, അദ്ദേഹത്തെ എനിക്കറിയാം''. കമ്മിറ്റിയിലെ മറ്റംഗങ്ങളും ഇതേ നിലപാട് സ്വീകരിച്ചു. യോഗ്യതയനുസരിച്ച് അവാർഡുകൾ നൽകുകയും ചെയ്തു. പിന്നീടൊരിക്കൽ നേരിൽ കണ്ടപ്പോൾ ഈ സംഭവം ഞാൻ കാർത്തികേയനോട് പറഞ്ഞു. ''ഞാൻ അങ്ങനെ ശുപാർശ ചെയ്യുമെന്ന് മാത്യു സാർ വിശ്വസിക്കുന്നുണ്ടോ?'' എന്ന ചോദ്യമായിരുന്നു മറുപടി.

വായന അറിവുണ്ടാക്കുന്നു; അറിവ് സംസ്കാരവും എന്നു വിശ്വസിക്കുന്ന നല്ലൊരു വായനക്കാരനായിരുന്നു ജി. കാർത്തികേയൻ. കടം വാങ്ങുന്ന പുസ്തകങ്ങൾ കേടുകൂടാതെ മടക്കികൊടുക്കുന്ന തിലുണ്ടായിരുന്ന നിഷ്കർഷയെ പ്രശംസിക്കുന്ന ആളായിരുന്നു അദ്ദേഹം. നിയമസഭാംഗങ്ങൾ വായിക്കണം, വായനയിലൂടെ ജനജീവിതത്തെ മാത്രമല്ല നിയമസഭാ ചട്ടങ്ങളും നിയമങ്ങളും അറിയണമെന്നും സ്പീക്കർ കാർത്തികേയൻ ചിന്തിച്ചു. പുസ്തകം വാങ്ങാൻ ഓരോ സാമാജികനും 15000 രൂപവീതം അദ്ദേഹം അനുവദിച്ചു.

സൗഹൃദം കാത്തുസൂക്ഷിക്കുന്നതിൽ വ്യഗ്രതയുള്ള പൊതുപ്രവർത്തകനായിരുന്നു ജി.കെ. എത്ര തിരക്കിലാണെങ്കിലും ആളെ തിരിച്ചറിഞ്ഞ് ഒരു പുഞ്ചിരിയോടെ അദ്ദേഹം സംസാരിച്ചു. അടുത്തെത്താൻ കഴിയാത്ത അവസരത്തിലാണെങ്കിൽ ഒരു നോട്ടം കൊണ്ടെങ്കിലും സ്നേഹം അറിയിച്ചു, സൗഹൃദം പങ്കിട്ടു.

മറഞ്ഞിരുന്നാലും മറക്കില്ല നാം ആ മധുരസൗഹൃദം.

വിദഗ്ധരും പദ്ധതിക്ക് ഊടുംപാവും ചേർത്ത ഭരണ സാരഥികളും ഒരുനാൾ ഒത്തിരുന്നപ്പോൾ അത് അധ്വാനിക്കുന്ന തൊഴിലാളി വർഗത്തിന്റെ കായശേഷി എങ്ങിനെ കൂടുതൽ പ്രത്യുൽപാദനപരമാക്കാമെന്നതിന്റെ തലനാരിഴ കീറിയ വിശകലനത്തിന് വേദിയായി.

ആന്ധ്ര, തെലുങ്കാന, കർണ്ണാടക, തമിഴ്നാട്, ഗോവ, പോണ്ടിച്ചേരി, കേരളം, ആൻഡമാൻ നിക്കോബാർ, ലക്ഷദ്വീപ് തുടങ്ങിയ സ്ഥലങ്ങളിലെ ഗ്രാമവികസന/തദ്ദേശ സ്വയംഭരണ മന്ത്രിമാരും ഗ്രാമീണ മേഖലയിലെ തൊഴിലുറപ്പിന്റെ ചുമതല നോക്കുന്ന സീനിയർ ഉദ്യോഗസ്ഥരും ഒത്തിരുന്ന് നടത്തിയ ചർച്ചകൾ ഏത് തൊഴിലാളി പ്രസ്ഥാനത്തിലെയും നേതാക്കളുടെ ഗഹന പഠനങ്ങളോടും കിടപിടിക്കുന്നതായി - അല്ല അത്തരക്കാർക്കുപോലും ചിന്തയ്ക്കും പ്രവൃത്തിക്കും പുതിയ പന്ഥാവൊരുക്കുന്നതായി.

കേന്ദ്ര ഗ്രാമവികസന മന്ത്രി ചൗധരി ബീരേന്ദ്ര സിംഗ്, സംസ്ഥാന ഗ്രാമവികസന മന്ത്രിമാരായ എസ്.പി. വേലുമണി (തമിഴ്നാട്), എച്ച്.കെ പാട്ടീൽ (കർണാടക), കെ.ടി. രാമറാവു (തെലുങ്കാന), എൻ.ജി പനീർശെൽവം (പോണ്ടിച്ചേരി), ആന്റമാൻ നിക്കോബാർ ലഫ് ഗവർണർ ജനറൽ എ.കെ.സിംഗ് എന്നിവരും, ഉദ്യോഗസ്ഥ പ്രമുഖരായ എസ്.എം. വിജയാനന്ദ്, ആർ. സുബ്രഹ്മണ്യം, എസ്. പി. വസിഷ്ഠ്, രാജേഷ് മക്കാർ, ഡോ. ഇന്ദർജിത്ത്സിംഗ്മാൻ, ഗഗൻദീപ് സിംഗ് ബേദി, കെ. ഭാസ്കരൻ, പി. പൊന്നയ്യ, എസ്. മുരളീധരൻ, പി. ചന്ദ്രശേഖരൻ, ടി.എം.വിജയ ഭാസ്കർ, പി.സി.റായ്, ശ്രീനിവാസ്, ശശിഭൂഷൺ കുമാർ, കരുണ വകതി, സൗമ്യകിദംബരി, റെയ്മണ്ട് പീറ്റർ, ഡി.വെങ്കടേശ്വരലു, പി. പാർത്ഥിഭൻ, ഡി. മണികണ്ഠൻ, പി. മിഗ്ദാദ്, എൻ.കെ ശർമ എന്നിവരും കേരളത്തിൽ നിന്ന് മുഖ്യ സംഘാടക ഉദ്യോഗസ്ഥരായി തദ്ദേശ സ്വയം ഭരണ പ്രിൻസിപ്പൽ സെക്രട്ടറി ജയിംസ് വർഗ്ഗീസ്, തദ്ദേശ സ്വയംഭരണ സെക്രട്ടറി ഡോ. രാജൻ ഖോബ്രഗഡെ, സംസ്ഥാന ഗ്രാമവികസന കമ്മീഷണർ കെ.വി. മോഹൻകുമർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ ഡോ.എ. കൗഷിഗൻ, ശുചിത്വ മിഷൻ ഡയറക്ടർ ഡോ.കെ വാസുകി തുടങ്ങിയവർ ഒത്തിരുന്നപ്പോൾ അത് പദ്ധതി നടത്തിപ്പിന്റെ ഗുണദോഷങ്ങൾ ചികഞ്ഞെടുത്ത ചർച്ചാവേദിയായി.

സമ്മേളന സംഘാടനം കുറ്റമറ്റതാക്കാൻ സെക്രട്ടറിയുടെയും ഗ്രാമവികസന കമ്മീഷണറുടെയും നേതൃത്വത്തിൽ സ്വാഗതസംഘവും പ്രവർത്തിച്ചു. കെ. ഷൗക്കത്താലി (റിസപ്ഷൻ & രജിസ്ട്രേഷൻ) പി.കെ. മോഹനൻ (അക്കമഡേഷൻ & ആതിഥ്യം) ഇ. ശ്രീകുമാർ (ഗതാഗതം) എസ്. സഹീറുദ്ദീൻ (പ്രൊട്ടോകോൾ) ബി. എസ്. തിരുമേനി (പ്രോഗ്രാം), വി.എസ്. സന്തോഷ് കുമാർ (ഹെൽപ്പ് ഡസ്ക്) എസ്. ഉണ്ണികൃഷ്ണൻ നായർ (ആരോഗ്യം & സുരക്ഷ) എൻ. അശോകകുമാർ (എക്സിബിഷൻ & ഡോക്യുമെന്റേഷൻ) ജോർജ് ജേക്കബ് (ഫീൽഡ് വിസിറ്റ്) എ. അബ്ദുൽ ഹക്കിം (മീഡിയ & പബ്ലിസിറ്റി) ജേക്കബ് കോശി (ധനകാര്യം) എന്നിവർ സബ്കമ്മിറ്റി ടീം ലീഡർമാരായി പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി.■

സംസ്ഥാന ഗ്രാമവികസന വകുപ്പിന്റെ പ്രചാരണ വിഭാഗമായ റൂറൽ ഇൻഫർമേഷൻ ബ്യൂറോ കോവളത്ത് ദക്ഷിണേന്ത്യൻ ഗ്രാമവികസന മന്ത്രിമാരുടെ സമ്മേളനത്തിൽ ഒരുക്കിയ പ്രത്യേക പ്രദർശനം കേന്ദ്ര ഗ്രാമവികസന മന്ത്രി ചൗധരി ബീരേന്ദ്ര സിംഗ് കേരള മുഖ്യമന്ത്രി ഉമ്മൻചാണ്ടി എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു. സംസ്ഥാന ഗ്രാമവികസന മന്ത്രിമാരായ കെ.സി. ജോസഫ് (കേരളം), എസ്.പി. വേലുമണി (തമിഴ്നാട്), എച്ച്.കെ പാട്ടീൽ (കർണാടക), കെ.ടി. രാമറാവു (തെലുങ്കാന), എൻ.ജി പനീർശെൽവം (പോണ്ടിച്ചേരി), കേരള തദ്ദേശ സ്വയംഭരണ സെക്രട്ടറി രാജൻ കോബ്രഗഡെ, ഗ്രാമവികസന കമ്മീഷണർ കെ.വി. മോഹൻകുമാർ എന്നിവരെയും കാണാം.

ക്യാമറ കണ്ണുകൾക്ക് കയ്യടി

എ. ലത്തീഫ ബീവി

പൊട്ടിച്ചിരിപ്പിക്കാനും കണ്ണീർ വീഴ്ത്താനും, വികസനവാർത്തകൾക്ക് കഴിയില്ല. എന്നാൽ ക്യാമറ കണ്ണിൽ പകർത്തിയ വികസനത്തിന്റെ ദൃശ്യമുഹൂർത്തങ്ങൾക്ക് കയ്യടി വാങ്ങാൻ കഴിയുമെന്ന് തെളിയിക്കുന്നതായി റൂറൽ ഇൻഫർമേഷൻ ബ്യൂറോ കോവളത്ത് ഒരുക്കിയ പ്രദർശനം.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്യാനെത്തിയ കേന്ദ്രഗ്രാമവികസന മന്ത്രിയും സംസ്ഥാന മുഖ്യമന്ത്രിയും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഗ്രാമവികസന മന്ത്രിമാരും ഉയർന്ന ഉദ്യോഗസ്ഥരും ഇതൊരു ദൃശ്യവിരുന്നായി ആസ്വദിച്ചതും അനിതര സാധാരണ സംഭവമായി.

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഗ്രാമവികസന മന്ത്രിമാരുടെ പ്രത്യേക സമ്മേളനത്തിന്റെ ഭാഗമായാണ് 2015 ജനുവരി ആറിന് പ്രദർശനം സജ്ജമാക്കിയത്. ജനപങ്കാളിത്തത്തോടെ സുതാര്യവും സാമൂഹിക ജാഗ്രതയും ഫലക്ഷമതയും നിയമസുരക്ഷയും ലഭിച്ച തൊഴിലുറപ്പു പദ്ധതി, വ്യക്തിയുടേയും സമൂഹത്തിന്റെയും മനോഭാവത്തിൽ അനുകൂലമാറ്റം വരുത്തുന്ന ശുചിത്വ പദ്ധതികൾ, അന്യം നിന്നുപോയ നെൽപാടങ്ങളിൽ പൊൻകതിർ വിളയിക്കുന്ന ഒരു പുത്തൻ സംസ്കാരത്തിന്റെ പദനിസ്വരത്തിന് കാതോർത്ത് മഹിളാ കിസാൻ സശാക്തികരൺ യോജന, വരാൻ പോകുന്ന പുതിയ കാലത്തിന്റെ തിരിച്ചറിവായി അതിജീവനത്തിന്റെ ജൈവപ്രക്രിയ സംരക്ഷിക്കാനായി നീർത്തട വികസനപദ്ധതികൾ പുരുഷനൊപ്പം സ്ത്രീയ്ക്കും ജീവിതത്തിന്റെ ഊടും പാവും നെയ്യാനുതകുന്ന സൈൻ പദ്ധതി, പരമ്പരാഗത കൈത്തൊഴിലും സുവർണ്ണനാരും ചേർന്ന സെറികൾച്ചർ പ്രവർത്തനങ്ങൾ, പ്രകൃതിക്കും മനുഷ്യനും നിലനിൽപ്പിന് നിദാനമായ ജലസംരക്ഷണത്തിന്റെ ഉത്സവ പ്രതീതി ഉണർത്തുന്ന ഗ്രാമദൃശ്യങ്ങൾ ജീവിതം മുഴുവൻ വീട് എന്ന സ്വപ്നം നെഞ്ചിലേറ്റി - ഒടുവിൽ ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്തോടെ അത് നേടാനായതും ഗ്രാമത്തിലെ വിവിധ ലിങ്ക് റോഡുകളെ സഡക്ക് പദ്ധതിയിലൂടെ കൂട്ടിയിണക്കുന്നതും ഒക്കെയായി ഗ്രാമീണ കേരളത്തിന്റെ വികസന ഭൂപടം എങ്ങിനെ പുതിയ തലങ്ങളിലേക്ക് പടരുന്നു എന്ന് നോക്കിക്കാണാൻ വി.വി.ഐ.പി കൾ മുക്കാൽ മണിക്കൂറോളം പവലിയനിൽ ചെലവിട്ടു. നിറപറയും പൊൻകതിരും സാക്ഷിയാക്കി മുഖ്യമന്ത്രി ഉമ്മൻചാണ്ടിയും കേന്ദ്ര ഗ്രാമവികസനമന്ത്രി ചൗധരി ബീരേന്ദ്രസിംഗും ചേർന്ന് ഭദ്രദീപം തെളിയിച്ചപ്പോൾ സംസ്ഥാനത്തേയും ദില്ലി ഉൾപ്പെടെയുള്ള അന്യസംസ്ഥാനങ്ങളിലെയും മീഡിയകൾ അത് മറ്റൊരു പ്രദർശന ചരിത്രത്തിലേക്കായി ഒപ്പിയെടുത്തു.

വൈകുന്നേരം നടന്ന അവലോകന യോഗത്തിൽ വകുപ്പ് സെക്രട്ടറിയുടെ പ്രത്യേക പരാമർശനത്തിനും പ്രദർശനം അർഹമായി.■

ഇത് കേരള മോഡൽ: ആർ.ഐ.ബി ഒരുക്കിയ പ്രദർശനത്തിൽ സംസ്ഥാന മുഖ്യമന്ത്രി ഉമ്മൻചാണ്ടി, കേന്ദ്ര ഗ്രാമവികസന മന്ത്രി ചൗധരി ബീരേന്ദ്ര സിംഗ്, വകുപ്പ് മന്ത്രി കെ.സി. ജോസഫ്, കൊല്ലം ജില്ലാ കളക്ടർ ഡോ. എ. കൗശിഗൻ തുടങ്ങിയവർ ചിത്രങ്ങളും പ്രസിദ്ധീകരണങ്ങളും കാണുന്നു.

റൂറൽ ഇൻഫർമേഷൻ ബ്യൂറോയിൽ അസിസ്റ്റന്റ് ക്യാമ്പയിൻ ഓഫീസറാണ് ലേഖിക.

ശ്രദ്ധ
അടിസ്ഥാനവർഗങ്ങൾക്കുള്ള പ്രത്യേക കാമ്പെയിൻ

സി.വി.ജോയി വയനാട്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണം ഒൻപത് വർഷം പിന്നിടുമ്പോൾ ദരിദ്ര ജനവിഭാഗങ്ങളുടെ ഇടയിൽ ഒരു പുതിയ അവകാശബോധം അത് സൃഷ്ടിച്ചിട്ടുണ്ട് എന്ന് കാണാവുന്നതാണ്. വികസനം, എന്റെ അവകാശം എന്ന ബോധത്തിൽ നിന്നും ഉളവായിട്ടുള്ള ആത്മവിശ്വാസവും തന്റേടവുമാണ് അതിന്റെ പിന്നിലെ പ്രേരകശക്തി. അഴിമതി ലവലേശമില്ലാതെ, ഏറ്റവും സുതാര്യമായി പദ്ധതിയുടെ നിർവ്വഹണം നടത്തുന്നതിലൂടെ സാധാരണക്കാരും പാവപ്പെട്ടവരുമായ അടിസ്ഥാന ജനവിഭാഗങ്ങൾക്ക് അർഹമായ മുഴുവൻ ആനുകൂല്യങ്ങളും അവരിലേയ്ക്ക് തന്നെ പൂർണ്ണമായി ഒഴുകിയെത്തുന്നുവെന്നതാണ് ഈ അവകാശ ബോധത്തിന്റെ ആധാരശില. നാളിതുവരെ ഇത്തരം വികസന പ്രവർത്തനങ്ങളിൽ നിന്ന് മുഖം തിരിഞ്ഞ് നില്ക്കുകയോ അകറ്റി നിർത്തുകയോ ചെയ്തിരുന്ന ഭിന്ന ശേഷിയുള്ളവർ, വൃദ്ധർ, വിധവകൾ, പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗങ്ങൾ എന്നീ പ്രത്യേക പരിഗണന അർഹിക്കുന്ന മുഴുവൻ ജനവിഭാഗങ്ങളും വൻതോതിൽ ഒരു വികസനപ്രക്രിയയിൽ അണിചേർന്നത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെയാണ്. എന്നിരുന്നാലും ഈ പദ്ധതിയിൽ അവശ്യം അണിചേരേണ്ട പട്ടികജാതി, പട്ടികവർഗ്ഗ, ധീവരവിഭാഗങ്ങൾ പൂർണ്ണതോതിൽ ഇനിയും ഈ പദ്ധതിയുടെ അവകാശികളായി മാറിയിട്ടില്ലായെന്ന് കാണാവുന്നതാണ്.. ഈ പദ്ധതിയുടെ നേരവകാശികളായ അത്തരം കുടുംബങ്ങളെ കണ്ടെത്തി അവരെ ഇതിന്റെ ഭാഗഭാക്കുകളാക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിരിക്കുന്ന പ്രത്യേക പരിപാടിയാണ് ശ്രദ്ധ. വികസന പ്രക്രിയയുടെ പുറമ്പോക്കിൽ കഴിയുന്നതിന് വിധിക്കപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, ധീവര സമുദായങ്ങളിൽ വികസനം അവരുടെ അവകാശമാണ് എന്ന അവബോധം സൃഷ്ടിച്ച്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അവരെ പങ്കാളികളാക്കുകയാണെന്നതാണ് ശ്രദ്ധയുടെ ആത്യന്തിക ലക്ഷ്യം. ചുരുക്കിപ്പറഞ്ഞാൽ നാളിതുവരെ പലകാരണങ്ങളാൽ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും ഒഴിഞ്ഞു നിൽക്കുകയോ മാറ്റി നിർത്തപ്പെടുകയോ ചെയ്ത പട്ടികജാതി - പട്ടിക വർഗ്ഗമടക്കമുള്ള അടിസ്ഥാന ജനവിഭാഗങ്ങളിലേക്ക് ഈ പദ്ധതിയുടെ നേട്ടങ്ങൾ എത്തിക്കുന്നതിന് സംസ്ഥാന സർക്കാർ ശ്രദ്ധാപൂർവ്വം നടത്തുന്ന ഇടപെടലുകളെയാണ് 'ശ്രദ്ധ' എന്നു പറയുന്നത്.

വികസന പ്രക്രിയയുടെ പുറമ്പോക്കിൽ കഴിയുന്നതിന് വിധിക്കപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, ധീവര സമുദായങ്ങളിൽ വികസനം അവരുടെ അവകാശമാണ് എന്ന അവബോധം സൃഷ്ടിച്ച്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അവരെ പങ്കാളികളാക്കുകയാണെന്നതാണ് ശ്രദ്ധയുടെ ആത്യന്തിക ലക്ഷ്യം.

കേരളത്തിൽ ഏറ്റവും ശ്രദ്ധ അർഹിക്കുന്ന അടിസ്ഥാന വിഭാഗം ആദിവാസി സമൂഹമാണ്. അവരിൽ തന്നെ പണിയരും കാട്ടുനായ്ക്കരും അടിയരും കൊറഗ

രും, ഇരുളരും, മുഡുകരും കൂടുതൽ പരിഗണനയും പ്രത്യേക ശ്രദ്ധയും ആവശ്യപ്പെടുന്നുണ്ട്. നാളിതുവരെ നാം സ്വീകരിച്ചുപോന്ന രീതിശാസ്ത്രങ്ങളിലും (Methodology) സമീപനങ്ങളിലും (Approaches) ഒരു അഴിച്ചുപണി നടത്തിയാൽ മാത്രമേ ഈ പദ്ധതിയുടെ അവകാശികളെ ഇതിൽ പങ്കാളികളാക്കുവാൻ സാദ്ധ്യമാവൂ. അതു കൊണ്ടുതന്നെ എന്തുകൊണ്ടു ഈ വിഭാഗങ്ങൾ ഒരു പരിധിവരെ പദ്ധതിയിൽ നിന്നും ഒഴിഞ്ഞുനിൽക്കുന്നുവെന്ന അന്വേഷണത്തിൽ നിന്നു മാത്രമേ ശ്രദ്ധ മുന്നോട്ട് വെയ്ക്കുന്ന രീതിശാസ്ത്രങ്ങളെ പിൻപറ്റി നമുക്ക് മുന്നേറുവാൻ കഴിയൂ.

പരമ്പരാഗതമായി കർഷകരല്ലാത്ത ഒരു ആദിവാസി വിഭാഗത്തിനുവേണ്ടി നാം ആവിഷ്ക്കരിക്കുന്ന കാർഷികവികസന പരിപാടികളെ അവർ സ്വാംശീകരിക്കുന്നതിനും സ്വീകരിക്കുന്നതിനും കാലമേറെയെടുക്കും. കൃഷിയെ ആശ്രയിക്കാതെ കാടുമായി ബന്ധപ്പെട്ടു ജീവിച്ചുപോന്ന ഒരു ആദിവാസി വിഭാഗത്തിന് കുരുമുളകു വള്ളികളും തെങ്ങിൻ തൈകളും വിതരണം ചെയ്യുന്നതിലൂടെ ഒറ്റയടിക്ക് അവരെ കർഷകരാക്കുവാൻ നടത്തുന്ന ശ്രമങ്ങളുടെ പൊള്ളത്തരം നാം തിരിച്ചറിയേണ്ടതുണ്ട്. കൃഷിഭൂമി പൊതുവായി കണക്കാക്കി പുനഃകൃഷിയിലൂടെ നാനാവിധ ഭക്ഷ്യവിളകളിറക്കി ഭക്ഷ്യസുരക്ഷ ഉറപ്പാക്കിയിരുന്ന ഒരു ജനവിഭാഗത്തെ നാണ്യവിളകളിലേക്ക് പറിച്ചുനടാൻ കാലമെടുക്കും. അതുകൊണ്ടു തന്നെ ആദിവാസികൾ അവരുടെ കൃഷിഭൂമി തരിശിട്ടതിനുശേഷം പട്ടിണി കിടക്കുന്നുവെന്ന ആക്ഷേപം ചൊരിയുന്നവർ ആദിവാസി സംസ്ക്കാരത്തിന്റെ ഇത്തരം തനതു പ്രത്യേകതകൾ അറിയാത്തവരാണ്. പശുവിന്റെയും ആടിന്റെയും പാൽ അതിന്റെ കുട്ടികൾക്ക് നുകർന്നു കുടിക്കുവാനുള്ളതാണ് എന്ന് വിശ്വസിക്കുന്ന പട്ടിക വർഗ്ഗ സമൂഹം അവർക്കു പദ്ധതി സഹായമായി കിട്ടിയ കറവമാടിനെ കിട്ടിയ വിലക്ക് വിറ്റു കളയുന്നത് പാൽ കറന്ന് വിൽക്കൽ അവരുടെ സാംസ്ക്കാരിക സവിശേഷതകൾക്ക് അന്യമായ ഒരു ജീവിതോപാധി ആയതുകൊണ്ടുകൂടിയാണ്. സ്വകാര്യ സ്വത്തിനെക്കുറിച്ചോ, പരമ്പരാഗതമായി സ്വത്തു കൈമാറുന്നതിനെക്കുറിച്ചോ, സ്വകാര്യ സമ്പാദനത്തെക്കുറിച്ചോ, ആശങ്കകളും ആകുലതകളുമില്ലാത്ത ആദിവാസി സമൂഹം അന്നന്നത്തെ അപ്പത്തിനുവേണ്ടി മാത്രം അദ്ധ്വാനിക്കുന്നത് പൊതു സമൂഹത്തിന് മനസ്സിലാവാത്തതിൽ അത്ഭുതമില്ല.

അവർക്കു വേണ്ടി ആവിഷ്ക്കരിക്കുന്ന മിക്ക വികസന പരിപാടികളിലും അവർ കാഴ്ചക്കാരായി നിൽക്കുന്നു എന്നതാണ് ഈ മേഖല നേരിടുന്ന എറ്റവും വലിയ വെല്ലുവിളി. ഒരു ജനസമൂഹം അവർക്കുവേണ്ടി നടപ്പാക്കുന്ന വികസന പദ്ധതിയെ സ്വീകരിക്കുകയും സ്വാംശീകരിക്കുകയും ഏറ്റെടുക്കുകയും ചെയ്യുന്നില്ലെങ്കിൽ ബാഹ്യ ഇടപെടലുകൾക്കും അഴിമതിക്കും ഫണ്ടിന്റെ ദുരുപയോഗത്തിനും അത് എളുപ്പം ഇടയാക്കും. അവശ ജനവിഭാഗങ്ങൾ കാഴ്ചക്കാരായി നിൽക്കുമ്പോൾ ഇടത്തട്ടുകാരുടെ ഇടപെടലുകൾക്ക് പ്രസക്തിയേറും. അർഹമായ ആനുകൂല്യങ്ങളുടെയും ധനസഹായത്തിന്റെയും ചോർച്ചയാണ് ഇതിന്റെ ആത്യന്തികഫലം. ദാരിദ്യം, അജ്ഞത, അഴിമതി എന്നീ ദൂഷിത വലയത്തിൽ നിന്നും ഒരിക്കലും പുറത്തു കടക്കുവാൻ കഴിയാതെ പോകുന്നുവെന്നത് ഗോത്രസമൂഹം നേരിടുന്ന ഒരു സത്വപ്രതിസന്ധിയാണ്. ഈ ദൂഷിത വലയം തകർക്കുകയെന്നത് ശ്രദ്ധയെന്ന കാംപെനിലൂടെ (Campaign) പ്രത്യേകം ലക്ഷ്യമിട്ടിരിക്കുന്നു.

പദ്ധതികളുടെയും പ്രോജക്ടുകളുടെയും അവിഭാജ്യഭാഗമെന്നോണം നടത്തപ്പെടുന്ന എണ്ണമറ്റ സർവ്വെകൾക്ക് ഉത്തരം നൽകി മനം മടുത്തതിലൂടെ ഉണ്ടായ നിസ്സംഗത, പഠനയാത്രാ സംഘങ്ങൾ എന്ന പേരിൽ എത്തുന്ന പിക്നിക് ഗ്രൂപ്പുകളുടെ ഗിനിപിഗുകളായി വേഷം കെട്ടേണ്ടി വരുന്നതിലൂടെ സ്വയം അനുഭവിക്കേണ്ടി വരുന്ന ആത്മനിന്ദ, കൊട്ടും കുരവയുമായി ആഘോഷപൂർവ്വം തുടങ്ങിയ പല വികസന പ്രവർത്തനങ്ങളും പാതി വഴിയിലുപേക്ഷിച്ച് പോകുന്നതിന്റെ ഇരകളാകുവാൻ വിധിക്കപ്പെട്ടതിന്റെ അമർഷം എന്നിവയെല്ലാം പുതിയ പദ്ധതികളെയും നവ ആശയങ്ങളെയും സംശയത്തോടെ വീക്ഷിക്കുവാൻ ഈ സമൂഹത്തിന് പ്രേരണയാകുന്നുവെന്നതിൽ തർക്കമില്ല. അതുകൊണ്ടു തന്നെ ഈ ജനസമൂഹത്തിന്റെ വിശ്വാസവും താൽപര്യവും വീണ്ടെടുക്കുന്ന പ്രവർത്തനങ്ങൾക്കാണ് ശ്രദ്ധയിൽ ആദ്യം ഊന്നൽ നൽകുന്നത്.

ഇതിന്റെ ആദ്യ പടിയായി ഈ ജനസമൂഹവുമായി ഊഷ്മളമായ ബന്ധം സ്ഥാപിക്കുന്നതിനുള്ള (Rapport Building) പ്രവർത്തനങ്ങളാണ് തുടങ്ങി വെക്കേണ്ടത്. പങ്കാളിത്ത പഠന പ്രക്രിയയുടെ (Participatory Rural Appraisal) പാഠങ്ങളും രീതികളും ഇതിനുവേണ്ടി പ്രയോജനപ്പെടുത്തുവാൻ കഴിയണം. പട്ടികജാതി - പട്ടികവർഗ്ഗ ഊരുകളിൽ ശ്രദ്ധയുടെ പ്രവർത്തനങ്ങൾ പങ്കാളിത്ത പഠനാവലോകനത്തിലൂടെ തുടങ്ങാവുന്നതാണ്. ഇങ്ങനെ ചെയ്യുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം മനസ്സിരുത്തണം.

- ഊരുകളിലെ പങ്കാളിത്ത പഠനാവലോകനം സമയമെടുത്തും ധൃതിവെക്കാതെയും ചെയ്യേണ്ടതാണ്. ഊരു സന്ദർശിക്കുന്ന ടീമംഗങ്ങൾ ഒരു ദിവസമെങ്കിലും കോളനിയിൽ ചെലവഴിക്കണം. തുടക്കത്തിൽ വിമുഖതയോടെയും, വിശ്വാസക്കുറവോടെയും മാറി നിൽക്കുവാൻ ശ്രമിക്കുന്ന ഊരുനിവാസികളുടെ വിശ്വാസവും താത്പര്യവും പതുക്കെ പതുക്കെ കൂടി വരുന്നത് കാണുവാൻ സാധിക്കും. രണ്ടു മൂന്നു മണിക്കൂറുകൾ കഴിയുന്നതോടെ ഊരു നിവാസികളും ടീമംഗങ്ങളും ഒരേ മനസ്സോടെ പ്രവർത്തിക്കുവാൻ തുടങ്ങും.
- ടീമംഗങ്ങൾ ഊരു നിവാസികളുമായി പരമാവധി താദാത്മ്യം പ്രാപിക്കുവാൻ ശ്രമിക്കണം. ചർച്ചകളിലും മറ്റും പങ്കെടുക്കുന്നത് അവരുടെ ഇടയിൽ ഇരുന്ന് കൊണ്ടായിരിക്കണം. ടീമംഗങ്ങൾക്കുവേണ്ടി പ്രത്യേകം കസേരകൾ തയ്യാറാക്കുക, വേദിയൊരുക്കുക മുതലായവയെല്ലാം ഊരുനിവാസികളുമായിട്ടുള്ള അകലം വർദ്ധിപ്പിക്കുകയേയുള്ളൂ.
- ഊരു നിവാസികൾ ഭക്ഷണപാനീയങ്ങൾ പങ്കുവെക്കുവാൻ തയ്യാറാവുക

യാണെങ്കിൽ വിമുഖത കൂടാതെ അതിൽ പങ്കു ചേരണം. അല്ലാത്ത പക്ഷം അതവരുടെ ആത്മാഭിമാനത്തിന് മുറിവേൽപ്പിക്കും.

- ചോദ്യം ചെയ്യൽ രൂപത്തിലുള്ള ചോദ്യോത്തര രീതി ഒഴിവാക്കുകയും കൂടുതൽ സമയം അവരിൽ നിന്നും കേൾക്കുവാൻ ശ്രദ്ധിക്കുകയും വേണം.
- ഊരുനിവാസികൾ പല കാര്യത്തിലും അജ്ഞരാണെന്നും അവർക്ക് മിക്ക വിഷയങ്ങളിലും അറിവില്ലായെന്നുമുള്ള മുൻവിധി പാടേ ഇല്ലാതായതിനുശേഷമേ ഊരുകളിലേക്ക് ടീമംഗങ്ങൾ പോകുവാൻ പാടുള്ളൂ. നൂറ്റാണ്ടുകളായി കാടുകളുടെ സമൃദ്ധിയിൽ സർക്കാർ സഹായങ്ങളൊന്നുമില്ലാതെ ജീവിച്ചുപോന്ന ഒരു ജനതയാണ് അവർ എന്ന തിരിച്ചറിവും ബോധവും ടീമംഗങ്ങൾക്കുണ്ടായിരിക്കണം.

ഇത്തരം പെരുമാറ്റത്തിലൂടെയും പ്രവർത്തനങ്ങളിലൂടെയും ടീമംഗങ്ങൾ ഊരുനിവാസികളെ അംഗങ്ങളെപ്പോലെയാണെന്ന സാഹചര്യം സൃഷ്ടിച്ചശേഷമായിരിക്കണം പങ്കാളിത്ത പഠനപ്രക്രിയയുടെ സങ്കേതങ്ങൾ പ്രയോഗിക്കേണ്ടത്. എങ്കിൽ മാത്രമേ ഊരു നിവാസികളുടെ ആത്മാർഥതയും നിർലഭവുമായ സഹകരണവും പങ്കാളിത്തവും സഹവർത്തിത്വവും ലഭിക്കുകയുള്ളൂ.

ഊരിന്റെ അവസ്ഥ മനസ്സിലാക്കുന്നതിനും നാളിതുവരെ കൈവരിച്ച വികസനത്തിന്റെ തോത് തിരിച്ചറിയുന്നതിനും ഏറ്റവും ഫലപ്രദമായി ഉപയോഗിക്കാവുന്ന ടൂളുകൾ (PRA Tools) സാമൂഹ്യ ഭൂപടം (Social Map) വിഭവ ഭൂപടം (Resource Map) ചപ്പാത്തി ഡയഗ്രം (Venn Diagram) എന്നിവയാണ്. നിറങ്ങളും, ഇലകളും പൂക്കളും മണലും മണ്ണുമെല്ലാം ഉപയോഗിച്ച് സാമൂഹ്യഭൂപടവും വിഭവ ഭൂപടവും തയ്യാറാക്കുമ്പോൾ സാധാരണക്കാരിൽ സാധാരണക്കാരായ ഊരുനിവാസികളുടെ ജിജ്ഞാസയും താൽപര്യവും ഉണരുന്നുവെന്നുമാത്രമല്ല അവയുപയോഗിച്ച് ഊരിന്റെയോ ഗ്രാമത്തിന്റെയോ അവസ്ഥ വരച്ചുണ്ടാക്കുവാനും കഴിയുന്നു. വീട്ടുമുറ്റത്തോ കളിസ്ഥലത്തോ പൊതുസ്ഥലത്തോ മണ്ണിലെ വലിയ ക്യാൻവാസിൽ ഇവ വരയ്ക്കുമ്പോൾ ഊരിലെ എല്ലാവരുടേയും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിലെ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ കഴിയുന്നു. കടലാസ്സിലെ കണക്കെടുപ്പിനു പകരം അടിസ്ഥാന ജനവിഭാഗങ്ങൾ അവർക്കറിയുന്ന രചനാരീതികൾ ഉപയോഗിച്ച് അവരുടെ അവസ്ഥ വരച്ചുകാട്ടുന്ന ജനകീയ പ്രക്രിയയായി കണക്കെടുപ്പും വിലയിരുത്തലും മാറുന്നു. മുകൾത്തട്ടിൽ നിന്നും ആരൊക്കെയോ വന്ന് ചോദ്യങ്ങൾ ചോദിച്ച് ഉത്തരങ്ങൾ എഴുതിയെടുക്കുന്നത് മാറി ചോദ്യങ്ങൾ ചോദിക്കുവാനും ഉത്തരങ്ങൾ അന്വേഷിക്കുവാനുമുള്ള ഉത്തരവാദിത്വം ഊരുനിവാസികളുടേതായി മാറുന്നു. അവരുമൊത്ത് പദ്ധതി പ്രദേശത്ത് നടത്തുന്ന തലങ്ങും വിലങ്ങുമുള്ള യാത്ര (Transect Walk) അവരുടെ പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്തുവാനുള്ള ഏറ്റവും ഫലപ്രദമായ ആസൂത്രണഉപാധിയും ഉപകരണവുമായി മാറുന്നു. പലപ്പോഴും നാളിതുവരെ കണ്ടെത്തുവാൻ കഴിയാതെ പോയ ഒട്ടേറെ വികസനസാദ്ധ്യതകളുടെ സ്രോതസ്സുകൾ ഈ തലങ്ങും വിലങ്ങും യാത്രയിൽ കണ്ടെത്തുവാൻ കഴിയും. ഏതെല്ലാം ആഴ്ചകളിലും മാസങ്ങളിലുമാണ് ഇവർ പണിയില്ലാതെ ദുരിതാവസ്ഥയിലായിരിക്കുന്നത് എന്നുമനസ്സിലാക്കുന്നതിന് കാർഷികവ്യവസ്ഥയുമായി ബന്ധപ്പെട്ട സീസണാലിറ്റി കലണ്ടർ തയ്യാറാക്കുന്നതിലൂടെ സാദ്ധ്യമാവും. മഴ ചന്നം പിന്നം തിമിർത്ത് പെയ്യുന്ന കാലവർഷക്കാലത്ത്, അവിടവിടെ നനഞ്ഞൊലിക്കുന്ന കുടിലിന്റെ അകത്ത് കാർന്നു തിന്നുന്ന വിശപ്പിനെ ഉള്ളിലൊതുക്കി പട്ടിണിയുടെ ആൾരൂപങ്ങളായി മുനിഞ്ഞിരിക്കുന്ന പണിയർക്കും അടിയർക്കും ദുരിതകാലങ്ങളിൽ പണി നൽകുന്ന വിധത്തിലേക്ക് തൊഴിലുറപ്പ് പദ്ധതി ക്രമീകരിക്കുന്നതിന് സീസണാലിറ്റി കലണ്ടർ സഹായിക്കും. ആദിവാസികളുടെ ഭാഗത്തുനിന്നുകൊണ്ട്, അവരുടെ വീക്ഷണകോണിലൂടെ പദ്ധതിയെ സമീപിക്കുന്നതിലൂടെ നിലവിൽ അവർ ഇത്തരം പ്രവർത്തനങ്ങളോട് കാണിക്കുന്ന നിസ്സംഗതയിൽ മാറ്റങ്ങൾ വന്നു തുടങ്ങും.

ദാരിദ്യം, അജ്ഞത, അഴിമതി എന്നീ ദൂഷിത വലയത്തിൽ നിന്നും ഒരിക്കലും പുറത്തു കടക്കുവാൻ കഴിയാതെ പോകുന്നുവെന്നത് ഗോത്രസമൂഹം നേരിടുന്ന ഒരു സത്യപ്രതിസന്ധിയാണ്. ഈ ദൂഷിത വലയം തകർക്കുകയെന്നത് ശ്രദ്ധയെന്ന കാമ്പെയിനിലൂടെ പ്രത്യേകം ലക്ഷ്യമിട്ടിരിക്കുന്നു.

പങ്കാളിത്ത പഠനപ്രക്രിയ രീതിശാസ്ത്രത്തിന്റെ സങ്കേതങ്ങൾ ഉപയോഗിക്കുന്നതിലൂടെ താഴെ പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ശ്രദ്ധയിലൂടെ ലക്ഷ്യമിടുന്നു.

- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലൂടെ അടിസ്ഥാനവിഭാഗങ്ങൾക്ക് ഉറപ്പുവരുത്തിയിരിക്കുന്ന അവകാശങ്ങളെക്കുറിച്ച് ബന്ധപ്പെട്ടവരുടെ ഇടയിൽ അവബോധം സൃഷ്ടിക്കുക.
- ഈ പദ്ധതിയിൽ ഈ വിഭാഗങ്ങൾക്ക് മുൻഗണനാ അടിസ്ഥാനത്തിൽ പരിഗണന ലഭിക്കുവാനുള്ള അർഹത ബോദ്ധ്യപ്പെടുത്തുക.
- പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി സങ്കേതങ്ങളിലെ കുടുംബങ്ങൾക്ക് ഏറ്റെടുക്കുവാൻ കഴിയുന്ന വ്യക്തിഗത ആസ്തികളെ സംബന്ധിച്ച അറിവ് പകർന്നു നൽകുക.
- സങ്കേതങ്ങളുടെ പൊതുവികസനം ലക്ഷ്യമാക്കി നടപ്പിലാക്കുവാൻ കഴിയുന്ന പൊതു ആസ്തികളും സാമൂഹ്യ ആസ്തികളും സംബന്ധിച്ച

വിവരങ്ങൾ ഊരുക്കൂട്ടത്തിന്റെയും സങ്കേത നിവാസികളുടെയും പര്യാലോചനയിൽ കൊണ്ടുവരുക.

- പങ്കാളിത്ത പഠനക്രീയയുടെ ഭാഗമായി നടത്തുന്ന വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുക.
- ഇനിയും തൊഴിൽകാർഡ് ലഭിക്കാത്ത മുഴുവൻ കുടുംബങ്ങളേയും കണ്ടെത്തി തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ രജിസ്റ്റർ ചെയ്ത് തൊഴിൽകാർഡ് വിതരണം ചെയ്യുക.
- ഈ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് തൊഴിലാവശ്യമുള്ള സമയത്ത് തൊഴിൽ ഉറപ്പായും ലഭിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക.
- വ്യക്തിഗത ആസ്തികളും സാമൂഹ്യആസ്തികളും അടിസ്ഥാന വിഭാഗത്തിന്റെ സങ്കേതങ്ങളിൽ ഉറപ്പായും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ഇവയുടെ നടത്തിപ്പ് അവർതന്നെ ചെയ്യുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുക.
- സാമൂഹ്യനീതി ലക്ഷ്യമാക്കി ഭിന്നശേഷിയുള്ളവരെക്കുറിച്ചും 15 വയസ്സിനു താഴെ പ്രായമുള്ള വരുമായ പെൺകുട്ടികളെക്കുറിച്ചും വിവരശേഖരണം നടത്തുക. അത്തരം കുടുംബങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം പൂർണമായി ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

പട്ടികവർഗ്ഗ-പട്ടികജാതി, ധീവരസമൂഹങ്ങളുടെ സങ്കേതങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഊർജ്ജിത ഗ്രാമപ്രവർത്തനങ്ങളാണ് ശ്രദ്ധയുടെ ഭാഗമായി ഏറ്റെടുക്കേണ്ടത്. ഗ്രാമപഞ്ചായത്ത് മെമ്പറുടെ നേതൃത്വത്തിലുള്ള ഒരു ടീമാണ് കോളനികൾ സന്ദർശിക്കേണ്ടത്. ആ സംഘത്തിൽ പ്രവൃത്തിസ്ഥല മേറ്റുമാർ, അക്രഡിറ്റഡ് എഞ്ചിനീയർമാർ, ഓവർസിയർമാർ, ഡാറ്റാഎൻട്രി ഓപ്പറേറ്റർ എസ്.സി./എസ്.റ്റി പ്രൊമോട്ടർമാർ, വി.ഇ.ഒമാർ എന്നിവർ നിർബന്ധമായും ഉണ്ടായിരിക്കണം. ഊരിലെ നിവാസികളുമായി നിരന്തരം സംവദിച്ചുകൊണ്ട് അവരുടെ ആത്മവിശ്വാസം ഉയർത്തുക (Confidence Building) എന്നതിന് പരമപ്രധാന്യം നൽകണം. ജനപ്രതിനിധികളും കുടുംബശ്രീ പ്രവർത്തകരും ഉദ്യോഗസ്ഥൻമാരും അവരുടെ കൂടെയുണ്ടെന്ന സാഹചര്യം സൃഷ്ടിക്കുന്നതിലൂടെ ഈ വിശ്വാസം ഉറപ്പാക്കുവാൻ

കഴിയും. പട്ടികവർഗ്ഗ കോളനികളിൽ ചുരുങ്ങിയത് ഒരു മുഴുവൻ ദിവസം ചെലവഴിച്ചുകൊണ്ട് പി.ആർ. എ പ്രവർത്തനങ്ങൾ, തൊഴിൽ കാർഡിനുള്ള ഫോട്ടോയെടുക്കൽ, മുഴുവൻ തൊഴിലന്വേഷകരുടെയും രജിസ്ട്രേഷനുള്ള അപേക്ഷ സ്വീകരിക്കൽ, തൊഴിലിനുള്ള അപേക്ഷ സ്വീകരിക്കൽ എന്നിവ നടത്തണം. ഒരോ കുടുംബത്തിനും നൽകുവാൻ കഴിയുന്ന വ്യക്തിഗത ആനുകൂല്യങ്ങൾ കണ്ടെത്തുന്നതിനും രേഖപ്പെടുത്തുന്നതിനും കോളനിയിലെ ഓരോ വീടും സന്ദർശിക്കണം. ഊരിന്റെ പൊതുവികസനം ലക്ഷ്യമിടുന്ന സാമൂഹിക ആസ്തികൾ കണ്ടെത്തുന്നതിന് മുഴുവൻ ഊർ നിവാസികളേയും ഒന്നിച്ചിരുത്തി കേന്ദ്രീകൃത ചർച്ചകൾ (Focus Group Discussion) സംഘടിപ്പിക്കണം. ഇത്തരം പ്രവർത്തനങ്ങളിലൂടെ പദ്ധതി പ്രവർത്തനങ്ങളിൽ അവരുടെ താൽപര്യവും പങ്കെടുക്കുവാനുള്ള അവരുടെ അഭിവാഞ്ഛയും വർദ്ധിക്കുമെന്നത് തീർച്ചയാണ്.

'ശ്രദ്ധ' ക്യാമ്പയിനിന്റെ ഒരു പ്രത്യേകത ഊരിലെയോ സങ്കേതത്തിലെയോ ഒരു കുടുംബംപോലും ഇതുസംബന്ധിച്ച പ്രചരണ പരിപാടികളിലും ആസൂത്രണ പ്രക്രിയയിലും വിട്ടുപോകരുത് എന്നുള്ളതാണ്. ഊരിലെ നിവാസി തൊഴിൽകാർഡ് ഇതുവരെ എടുത്തിട്ടില്ല, അല്ലെങ്കിൽ തൊഴിലിന് അപേക്ഷ നൽകിയിട്ടില്ല എന്ന കാരണത്താൽ തൊഴിലുറപ്പ് പദ്ധതിയുടെ നേരവകാശികൾ ഇതിൽ നിന്നും പുറത്താക്കപ്പെടുന്നത് ഒഴിവാക്കുന്നതിന് ഈ ഇടപെടൽ അനിവാര്യമാണ്. മാത്രമല്ല കോളനികളിൽ ഏറ്റെടുക്കുവാൻ കഴിയുന്ന പ്രവൃത്തികളെ സംബന്ധിച്ച അറിവും കോളനി നിവാസികൾക്ക് പകർന്നു നൽകുവാൻ കഴിയണം. 2014 - ലെ പുതുക്കിയ ഷെഡ്യൂൾ പ്രകാരം ആദിവാസികളുടെ ഭൂമിയിൽ ഹോർട്ടികൾച്ചർ, മൾബറികൃഷി, പ്ലാന്റേഷൻ, ഫാം ഫോറസ്റ്ററി തുടങ്ങിയവ ഏറ്റെടുക്കുവാൻ കഴിയുന്നതാണ്. ഇതിനുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ ശ്രദ്ധ കാമ്പെയിനിന്റെ ഭാഗമായി ഉണ്ടാകണം. പട്ടികജാതി-വർഗ്ഗക്കാരായ തൊഴിലന്വേഷകർ കോഴി, ആട്, പന്നി, പശു മറ്റ് കന്നുകാലികൾ എന്നിവ വളർത്തുന്നവരാണെങ്കിൽ അവർക്ക് മുൻഗണനാടിസ്ഥാനത്തിൽ കോഴിക്കൂടും, ആട്ടിൻകൂടും, പന്നിക്കൂടും, കാലിത്തൊഴുത്തും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചു നൽകുവാൻ കഴിയും. പൊതു ആസ്തികളുടെ വികസനത്തിൽ

മഹാത്മാ പുരസ്കാരം കടയ്ക്കാവൂരിന്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച ഗ്രാമപഞ്ചായത്തുകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള മഹാത്മാ പുരസ്കാരത്തിന് സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം കടയ്ക്കാവൂരിന് ലഭിച്ചു. രണ്ടാം സ്ഥാനം ഇടമലക്കുടിക്കും മൂന്നാം സ്ഥാനം അണ്ടൂർക്കോണത്തിനും ലഭിച്ചു. ജില്ലാതലത്തിലുള്ള പുരസ്കാരം ജില്ല, ഒന്നാം സ്ഥാനം, രണ്ടാം സ്ഥാനം എന്ന ക്രമത്തിൽ:

തിരുവനന്തപുരം - കിഴുവിലം, മുദാക്കൽ; കൊല്ലം - കൊട്ടാരക്കര, മയ്യനാട്; പത്തനംതിട്ട - ഏനാദിമംഗലം, മൈലപ്ര; ആലപ്പുഴ - കോടംതുരുത്ത്, മാവേലിക്കര തെക്കേക്കര; കോട്ടയം-ഉദയനാപുരം, കരൂർ; ഇടുക്കി - മൂന്നാർ, ദേവികുളം; എറണാകുളം - എടവനക്കാട്, നായരമ്പലം; തൃശ്ശൂർ - വള്ളത്തോൾ നഗർ, വടക്കാഞ്ചേരി; പാലക്കാട് - പുതൂർ - തച്ചനാട്ടുകര; മലപ്പുറം - പൊൻമള, തേഞ്ഞിപ്പാലം; കോഴിക്കോട് - മുക്കം, മാവൂർ; വയനാട് - പൂതാടി, മീനങ്ങാടി; കണ്ണൂർ - അഴീക്കോട്, ന്യൂമാഹി; കാസർഗോഡ് - മഞ്ചേശ്വരം, ചെമ്മനാട്.

ബാലചന്ദ്ര നെമാഡേയ്ക്ക് ജ്ഞാന പീഠം

മറാഠി സാഹിത്യകാരൻ ബാലചന്ദ്ര വനാജി നെമാഡേയ്ക്ക് 2014-ലെ ജ്ഞാനപീഠ പുരസ്ക്കാരം. ഹിന്ദു-ജഗണ്യാച്ചി സമൃദ്ധ് അഡ്ഗൽ എന്ന നോവലാണ് അദ്ദേഹത്തെ ജ്ഞാനപീഠത്തിന് അർഹനാക്കിയത്. 11 ലക്ഷം രൂപയും സരസ്വതീദേവിയുടെ ശിൽപ്പവും പ്രശസ്തി പത്രവുമടങ്ങുന്നതാണ് പുരസ്ക്കാരം.

ഉൾപ്പെടുത്തി അംഗൻവാടി കെട്ടിടങ്ങൾ, സ്വയംസഹായസംഘങ്ങൾക്കുള്ള കെട്ടിടങ്ങൾ, കളിസ്ഥലങ്ങൾ, സങ്കേതങ്ങൾക്കുള്ളിലെ റോഡുകൾ, റോഡിൽ നിന്നും വീടുകളിലേക്കുള്ള നടപ്പാതകൾ എന്നിവയും തൊഴിലുറപ്പ് പദ്ധതിയിൽ ഇപ്പോൾ അനുവദനീയമാണ്. ഇതിന്റെയെല്ലാം പ്രയോജനം കോളനി നിവാസികൾക്ക് ലഭിച്ചുവെന്ന് ഉറപ്പുവരുത്തണം. ഇത്തരം പ്രവൃത്തികൾക്കാവശ്യമായ നിർമ്മാണ വസ്തുക്കളായ സിമന്റ് കട്ടകൾ, ഇന്റർലോക്കിങ്ങ് ടൈലുകൾ മുതലായവ തൊഴിലുറപ്പ് പദ്ധതിയുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി ഏറ്റെടുക്കാവുന്നതാണ്.

ശ്രദ്ധ കാമ്പെയിനിന്റെ ഭാഗമായുള്ള പ്രചരണവും ആസൂത്രണവും സംഘടിപ്പിക്കുന്നതിന് ചില മുന്നൊരുക്കങ്ങൾ ആവശ്യമാണ്. വ്യക്തിഗത ആവശ്യങ്ങൾ ശേഖരിക്കുന്നതിനുള്ള മൂന്നുനിറത്തിലുള്ള ഫോറങ്ങൾ (In Triplicate), സാമൂഹ്യ ആസ്തികളുടെ വിവരണശേഖരണം നടത്തുന്നതിനുള്ള മൂന്നു നിറത്തിലുള്ള ഫോറങ്ങൾ (In Triplicate) തൊഴിൽകാർഡ് ലഭിക്കുന്നതിനുള്ള അപേക്ഷ ഫോറങ്ങൾ, തൊഴിലിന് അപേക്ഷിക്കുന്നതിനുള്ള ഫോറങ്ങൾ, ഏറ്റെടുക്കാവുന്ന പ്രവൃത്തികളുടെ മാതൃകാ ചിത്രങ്ങൾ, തൊഴിൽ കാർഡ് തയ്യാറാക്കുന്നതിനായി ഫോട്ടോ എടുക്കുന്നതിനുള്ള ക്യാമറ എന്നിവയെല്ലാം കോളനി സന്ദർശിക്കുന്ന സംഘത്തിന്റെ കൈവശമുണ്ടായിരിക്കണം.

ഇങ്ങനെ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കർമ്മ പദ്ധതി തയ്യാറാക്കി ഊരുക്കൂട്ടങ്ങളും ഗ്രാമസഭയും അംഗീകരിച്ച ഷെൽഫ് ഓഫ് പ്രോജക്റ്റുകളുടെ ഭാഗമായി ഒരോ പ്രവൃത്തിയും മാറുമ്പോഴാണ് അവ ഏറ്റെടുക്കുവാൻ കഴിയുന്നത്. അടിയന്തരമായി ഏറ്റെടുക്കേണ്ട പ്രവർത്തികൾക്ക് അഡീഷണൽ കർമ്മ പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങി നടപ്പിലാക്കുന്നതിനും ശ്രദ്ധയിൽ അനുവാദം ലഭ്യമായിട്ടുണ്ട്.■

മലയാറ്റൂർ പുരസ്കാരം വി. മധുസൂദനൻനായർക്ക്

തിരുവനന്തപുരം മലയാറ്റൂർ സ്മാരക സമിതിയുടെ മലയാറ്റൂർ പുരസ്കാരത്തിന് കവി വി. മധുസൂദനൻ നായർ അർഹനായി. അച്ഛൻ പിറന്ന വീട് എന്ന കവിതാ സമാഹാരത്തിനാണ് പുരസ്കാരം.

വിവരാവകാശ നിയമം 2005 പ്രകാരം ലഭിക്കുന്ന അന്വേഷണങ്ങൾക്ക് മറുപടി കുറിക്കുമ്പോൾ ഉദ്യോഗസ്ഥർക്ക് ഉണ്ടാകാവുന്ന സംശയങ്ങൾക്ക് നിവാരണം ഉണ്ടാക്കുന്ന പംക്തിയാണിത്. നിങ്ങളുടെ പേരും ഏത് ബ്ലോക്ക്/ ഓഫീസ് എന്ന വിവരവും വിലാസവും സഹിതം ഞങ്ങൾക്ക് എഴുതുക. കഴിവതും പൊതു സ്വഭാവമുള്ള അന്വേഷണങ്ങൾക്കാണ് പരിഗണന.

വിലാസം
'ഇതും പറയണോ'
ഗ്രാമഭൂമി, സ്റ്റേറ്റ് മുനിസിപ്പൽഹൗസ്, വഴുതക്കാട്,
ശാസ്തമംഗലം പി.ഒ, തിരുവനന്തപുരം-10
ഇ-മെയിൽ: ribkerala@gmail.com

ഒരു അപേക്ഷകൻ ഞങ്ങളുടെ ഓഫീസ് ഉണ്ടായ കാലംമുതൽ ഇതുവരെയുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയായിരുന്നു എന്നും ഇത്രയും വർഷങ്ങളിൽ എന്തൊക്കെ സ്കീമുകൾ, എത്രയൊക്കെ തുക, അവയുടെ പ്രവർത്തന വിശദീകരണം എന്നിവയെല്ലാം അറിയിക്കാൻ ഒറ്റ ചോദ്യത്തിൽ ആവശ്യപ്പെട്ടിരിക്കുന്നു. അതിന് മറുപടി കുറിക്കാൻ ഞങ്ങൾ മുഴുവൻ ഓഫീസ് സംവിധാനവും കൂടി ഒരാണ്ട് പരിശ്രമിച്ചാലും പൂർത്തിയാവില്ല. ഇങ്ങനെ ചോദ്യം ഉന്നയിക്കാമോ.?

എ.കെ. വേണുഗോപാൽ, തിരുവനന്തപുരം

ഒരു വലയെറിഞ്ഞ് ഒരു സമുദ്രത്തിലെ മുഴുവൻ ജീവസമൂഹത്തെയും അതിൽ കോരിയെടുക്കണം എന്നു ചിന്തിക്കുന്നത് പോലെയാണത്. വിവരാവകാശനിയമം ഒരു വിനോദമോ ഏതെങ്കിലും ഓഫീസിനോ ഏതെങ്കിലും ജീവനക്കാരനോ പണികൊടുക്കലോ അല്ല എന്ന് ചോദ്യകർത്താവ് അറിഞ്ഞില്ലെങ്കിൽ ഓഫീസർമാർ തിരിച്ചറിയണം. ഏത് ഓഫീസിലും 20 വർഷം മുമ്പുവരെയുള്ള വിവരങ്ങൾ സൂക്ഷിപ്പുണ്ടാകും എന്ന ഉത്തമ സങ്കൽപ്പത്തോടെ അത്രയും കാലം വരെ പഴക്കമുള്ള ഏതു വിവരം ചോദിച്ചാലും നൽകണം എന്നാണ് വ്യവസ്ഥ. ഇതിനർത്ഥം ഇരുപതാണ്ട് വരെയുള്ള മുഴുവൻ പ്രവർത്തനവും ഒറ്റശ്വാസത്തിൽ പറഞ്ഞേക്കണം എന്നല്ല.

ഒരു വിഷയുമായി ബന്ധപ്പെട്ടാണ് ഒരു ചോദ്യം ഉന്നയിക്കേണ്ടത്.

അതുതന്നെ കൃത്യവും വ്യക്തവുമായിരിക്കണം.

ഞാൻ സെക്രട്ടറിയേറ്റിലെ ഒരു വകുപ്പിലേക്ക് ഒരു അന്വേഷണം നടത്തി. ഒരു മാസം കാത്തിരുന്നപ്പോൾ എനിക്ക് കിട്ടിയ മറുപടി വായിച്ചിട്ട് ഒന്നും മനസ്സിലായില്ല. സർക്കാർ വ്യവസ്ഥയും ചട്ടങ്ങളും പ്രതിപാദിക്കുന്ന പുസ്തകത്തിലെ ഇന്നിന്ന വകുപ്പുകളുടെ ഇന്നിന്ന പിരിവുകൾ പ്രകാരം എന്നെല്ലാമാണ് പ്രയോഗം. ഞാനിനി ആ പുസ്തകം വാങ്ങി വായിച്ച് മനസ്സിലാക്കാൻ ശ്രമിക്കണം. മനസിലായില്ലെങ്കിൽ അപ്പീൽ നൽകാൻ ഉപേദശവുമുണ്ട്. ഞാൻ എന്താണ് ചെയ്യേണ്ടത്.

ആർ. റിയാസ്, കരുനാഗപ്പള്ളി

ഞാൻ നൽകിയ അധികാരവും ഞാൻ നൽകിയ വിഭവവും ഉപയോഗിച്ച് എന്റെ ഭരണകൂടം എങ്ങിനെയാണ് പ്രവർത്തിക്കുന്നത് എന്നറിയാൻ ഏത് പൗരനുമുള്ള അവകാശമാണ് ഈ നിയമം ഉറപ്പുവരുത്തുന്നത്. പൗരൻ പണ്ഡിതനും ചട്ടങ്ങളിൽ അവഗാഹമുള്ളവനുമാണെങ്കിൽ മാത്രമേ വിവരം ഗ്രഹിക്കേണ്ടൂ എന്നല്ല. ആകയാൽ ഏത് നിരക്ഷരനും കേട്ടാൽ പോലും മനസിലാകുന്ന തരത്തിൽ മറുപടി നൽകാൻ പി.ഐ.ഒ മാർ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രീൻ ദ ഗ്യാപ്

സതീഷ് പി.എം

വികസനത്തിന്റെ ലക്ഷ്യം സാമൂഹിക സാമ്പത്തിക പാരിസ്ഥിതിക തുല്യതയാണല്ലോ? ഇത് വർത്തമാന കാല സമൂഹത്തിന്റെയും ഭാവി തലമുറയുടെയും ഉയർന്ന ജീവിത ഗുണനിലവാരം ഉറപ്പുവരുത്തുന്നതാകണം. അത് കൊണ്ട് തന്നെ വികസനത്തിന്റെ ചക്രം മുന്നോട്ട് ചലിച്ചു കൊണ്ടേയിരിക്കണം. മനുഷ്യന്റെ മാത്രം ആവശ്യങ്ങളെ പരിഗണിച്ച് കൈക്കൊണ്ട വികസന പരിപാടികൾ തുടർച്ചയായി വരൾച്ചയുടെ, പേമാരിയുടെ, രോഗങ്ങളുടെ, ജലക്ഷാമത്തിന്റെ കാലവസ്ഥ വ്യതിയാനത്തിന്റെ, ആഗോള താപനത്തിന്റെ ഒക്കെ രൂപത്തിൽ സൂചനകൾ നൽകിക്കൊണ്ടേയിരിക്കുന്നു.

പശ്ചിമ മലനിരകളിലെ വണ്ടിപ്പാറ മലയിൽ നിന്ന് തെക്ക് കിഴക്ക് ദിശയിൽ 12 കിലോമീറ്ററോളം നീണ്ടുകിടക്കുന്ന പ്രദേശമാണ് അകത്തേത്തറ പഞ്ചായത്തിന്റെ വടക്കൻ അതിർ. കിഴക്കോത്തി മലയുടെ വടക്കു ഭാഗത്താണ് മലമ്പുഴ റിസർവോയർ ഉളളത്. റെയിൽവെ കോളനിയുടെ വികസനം, എൻ. എസ്. എസ്. എഞ്ചിനീയറീങ് കോളേജ്, ധോണി റോഡിന്റെ വശങ്ങളിലെ ജനവാസം എന്നിവ അകത്തേത്തറയുടെ സ്വാഭാവിക ഭൂപ്രകൃതിയെ മാറ്റിമറിച്ചു. കിഴക്കോത്തി മലയ്ക്ക് അതിരിട്ടുകൊണ്ട് പുതുപ്പരിയാരത്തേക്ക് കടന്നു പോകുന്ന മലമ്പുഴ വലതു കനാൽ കിഴക്കോത്തി മലയിൽ നിന്നുള്ള സ്വാഭാവിക നീരൊഴിക്കിന്റെ താളം തെറ്റിക്കുന്നു. ഡാമിന്റെ നിർമ്മാണത്തോടു കൂടി ജല സംഭരണ പ്രദേശത്തു നിന്ന് കുടിയൊഴിപ്പിക്കപ്പെട്ടവർ കൃഷിക്കും കാലിവളർത്തലിനും വിറകിനും ഒക്കെ അകത്തേത്തറ പഞ്ചായത്തു പ്രദേശത്തെ വനമേഖലയെ വർദ്ധിച്ച തോതിൽ ഉപയോഗിച്ചതിന്റെ ഫലമായി ഇന്ന് കിഴക്കോത്തി മല ഭൂരിഭാഗവും മരങ്ങൾ നഷ്ടപ്പെട്ട്, മണ്ണ് നഷ്ടപ്പെട്ട് പാറ തെളിഞ്ഞ അവസ്ഥയായി.

വനം പൂർണ്ണമായും നശിച്ചതിന്റെ ഫലമായി വർദ്ധിച്ച ചൂട്, ജലക്ഷാമം, ഭൂമിയുടെ കുറയുന്ന ഉൽപാദനക്ഷമത വന വിഭവങ്ങൾ ശേഖരിച്ച് ഉപജീവനം നടത്തിയിരുന്ന ജനവിഭാഗത്തിന്റെ തൊഴില്ലില്ലായ്മ എന്നിവ ദൃശ്യമായിത്തുടങ്ങി. ഒമ്പതാം പദ്ധതിയുടെ അവസാനത്തിൽ തുടങ്ങിയ നീർത്തട വികസന ചർച്ചകളിൽ സജീവമായിരുന്ന അകത്തേത്തറ പഞ്ചായത്ത്, നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രക്രിയയിൽ മലമ്പുഴ ബ്ലോക്ക് പ്രദേശത്ത് മറ്റു പഞ്ചായത്തുകളോടൊപ്പം ഉണ്ടായിരുന്നു. ഇതിന്റെ ഫലമായി IRTC യുടെ സഹായത്താൽ അകത്തേത്തറ പഞ്ചായത്ത് പ്രദേശത്തെ നാല് നീർത്തടങ്ങളുടെ ഇടയിൽ ചർച്ച ചെയ്യപ്പെടുകയും നീർത്തട കമ്മിറ്റികളും മറ്റും രൂപീകരിക്കുകയും ഇതനുസരിച്ച് പദ്ധതി പണം വിനിയോഗിക്കുന്നതിനും സാധ്യമായി. എന്നാൽ വൻതോതിലുളള നീർത്തട സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് പണം ഒരു തടസ്സമായിരുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ചർച്ചകൾ ആരംഭിച്ചപ്പോൾ തന്നെ നീർത്തടാധിഷ്ഠിത വികസനത്തിന് ഇത് എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് പഞ്ചായത്ത് ചിന്തിക്കാൻ തുടങ്ങി.

നാഷണൽ ഹൈവേ വിപുലീകരണവുമായി ബന്ധപ്പെട്ട് പാതയോരങ്ങളിലെ വൻ വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിന് പകരമായി ഓരോ പഞ്ചായത്തിലും ഒരു ലക്ഷം വൃക്ഷതൈകൾ വെച്ച്പിടിപ്പിക്കാൻ സർക്കാർ 'ഗ്രീൻ ദ ഗ്യാപ്' എന്ന പദ്ധതി ആവിഷ്ക്കരിച്ചു.

ശ്രീകൃഷ്ണപുരം വരെയുള്ള പ്രദേശത്തു നിന്ന് റോഡ് വശങ്ങളിലുള്ള നാടൻ മാവിൻ വിത്തുകൾ ശേഖരിച്ച് മുളപ്പിച്ച് തൈകളാക്കി പഞ്ചായത്തു പ്രദേശത്തെ പൊതു ഭൂമിയിൽ നടുന്നതിനായി ശ്രമമാരംഭിച്ചു. ഇങ്ങനെ സംഭരിച്ച വിത്തു

കൾ ഉപയോഗിച്ച് മാവ് ഉൾപ്പെടെയുള്ള വിവിധ ഇനം വൃക്ഷങ്ങളുടെ 30,000 ത്തോളം തൈകൾ ഉൽപാദിപ്പിച്ച് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളിലൂടെ നട്ടു പിടിപ്പിക്കുവാൻ ശ്രമിച്ചു. ഈ തൈകൾ വെയ്ക്കുവാൻ പൊതുഭൂമി ഇല്ല എന്ന ആക്ഷേപം കൂടുതലായി ഉണ്ടാവുകയായിരുന്നു ഫലം.

പൊതുഭൂമി എന്ന ആശയത്തിന് വിശാലത രൂപപ്പെട്ടത് ഇവിടെ നിന്നാണ്. തോടു വരമ്പുകൾ, റോഡിനിരുവശത്തുമുള്ള പൊതു സ്ഥലങ്ങൾ, പുഴയോരങ്ങൾ, വന പ്രദേശങ്ങൾ ഇവ പൊതു സ്വത്താണെന്ന് തിരിച്ചറിഞ്ഞു.

പശ്ചിമ ഘട്ടത്തിൽ 40 കിലോമീറ്ററോളം വരുന്ന ചുരത്തിന്റെ സാന്നിദ്ധ്യം പരിസരത്തെ മഴനിഴൽ പ്രദേശമാകുന്നതിനും ഇവിടുത്തെ അന്തരീക്ഷ ഈർപ്പത്തിന്റെ അളവ് വനനാശത്തെ സ്വാധീനിക്കാമെന്നതുകൊണ്ട് ഈ പ്രദേശത്തെ വർദ്ധിച്ച തോതിലുള്ള പരിസ്ഥിതി പ്രവർത്തനങ്ങളുടെ ആവശ്യമുണ്ടായി. നാഷണൽ ഹൈവേ വിപുലീകരണവുമായി ബന്ധപ്പെട്ട് പാതയോരങ്ങളിലെ വൻ വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിന് പകരമായി ഓരോ പഞ്ചായത്തിലും ഒരു ലക്ഷം വൃക്ഷതൈകൾ വെച്ച്പിടിപ്പിക്കാൻ സർക്കാർ 'ഗ്രീൻ ദ ഗ്യാപ്' എന്ന പദ്ധതി ആവിഷ്ക്കരിച്ചു.

അടുത്ത ലോക പരിസ്ഥിതി ദിനത്തിനു മുമ്പായി ഒരു ലക്ഷം തൈകൾ പഞ്ചായത്തു പ്രദേശത്തെ പൊതു സ്വകാര്യ മേഖലകളിൽ വെച്ചു പിടിപ്പിക്കുക എന്ന ലക്ഷ്യത്തിലേയ്ക്കാണ് പഞ്ചായത്ത് ഈ പരിപാടി ആസൂത്രണം ചെയ്തത്. വമ്പിച്ച പൊതുജന പങ്കാളിത്തത്തോട് കൂടിയേ ഈ ലക്ഷ്യം കൈവരിക്കാൻ കഴിയുകയുള്ളൂ എന്നതിനാൽ പഞ്ചായത്തു തലത്തിൽ പ്രത്യേകമായ ഇക്കോറൊസ്റ്റോറേഷൻ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ച് തുടർ പ്രവർത്തനങ്ങൾ ആരംഭിച്ചു. കൂടാതെ ജില്ലയിൽ ലഭ്യമായ ഈ വനമേഖയിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തികൊണ്ട് ഒരു ടെക്നിക്കൽ സമിതിയും രൂപീകരിച്ചു. ഭൂമി കണ്ടെത്തുന്നതിന് ഈ സമിതികളുടെ മേൽ നോട്ടത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉദ്യോഗസ്ഥർ, വില്ലേജ് ഓഫീസർ, ഫോറസ്റ്റ് റെയിഞ്ച് ഓഫീസർ,പഞ്ചായത്ത് ഭരണ സമിതി എന്നിവരുടെ സഹായത്തോടെ പൊതു ഭൂമി കണ്ടെത്തുന്നതിനും അത് തിരിച്ചെടുക്കുന്നതിനുമുള്ള ശ്രമങ്ങൾ നടത്തി. ആണ്ടിമഠം പ്രദേശത്തെ കൽപ്പാത്തി പുഴയോരത്ത് കാടു പിടിച്ച് കൈയേറിയിരിക്കുന്ന 25 ഓളം ഏക്കർ ഭൂമി ഇപ്രകാരം തിരിച്ചു പിടിക്കുന്നതിന് കഴിഞ്ഞു. കൂടാതെ പഞ്ചായത്തു പ്രദേശത്തെ മറ്റ് പൊതു ഭൂമികൾ തിട്ടപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളും പുരോഗമിച്ചു. വനഭൂമിയിൽ വൃക്ഷവത്ക്കരണത്തിന് യോജിച്ച സ്ഥലങ്ങൾ കണ്ടെത്തുന്നതിന് വനം വകുപ്പ് ജീവനക്കാരും വലിയ തോതിൽ സഹായിക്കുകയുണ്ടായി.

കിലയുടെ സഹായത്തോടുകൂടി ഈ പരിപാടിയുടെ സന്ദേശം ജനങ്ങളിലേക്ക് എത്തിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ജൂൺ അഞ്ച് പരിസ്ഥിതി ദിനം വരെയുള്ള പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി ഒരു കലണ്ടർ ആക്കുകയും അതും പരിസ്ഥിതി പ്രവർത്തനങ്ങളുടെ പ്രധാന്യം ലഘുലേഖകളുമായി വാർഡ് തല യോഗങ്ങളും പൊതു അയൽകൂട്ടയോഗങ്ങളും സംഘടിപ്പിക്കുകയും സ്വകാര്യ ഇടങ്ങളിൽ വെയ്ക്കുവാൻ കഴിയുന്ന തൈകൾ സംബന്ധിച്ച വിവരങ്ങൾ, ഓരോ വീടുകളിലും ലഭ്യമാക്കിയ അപേക്ഷ ഫോറങ്ങൾ മുഖേന സ്വരൂപിക്കുകയും ഇങ്ങനെ കിട്ടിയ വിവരങ്ങളെ പിന്നീട് വാർഡ് തലത്തിലും പഞ്ചായത്തു തലത്തിലും ക്രോഡീകരിച്ച് പഞ്ചായത്തിൽ ആവശ്യമായ വിവിധ ഇനം തൈകളുടെ ഏകദേശ കണക്കുകളിലേക്ക് എത്തിച്ചേരുകയും ചെയ്തു.

കേരള വനഗവേഷണ കേന്ദ്രത്തിന്റെ സഹായം ഉറപ്പുവരുത്തി കൽപ്പാത്തി പുഴയോരത്ത് കെ.എഫ്.ആർ.ഐയുടെ മുള വിഭവ വികസന പരിപാടിയുടെ ഭാഗമായി 20 ഇനം മുളകൾ അടങ്ങിയ ബാംബൂ പാർക്ക് എന്ന ആശയം ഇവിടെ ഉരുത്തിരിയുകയും ചെയ്തു.

കേരള വനഗവേഷണ കേന്ദ്രത്തിന്റെ സഹായം ഉറപ്പുവരുത്തി കൽപ്പാത്തി പുഴയോരത്ത് കെ.എഫ്.ആർ.ഐയുടെ മുള വിഭവ വികസന പരിപാടിയുടെ ഭാഗമായി 20 ഇനം മുളകൾ അടങ്ങിയ ബാംബൂ പാർക്ക് എന്ന ആശയം ഇവിടെ ഉരുത്തിരിയുകയും ചെയ്തു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത ഈ പ്രവർത്തനം തുടർന്നു കൊണ്ടേയിരിക്കുന്നു.

ജൂൺ അഞ്ച് പരിസ്ഥിതി ദിനത്തിൽ ആവശ്യമായ വൃക്ഷതൈകൾ ലഭ്യമാക്കുന്നതിലേക്കായി കേരള ഫോറസ്റ്റ് വകുപ്പിനെയാണ് ആശ്രയിച്ചത്. ഹരിതകേരളം പരിപാടിയുടെ ഭാഗമായി ലഭ്യമാക്കിയ തൈകൾ പഞ്ചായത്തിലെ സ്വകാര്യ പൊതു ഇടങ്ങളിൽ ഇതിനോടകം വെച്ചുപിടിപ്പിച്ച് സംരക്ഷിക്കുന്നതിനാവശ്യമായ കൂടുകൾ, ജലസേചനം, ജൈവവേലികൾ എന്നിവ സ്ഥാപിച്ചു. ഇതിലേക്ക് പങ്കാളിത്തം ഉറപ്പാക്കുന്നതിന് വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളും ഏറ്റെടുക്കുകയുണ്ടായി. ഇതനുസരിച്ച് വിവിധ സ്കൂളുകളിലെ അസംബ്ലികളിൽ പരിസ്ഥിതി പുനഃസ്ഥാപന വർക്കിങ്ങ് ഗ്രൂപ്പ് പ്രവർത്തകർ പങ്കെടുക്കുകയും,

ലഘുലേഖകളും, ഫോറങ്ങളും നൽകുകയും ചെയ്തു. സ്കൂൾ വളപ്പുകളിൽ വൃക്ഷവത്ക്കരണ പരിപാടികളും നടത്തുകയുണ്ടായി. നാട്ടുമാവിൽ തൈകൾ സ്കൂൾ മൈതാനങ്ങളിൽ വെച്ചുപിടിപ്പിക്കുന്നതിന് കുട്ടികൾ കാണിക്കുന്ന ആവേശം ഞങ്ങൾക്ക് തരുന്ന തിരിച്ചറിവ് ഭാവി തലമുറയിലേക്ക് പരിസ്ഥിതി സംരക്ഷണത്തിനുള്ള സന്ദേശത്തിന്റെ വിത്തു പാകുവാൻ കഴിഞ്ഞിട്ടുണ്ട് എന്നതാണ്.

പരിസ്ഥിതിദിന പ്രവർത്തനത്തിന്റെ തുടർച്ചയായി പൊതുഭൂമിയിൽ നട്ട തൈകൾക്ക് ചെലവു കുറഞ്ഞ രീതിയിൽ സംരക്ഷണ കവചങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടേയും സ്വകാര്യ വ്യക്തികളുടെ സംഭാവനയായും സ്വരൂപിച്ചു. തൈകൾ വയ്ക്കുക എന്നുള്ളത് വളരെ എളുപ്പമുള്ള കാര്യമാണെന്നും അതിന്റെ സംരക്ഷണം ശ്രമകരമാണെന്നുള്ള മുൻകാല അനുഭവത്തിൽ നിന്നും തിരിച്ചറിഞ്ഞതിന്റെ ഫലമായി തൈകളുടെ വേനൽക്കാല പരിചരണത്തിനുള്ള പരിശ്രമങ്ങൾ കാലേകൂട്ടിതന്നെ നടത്തുകയുണ്ടായി.

വീടുകളിൽ ഉപയോഗശൂന്യമായി കിടന്നിരുന്ന പ്ളാസ്റ്റിക്ക് കുപ്പികൾ ശേഖരിച്ച് അത് ചെടികളുടെ ചുവട്ടിൽ കുഴിച്ചിട്ട് അതിൽ ജലസേചനം എന്ന രീതിയാണ് അവലംബിച്ചത്. കൂടാതെ തുടർപരിചരണത്തിന്റെ ഭാഗമായി ചെടിക്കുചുറ്റും തടം തുറക്കുകയും കള നീക്കം ചെയ്യുകയും സംരക്ഷണക്കൂടുകൾക്ക് തുടർ പരിരക്ഷണം നൽകുകയും, കന്നുകാലികളെ അഴിച്ചു വിടുമേയ്ക്കരുതെന്ന് അയൽക്കൂട്ടങ്ങൾ വഴി തീരുമാനമെടുക്കയും, വളർന്നു വരുന്ന തളിരുകളിൻ കാലിവളം, മഞ്ഞൾപ്പൊടി എന്നിവ തളിച്ച് കാലികളെ അവയിൽനിന്ന് അകറ്റുകയും ചെയ്യുക വഴി നട്ടതിൽ 90% ചെടികളും അതിജീവനത്തിന്റെ വഴിയിലാണ് എന്ന് അഭിമാനത്തോടെ പറയുവാൻ കഴിയും.

ഇതിന്റെ ഫലമായി മാവ് പോലുള്ള ഫലവൃക്ഷത്തൈകൾ ഇപ്പോൾ പൂക്കുകയും കായ്ക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ മഹാഗണി, നെല്ലി, മുള എന്നീ വൃക്ഷത്തൈകൾ കല്പാത്തി പുഴയോരങ്ങളിൽ വെച്ച് പിടിപ്പിച്ച് സംരക്ഷിച്ചുപോരുന്നു. ഔഷധഗുണമുള്ള നീർമരുത് എന്ന വൃക്ഷത്തൈ രണ്ടുപ്ലോട്ടുകളിലായി നട്ടുപിടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഔഷധസസ്യത്തിന്റെ പട്ടയും ഇലകളും ഹൃദയസംബന്ധമായ ചികിത്സക്കും ത്വക്ക് രോഗചികിത്സക്കും ഉപയോഗിക്കുന്നു. ശുദ്ധവായു, തണൽ എന്നീ പ്രകൃതിദത്തമായ ഗുണങ്ങളും ഇതിനോടൊപ്പം ലഭിക്കുന്നു.

സുസ്ഥിരതയ്ക്കുവേണ്ടി ആഗോളതാപനത്തിന്റെ പ്രാദേശിക ബദലായി, ജനസാമാന്യത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതോടൊപ്പം ഊഷരതയിലേക്ക് നടന്നു നീങ്ങുന്ന കേരള ജനതയ്ക്ക് പച്ചപ്പിന്റെ തുരുത്തുസൃഷ്ടിച്ചുകൊണ്ട് അകത്തേത്തറയിലെ ചെറുസമൂഹം ഓതുന്ന പാഠം സുസ്ഥിരതയുടേതാണ്.■

അകത്തേത്തറ ഗ്രാമപഞ്ചായത്തിലെ അക്രഡിറ്റഡ് എഞ്ചിനീയറാണ് ലേഖകൻ

തൊഴിലുറപ്പു പദ്ധതി നീണ്ടു നിൽക്കുന്ന തൊഴിലവസരങ്ങൾ ഉറപ്പാക്കാൻ

ഇടുക്കി കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് ചേർന്ന യോഗത്തിൽ അഡ്വ.ജോയ്സ് ജോർജ് എം.പി സംസാരിക്കുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി ലക്ഷ്യമിടുന്നത് ഗ്രാമീണ ജനതയ്ക്ക് തൊഴിൽ ലഭ്യമാക്കുക മാത്രമല്ലെന്നും നീണ്ടു നിൽക്കുന്ന തൊഴിൽ അവസരങ്ങൾ ഉറപ്പാക്കുന്ന രീതിയിൽ സമൂഹത്തെ ക്രമപ്പെടുത്തുക കൂടിയാണെന്നും കേന്ദ്ര ഗ്രാമവികസന ഡയറക്ടർ പി. മനോജ്കുമാർ പറഞ്ഞു. പ്രധാനമന്ത്രി ഗ്രാമസടക് യോജനയുടെ രണ്ടാംഘട്ടം കേരളത്തിന് കൂടുതൽ അനുകൂലമായേക്കുമെന്ന് അദ്ദേഹം പ്രത്യാശിച്ചു.

ഇടുക്കി ജില്ലയിൽ നടപ്പാക്കിവരുന്ന വിവിധ കേന്ദ്രാവിഷ്കൃത ഗ്രാമവികസന പദ്ധതികളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച് കേന്ദ്രസംഘത്തിന്റെ സാന്നിധ്യത്തിൽ നടത്തിയ അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു ഡയറക്ടർ. കേന്ദ്ര ഗ്രാമവികസന വകുപ്പ് അണ്ടർ സെക്രട്ടറി എസ്.കെ. വർമ്മയും സംഘത്തിലുണ്ടായിരുന്നു. ജോയ്സ് ജോർജ് എം.പി. ഇടുക്കിയിൽ നടന്ന യോഗത്തിൽ സംബന്ധിച്ചു.

ഇന്ദിര ആവാസ് യോജന പ്രകാരം സംസ്ഥാനത്ത് നിർമ്മിക്കുന്ന വീടുകൾക്കുള്ള ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കും. ഐ.എ.വൈ. പദ്ധതി സംബന്ധിച്ച നടപടിക്രമങ്ങൾ ദ്രുതഗതിയിലാക്കാൻ കേന്ദ്രസംഘം നിർദ്ദേശിച്ചു. സമ്മതപത്രങ്ങൾ തയാറായാൽ ഉടൻ അത് കേന്ദ്രത്തിലേക്ക് അപ്ലോഡ് ചെയ്യണം.

കേന്ദ്ര പദ്ധതികളിലെ ധനസഹായ വിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള പ്രതിബന്ധങ്ങൾ എന്നിവ കളക്ടർ അജിത്പാട്ടീൽ വിശദീകരിച്ചു.

കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ നടക്കുന്ന ഏതാനും പ്രദേശങ്ങളും സംഘം സന്ദർശിച്ചു.

കെ. സുരേഷ് കുമാർ
ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി

വെള്ളാങ്ങല്ലൂരിന്റെ സ്വന്തം പൊൻകതിർ

തമ്പി. എം.ബി.ആർ

കേരളത്തിന്റെ കാർഷിക ഭൂമികയിൽ നിന്നും ദിനം തോറും നഷ്ടമായിക്കൊണ്ടിരിക്കുകയാണ് കേരവൃക്ഷങ്ങളെപ്പോലെ തന്നെ നെൽച്ചെടികളും. എഴുപതുകൾക്കു മുമ്പു വരെ കേരളത്തിന്റെ കാർഷികാടിസ്ഥാന സമ്പദ്വ്യവസ്ഥയെ നിലനിർത്തിപോന്നവയിൽ ഏറെ പ്രാധാന്യം വഹിച്ചിരുന്ന രണ്ടു വിളകളായിരുന്നു ഇവ. തെങ്ങ് വാണിജ്യപരമായ കാരണങ്ങളാൽ സമ്പദ്വ്യവസ്ഥയെ താങ്ങി നിറുത്തിയപ്പോൾ നെല്ല് ഭക്ഷ്യസുരക്ഷയ്ക്കും കാലി വളർത്തലിനും ഏറെ പ്രാധാന്യം നല്കി, കേരള സമൂഹത്തെ പൂർണ്ണമായല്ലെങ്കിലും സംരക്ഷിച്ചുപോന്നിരുന്നു. ഇന്ത്യൻ കർഷകന്റെ കൃഷി കാലാവസ്ഥയുടെ ഒരു ചൂതാട്ടമായിരുന്നു എന്ന് പറയാറുണ്ടെങ്കിലും പ്രകൃതിക്ഷോഭങ്ങളും അസമയത്തെ കാലാവസ്ഥാമാറ്റങ്ങളും വിളവിനെയും ഉല്പാദനത്തെയും ബാധിക്കാറുണ്ടായിരുന്നു. പ്രത്യേകിച്ച് നെല്ല് പോലുള്ള ധാന്യവിളകളുടെ കാര്യത്തിൽ ഇത് തികച്ചും യാഥാർത്ഥ്യവും ആയിരുന്നു. എന്നാൽ കൃഷി, മൃഗസംരക്ഷണം മുഖ്യവരുമാന മാർഗ്ഗമായി അനുഭവിച്ചു പോന്നിരുന്ന കേരളീയരെ സംബന്ധിച്ചിടത്തോളം പകരം വെയ്ക്കാൻ അല്ലെങ്കിൽ ആശ്രയിക്കാൻ മറ്റു സാദ്ധ്യതകളില്ലാതിരുന്നതിനാലും കൃഷിയേയും കാർഷിക ഭൂമിയേയും നെഞ്ചിലേറ്റി ആത്മാവിലാവാഹിച്ച് കൃഷിയില്ല എങ്കിൽ കേരളീയനില്ല എന്ന ഒരു തിരിച്ചറിവായി മാറിയത് നമുക്ക് കാർഷിക കേരള ചരിത്രത്തിലൂടെ പിറകോട്ട് സഞ്ചരിക്കുമ്പോൾ കാണാൻ കഴിയും. കേരളമാകുന്നത് തന്നെ മുഖ്യവിള കേരമായതുകൊണ്ടാണല്ലോ. അതുപോലെ തന്നെ നെല്ലും കേരളവും തമ്മിലുള്ള അല്ലെങ്കിൽ നെല്ലിനോട് കേരള കർഷക സമൂഹം കാണിക്കുന്ന ആത്മബന്ധം മനസ്സിലാക്കണമെങ്കിൽ നമ്മുടെ പൂർവ്വികർ നെല്ലുല്പാദിപ്പിക്കാൻ അതിന്റെ വർദ്ധിതമായ ഉല്പാദനത്തിന് അവലംബിച്ച വൈവിധ്യങ്ങളെ അറിയണം.

നെൽകൃഷി പ്രധാനമായും മഴയെ ആശ്രയിച്ചുള്ളതാണ്. ഇന്ത്യയിലെ പ്രധാന മൂന്നു വിളക്കാലങ്ങളായ റാബി, ഖാരിഫ്, സയദ് (സമ്മർ) എന്നിവ തന്നെ കേരളത്തിൽ വിരിപ്പ്, മുണ്ടകൻ, പുഞ്ച എന്നിങ്ങനെയാണ്. ഇതിൽ പുഞ്ചയൊഴിച്ച് രണ്ടു കൃഷിരീതികളും തികച്ചും മഴയെ ആശ്രയിക്കുമ്പോൾ ചില പ്രദേശങ്ങളിൽ വെള്ളം കെട്ടി നിറുത്തി പുഞ്ച പാടങ്ങളിലേക്ക് ഒഴുക്കിവിട്ടോ അല്ലെങ്കിൽ കിണർ, കുളം മുതലായ ജലസംഭരണികളിൽ നിന്ന് ഇന്നത്തെ മോട്ടോർ പമ്പ്സെറ്റുകൾക്ക് മുമ്പു പോലും ജലത്തെ മറ്റു സംവിധാനങ്ങൾ അതും പരമ്പരാഗത രീതിയിലുള്ളവയെ ഉപയോഗിച്ച് ഉയർത്തി നെൽപാടങ്ങളിൽ ജലസേചനം നടത്തി നെല്ല് ഉൽപാദിപ്പിച്ചിരുന്നു. കേരളത്തിലെ പ്രത്യേകിച്ചും തൃശ്ശൂർ ജില്ലയിലെ കോൾപാടങ്ങൾ, പൊക്കാളി നിലങ്ങൾ, കരഭൂമിയിൽ നടത്തിയിരുന്ന തേമാലി, ഞാല് മുതലായ മഴക്കാലത്തെ ആശ്രയിച്ചുള്ള കൃഷിരീതികൾ കൂടാതെ കരപറമ്പുകളിൽ കൃഷിചെയ്തിരുന്ന 'മോഡേൺ' കൃഷിരീതികൾ എന്നിവയൊക്കെതന്നെ ഉൽപാദന വർദ്ധനവിനായി കേരളീയ നെൽകർഷകരുടെ വൈവിധ്യമാർന്ന കണ്ടെത്തലുകളായിരുന്നു. നമ്മുടെ നെല്ലറകൾ എന്നു വിശേഷിപ്പിച്ചിരുന്ന പാലക്കാടും കുട്ടനാടും പേരുപോലെതന്നെ സമൃദ്ധിയുടെ പര്യായങ്ങളായിരുന്നു. അതിൽ സമുദ്രനിരപ്പിൽ നിന്നും താഴെ നെൽകൃഷി നടത്തുന്ന കുട്ടനാടിന്റെ ചരിത്രവും അതിൽ മുരിക്കൻ എന്ന കർഷകന്റെ നിശ്ചയദാർഢ്യത്തിന്റെയും, കഠിനപ്രയത്നത്തിന്റെയും, അതുല്യമായ നേതൃത്വപാടവത്തിന്റെയും സംഭാവനകൾ വിലമതിക്കാനാവാ

ത്തതാണ്. ചിത്തിര, മാർത്താണ്ഡം എന്നിങ്ങനെ വിവിധങ്ങളായ ബ്ലോക്കുകളായാണ് കുട്ടനാട്ടിൽ ഏറെ ശ്രമകരമായ കർഷകകൂട്ടായ്മയുടെ പിൻബലത്തിൽ ശ്രീ.മുരിക്കൻ കുട്ടനാടിനെ കേരളത്തിന്റെ മറ്റൊരു നെല്ലറയാക്കിയത്. ഇങ്ങനെ ഒറ്റ മുണ്ടും പാളതൊപ്പിയും ധരിച്ച് കലപ്പയും കൈക്കോട്ടും കൊയ്ത്തരിവാളുമൊക്കെയായി ആരോഗ്യവാൻമാരായ നമ്മൾ സ്ത്രീപുരുഷ ഭേദമന്യേ പൊന്നണിയിച്ചു കൊണ്ടിരുന്ന നെൽപാടങ്ങൾ എങ്ങിനെ നമുക്ക് അന്യമായി. നെൽപാടത്ത് പണി ചെയ്യുമ്പോഴുണ്ടായിരുന്ന പാരസ്പര്യവും പങ്കുവെയ്ക്കലുകളും ഞാറു നടീൽ പാട്ടുകളും കൊയ്ത്തുപാട്ടിന്റെ ശീലുകളും നമുക്ക് നഷ്ടമായി. കേരളത്തിന്റെ ജൈവ വൈവിധ്യത്തിന്റെ, ജലസുരക്ഷയുടെ ഭാഗമായുള്ള തണ്ണീർത്തടങ്ങളായ നെൽവയലുകൾ എന്തുകൊണ്ടാണ് ദിനം തോറും നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്നത്?

കേരളത്തിന്റെ കാർഷിക സമ്പദ്വ്യവസ്ഥയ്ക്ക് സമാന്തരമായി മറ്റൊരുതരം വരുമാന രീതിയുടെ തുടക്കം എഴുപതുക്കൾക്ക് ശേഷമാണ്. ഇന്ത്യയുടെ തന്നെ വ്യവസായ കേന്ദ്രങ്ങളിലേക്കും പിന്നീട് ഗൾഫ് മേഖലകളിലേക്കും ലോകത്തിലെ എല്ലാ രാജ്യങ്ങളിലേക്കും വ്യാപിച്ച് പ്രവാസജീവിതത്തിലൂടെ അമിതമായ പണം കേരളത്തിലേക്ക് വൻ തോതിൽ പ്രവഹിച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞ വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ ലോകത്തിലെ ഇരുന്നൂറോളം വരുന്ന രാജ്യങ്ങളിൽ എറ്റവും കൂടുതൽ വിദേശ പണം പ്രവാസികൾ വഴി എത്തപ്പെട്ട രാജ്യങ്ങൾ ഇന്ത്യയും ചൈനയുമാണ്. അതിൽ ഇന്ത്യയിൽ കേരളം മുന്നിലും. ഈ പണം ഭൂരിഭാഗവും നിർമ്മാണ മേഖല കയ്യടക്കി. ഈ മേഖലയിലെ വർദ്ധിച്ച കൂലി തൊഴിലാളികളെ പ്രത്യേകിച്ച് കാർഷിക മേഖലയിൽ തൊഴിലെടുത്തവരെ അങ്ങോട്ടാകർഷിച്ചു. കർഷകന് തൊഴിലാളികളെ കിട്ടാത്ത അവസ്ഥയാണ്. ഉൽപാദന ചിലവും ഉൽപാദനവും തമ്മിലുള്ള അനുപാതത്തിന്റെ ഗ്രാഫ് തലതിരിഞ്ഞതായി. കർഷകർ കൃഷി ഭൂമി തരിശിടാൻ തുടങ്ങി. കാർഷിക രംഗത്തെ രോഗപ്രതിരോധത്തിനുവേണ്ടിയുള്ള ചിലവും പുതിയ രോഗകീടങ്ങളുടെ ആക്രമണവും മറ്റൊരു തിരിച്ചടിയായി. സാവധാനത്തിൽ തീർത്തും ഒരു ഉപഭോഗസംസ്ഥാനമായി മാറിയ കേരളത്തിൽ വാണിജ്യത്തിനും വ്യാപാരത്തിനുമായി മുഖ്യമായ സാദ്ധ്യത. നമ്മുടെ ഗ്രാമങ്ങളുടെ ദ്രുതഗതിയിലുള്ള നഗരവത്ക്കരണത്തിന്റെ കാരണമായി ഇതെല്ലാം.

വൈവിധ്യങ്ങളായ കാർഷിക വിളകളെക്കൊണ്ട് സമ്പന്നമായിരുന്ന കേരളം അവയുടെ ഉൽപാദനം നിന്നതോടെ മറ്റു സംസ്ഥാനങ്ങളേയും രാജ്യങ്ങളേയും ആശ്രയിച്ചാണ് ഭക്ഷ്യാവശ്യങ്ങൾ നിറവേറ്റുന്നത്. വ്യവസായികാടിസ്ഥാനത്തിൽ വൻ കോർപറേറ്റുകൾ വിളവുല്പാദനം നടത്തുമ്പോൾ ലക്ഷ്യം ലാഭം എന്നത് മാത്രമായിരിക്കും. വിവിധങ്ങളായ ഋതുക്കൾക്കനുസരിച്ച് പ്രകൃതി നമുക്ക് ഓരോ ഘട്ടത്തിലും ആയതിന് അനുയോജ്യമായ വിളകളാണ് തന്നിരുന്നത്. എന്നാൽ ആ അസംതുലിതാവസ്ഥയൊക്കെ തകിടം മറിഞ്ഞുപോയി. ഇന്നു നാം കഴിക്കുന്ന പുറത്തുനിന്നു വരുന്ന ഓരോ ഭക്ഷ്യവസ്തുക്കളും പാലുൾപ്പെടെയുള്ളവ മനുഷ്യശരീരത്തെ എങ്ങിനെയൊക്കെ വൈകൃതമാക്കി, രോഗബാധിതമാക്കി, മനുഷ്യ ശരീരത്തിന്റെ സംതുലനാവസ്ഥയെ താറുമാറാക്കി, മറ്റൊരു തലമുറയെ സാധ്യമല്ലാതാക്കുന്ന രീതിയിൽ വന്ധ്യതയടക്കമുള്ള ജനിത വൈകല്യങ്ങൾ സൃഷ്ടിച്ച് അതുവഴി ആശുപത്രികളുടെയും മരുന്നുകളുടെയും അനുബന്ധമേഖലകളുടേയും അതിവിപുലമായ ഒരു വ്യവസായ ശൃംഖലക്ക് ഇന്ന് കരുത്ത് പകർന്ന് കൊണ്ടിരിക്കുകയാണ്.

ഇവിടെയാണ് വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹിളാ കിസാൻ സശാക്തീകരൺ പരിയോജന പദ്ധതിയുടെ പ്രസക്തി. അനുദിനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന നെൽവയലുകളായിരുന്ന നീർത്തടങ്ങളെ തിരിച്ചു പിടിക്കുക, അതുവഴി മണ്ണ്, ജലം, ജൈവ-ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക എന്നീ ലക്ഷ്യത്തോടെ മഹിളാ കിസാൻ സശാക്തീകരൺ പരിയോജന പദ്ധതിയുടെ 'പൊൻകതിർ' എന്ന സ്ത്രീക്കൂട്ടായ്മയും സംയോജിത നീർത്തട വികസന പദ്ധതിയുടെ പൊതുകൂട്ടായ്മയും 40 പേരടങ്ങിയ സ്ത്രീകൾക്ക് യന്ത്രവത്കൃത കൃഷി രീതിയിൽ പരിശീലനം നൽകുകയും 19.12.2014 ൽ നെൽവയലുകളിൽ യന്ത്രങ്ങളുമായി ഇറങ്ങുകയും ചെയ്തു. പടിയൂർ പഞ്ചായത്തിലെ കാട്ടൂർ തെക്കും പാടം എടതിരിഞ്ഞി മേഖല പാടശേഖരത്തിലെ ഐനിക്കലിൽ ബഹുമാനപ്പെട്ട ഇരിഞ്ഞാലക്കുട എം.എൽ.എ തോമസ് ഉണ്ണിയാടൻ നടീൽ യന്ത്രം പ്രവർത്തിപ്പിച്ചുകൊണ്ട് ഉദ്ഘാടനകർമ്മം നിർവഹിച്ചു. ഏകദേശം 42 ഏക്കർ സ്ഥലത്ത് ഇപ്പോൾ നടീൽ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ബാലാരിഷ്ടതകൾ മറികടന്ന് അതിൽ നിന്നെല്ലാം പുത്തൻ ഊർജ്ജം ഉൾക്കൊണ്ടും അനുഭവപരിചയസമ്പത്ത് ആർജ്ജിച്ചും പൊൻകതിരിലെ ഓരോരുത്തരും കൂടുതൽ ഉയരങ്ങളിലേക്ക്. ഇപ്പോൾ അഞ്ച് യന്ത്രങ്ങളാണുള്ളത്. നെൽകൃഷിക്കാവശ്യമായ ഞാറ്റടി തയ്യാറാക്കി 15 ദിവസം മൂപ്പെത്തുമ്പോൾ യന്ത്രസഹായത്താൽ പറിച്ചു നടുന്നു. ഞാറ്റടി തയ്യാറാക്കുന്നതും ഈ വനിതാ കൂട്ടായ്മ തന്നെയാണ്. തുടർന്ന് കളപറിക്കൽ, കൊയ്ത്ത്, മെതി എന്നിവയും യന്ത്രവൽകൃത രീതിയിൽ നടത്താൻ സേനയെ (പൊൻകതിർ എന്ന വനിതാ ലേബർ ബാങ്കിനെ) ഇനിയും വിപുലപ്പെടുത്തി പരിശീലനം നൽകേണ്ടതുണ്ട്. ആയതിന്റെ പ്രവർത്തനങ്ങളുമായി ബ്ലോക്ക് പഞ്ചായത്തിലെ അഞ്ചു ഗ്രാമപഞ്ചായത്തുകളിലേയും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ മുന്നോട്ട് പോകുകയാണ്. പൊൻകതിർ വനിതാ ലേബർ ബാങ്കിന്റെ പ്രവർത്തന മികവ് അവർക്ക് കൂടുതൽ വാഗ്ദാനങ്ങളുമായി കർഷകർ മുന്നോട്ടു വരുന്നു എന്നുള്ളത് ആവേശം പകരുന്നതാണ്. നെൽകൃഷി കൂടാതെ മറ്റു കാർഷിക മേഖലകളിലേക്കും യന്ത്രവൽകൃതരീതി അവലംബിച്ച് തനതായ കാർഷിക സമൃദ്ധി ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളും ബ്ലോക്ക് പഞ്ചായത്ത് ലക്ഷ്യമിടുന്നു. യന്ത്രവൽക്കരണം കൊണ്ടുള്ള നേട്ടങ്ങൾ-ജോലിക്കാരെ കിട്ടാനുള്ള ബുദ്ധിമുട്ട്, ജോലിയുടെ വേഗത, കൃത്യത, സമയ ലാഭം, ഏർപ്പെടുന്ന തൊഴിലാളികൾക്ക് കിട്ടുന്ന കൂടിയ വേതനം എന്നിവയാണ്. ലോകത്താകമാനം ജീവിതശൈലീരോഗങ്ങൾ എന്ന ഓമനപ്പേരിലറിയപ്പെടുന്ന അവസ്ഥകൾക്കും, ആധുനികകൃഷി രീതികളിലൂടെയുള്ള വിഷമയവും ദോഷകരവുമായ കാർഷിക ഉല്പന്നങ്ങളുടെ ഉപയോഗം മൂലം ഉണ്ടായികൊണ്ടിരി

ജൈവകൃഷിയും ജൈവപ്രതിരോധ മാർഗ്ഗങ്ങളും അവയുടെ ഉപയോഗങ്ങളും. അതുകൊണ്ടുതന്നെ വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തും ഏറെ താല്പര്യത്തോടെ തങ്ങളുടെ പ്രവർത്തന പരിധിയിലുള്ള അഞ്ചു ഗ്രാമപഞ്ചായത്തുകളിലും നീർത്തടാധിഷ്ഠിത വികസന പദ്ധതിയുടെ ഭാഗമായി ജൈവകൃഷിരീതികൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ളതും പ്രകൃതി സൗഹൃദമായ വികസന പ്രവർത്തനങ്ങൾക്കും രൂപം നൽകിവരികയാണ്. ഇതിന്റെ ആദ്യഘട്ടം എന്ന നിലയിൽ വിവിധയിനം പരിശീലന പരിപാടികൾ പൂർത്തിയാക്കുകയും നീർത്തടത്തിൽപ്പെട്ട കുടുംബങ്ങളുടെ കൂട്ടായ്മയിലൂടെ തുല്യ ബാദ്ധ്യതാസംഘങ്ങൾ (JLG) രൂപീകരിച്ച് ജീവനോപാധികൾ നൽകി അത് കൃഷിക്കും അനുബന്ധ മേഖലകൾക്കും പ്രാധാന്യം നൽകി മുന്നേറുകയാണ്. കാരുമാത്ര, പുത്തൻചിറ നീർത്തടങ്ങളിലെ സംഘങ്ങൾക്ക് അതിനുവേണ്ടി ജൈവകൃഷിയും അനുബന്ധമേഖലയായ മൃഗസംരക്ഷണം, ഭക്ഷ്യോത്പന്നങ്ങളുടെ നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട് ഒരു ദിവസത്തെ വൈവിധ്യങ്ങളോടുകൂടിയ ഒരു പരിശീലനം 20.12.2014 ൽ നൽകുകയുണ്ടായി. പങ്കാളിത്തംകൊണ്ടും ഇടപെടലുകൾകൊണ്ടും ഏറെ സജീവവും ശ്രദ്ധേയവുമായിരുന്നു ഏകദിന ശില്പശാല. ഇതിന്റെയൊക്കെ പിൻബലത്താൽ ഭരണസമിതിയും ജീവനക്കാരും പൊൻകതിർ വനിതാ ലേബർ ബാങ്കും, വിവിധ സ്വയംസഹായ സംഘങ്ങളും തുല്യ ബാദ്ധ്യതാ സംഘങ്ങളും കുടുംബശ്രീയും വിദഗ്ദരും എന്നുവേണ്ട എല്ലാവരും അടങ്ങുന്ന സംഘം വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിലെ ജനങ്ങളെ വേറിട്ടൊരു ദിശാബോധത്തിലൂടെ നയിച്ച് പഴയകാല പഴമകളുടേയും തനതായ കാർഷിക സമൃദ്ധിയുടേയും തിരിച്ചുപിടിക്കലിന് ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്താൽ മുന്നേറിക്കൊണ്ടിരിക്കുന്ന മാതൃകകൾ ഏറെ അനുകരണീയമാണ്.■

ജോയിന്റ് ബ്ലോക്ക് ഡവലപ്പമെന്റ് ഓഫീസർ, വെള്ളാങ്ങല്ലൂർ

ക്കുന്ന ഭവിഷത്തുക്കൾക്കും, ഭൂമിയുടെ നിലനിൽപ്പിനു തന്നെ ഭീഷണിയായിട്ടുള്ള സ്ഥിതി വിശേഷങ്ങൾക്കും എതിരെ പുത്തൻ ബദലുകൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽ ഇന്ന് ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒരു കാര്യമാണ്

തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിന് ആലപ്പുഴ ജില്ലയിൽ നോഡൽ ഓഫീസറെ നിയോഗിക്കുന്നു

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഗ്രാമപഞ്ചായത്തുകളിൽ കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്നതിന് വകുപ്പുകൾ പദ്ധതി തയ്യാറാക്കണമെന്നും പ്രത്യേക നോഡൽ ഓഫീസറെ നിയോഗിക്കണമെന്നും ആലപ്പുഴ ജില്ലാ കളക്ടർ എൻ. പത്മകുമാർ നിർദേശിച്ചു. തൊഴിലുറപ്പ് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കളക്ട്രേറ്റിൽ നടന്ന ഉദ്യോഗസ്ഥതല യോഗത്തിൽ ആധ്യക്ഷ്യം വഹിക്കുകയായിരുന്നു അദ്ദേഹം.

വിവിധ വകുപ്പുകൾ നടപ്പാക്കുന്ന പ്രവർത്തികളുമായി തൊഴിലുറപ്പ് പദ്ധതി സംയോജിപ്പിക്കാം. ഇതിനായി വകുപ്പുകൾ വിവരശേഖരണം നടത്തി പദ്ധതി തയ്യാറാക്കണമെന്ന് കളക്ടർ പറഞ്ഞു.

സ്ഥായിയായ, ഉത്പാദനക്ഷമമായ, ആവർത്തന സ്വഭാവം ഇല്ലാത്ത, അളന്നു തിട്ടപ്പെടുത്താവുന്ന പ്രവൃത്തികൾ മാത്രമേ ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവൂ. തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ 60 ശതമാനം കാർഷികാധിഷ്ഠിത പ്രവർത്തനങ്ങൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് മാറ്റിവയ്ക്കണമെന്നു നിർദ്ദേശമുണ്ട്. ഇതനുസരിച്ച് പാടശേഖരങ്ങളുടെ ബണ്ട് നിർമാണം, ഫാം റോഡുകളുടെ നിർമാണം, നീർച്ചാലുകളുടെ നിർമാണവും പുനരുദ്ധാരണവും തുടങ്ങി ആവർത്തന സ്വഭാവമില്ലാത്ത പ്രവർത്തനങ്ങൾ കാർഷിക മേഖലയിൽ ഏറ്റെടുക്കാം.

പാലുൽപാദനവുമായി ബന്ധപ്പെട്ട തീറ്റപ്പുൽ കൃഷി, പശുത്തൊഴുത്ത്, ആട്ടിൻകൂട് തുടങ്ങിയവ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കാം. ദാരിദ്ര്യനിർമ്മാർജ്ജനത്തിന്റെ ഭാഗമായി പന്നിക്കൂട്, കോഴിക്കൂട് തുടങ്ങിയവ നിർമ്മിക്കാം. ജലസംരക്ഷണത്തിന്റെ ഭാഗമായി മഴക്കുഴി, കിണർ റീചാർജ്ജിങ്ങ് തുടങ്ങിയവ ഗ്രാമപഞ്ചായത്തുകൾക്ക് സംയോജിത പദ്ധതികളായി നടപ്പാക്കാം.

കടലാക്രമണം തടയാൻ തീരങ്ങളിൽ കണ്ടൽ മരങ്ങൾ വച്ചുപിടിപ്പിക്കാം. റോഡുകൾ, കോൺക്രീറ്റ് നടപ്പാതകൾ, സിമന്റ് കട്ടകൾ ഉപയോഗിച്ചുള്ള പാതകൾ തുടങ്ങിയ പണികൾ ഏറ്റെടുക്കാം. പദ്ധതികളുടെ നിർവ്വഹണത്തിന് ആവശ്യമായ സാധനസാമഗ്രികളുടെ വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വഹിക്കാം.

ഇന്ദിര ആവാസ് യോജനയും വിവിധ ഭവന പദ്ധതികളും പ്രകാരം വീട് നിർമ്മിക്കാൻ സഹായിക്കുന്നതിന് 90 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ സേവനം തൊഴിലുറപ്പിലൂടെ നൽകാം. ഇതിലൂടെ 19080 രൂപ അധികമായി ഗുണഭോക്താക്കൾക്ക് ലഭിക്കും. പട്ടികജാതി-വർഗ്ഗ, മത്സ്യതൊഴിലാളി വിഭാഗങ്ങൾക്കായി വകുപ്പുകൾ നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾക്കും ഇതിന്റെ ആനുകൂല്യം ലഭിക്കും.

സ്കൂളുകൾ, കോളജുകൾ, അംഗണവാടികൾ തുടങ്ങിയവയുടെ കമ്മ്യൂണിറ്റി ലാട്രിനുകളുടെ നിർമാണത്തിന് വിദഗ്ദ്ധ/അവിദഗ്ദ്ധ തൊഴിൽ സേവനം പ്രയോജനപ്പെടുത്താം. കളിസ്ഥലം, ഖര-ദ്രവ മാലിന്യ സംസ്കരണം എന്നിവയുമായി ബന്ധപ്പെട്ട പ്രവൃത്തികളും ഏറ്റെടുക്കാവുന്നതാണ്.

സ്വന്തമായി സ്ഥലമുള്ള അംഗണവാടികൾക്ക് കെട്ടിടവും ബേബിഫ്രണ്ട്ലി ടോയ്ലറ്റുകളുടെ നിർമ്മാണവും ഏറ്റെടുക്കാം. പട്ടികജാതി-വർഗ്ഗ, മത്സ്യത്തൊഴിലാളി കോളനികളിൽ വിവിധ പദ്ധതികൾ സംയോജിതമായി തൊഴിലുറപ്പു അംഗങ്ങളുടെ സേവനം ഉപയോഗിച്ച് നടപ്പാക്കാമെന്നും ജില്ലാ കളക്ടർ പറഞ്ഞു.

എ. അരുൺ കുമാർ
അസിസ്റ്റന്റ് എഡിറ്റർ, ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ

വിജയതീരത്ത് അഭിമാനത്തോടെ

ഷിബുവിൽസൻ

മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിലെ പഴയ വെട്ടത്ത് നാടിനോട് ചേർന്ന് കിടക്കുന്ന പ്രദേശമാണ് തിരൂർ ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്ന തലക്കാട് ഗ്രാമപഞ്ചായത്ത്. പ്രകൃതി പച്ചപ്പ് കൊണ്ട് അനുഗ്രഹിച്ച മനോഹര പ്രദേശം. ഗ്രാമ പഞ്ചായത്തിന്റെ രണ്ടാം വാർഡിൽ ഉൾപ്പെടുന്നതാണ് കട്ടച്ചിറ പ്രദേശം. ഇവിടെയുള്ള 70 ശതമാനം ആളുകളും ദാരിദ്ര്യരേഖക്ക് താഴെയാണ്, കൃഷിയെയും കൃഷിപ്പണിയെയും ആശ്രയിച്ച് കഴിയുന്നവർ.

സ്ത്രീകൾ സംഘടിച്ച് അതിലൂടെ സ്ത്രീ ശാക്തീകരണവും ഒപ്പം സാമ്പത്തിക ശാക്തീകരണവും കൈവരിച്ചാൽ സമൂഹം ശാക്തീകരിക്കപ്പെടും. അതുവഴി നാടിന്റെ ദാരിദ്ര്യം ഒരു പരിധിവരെ മാറ്റാൻ കഴിയും എന്ന ചിന്തയാണ് ഈ പ്രദേശത്തെ സ്ത്രീകളെ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കാൻ പ്രേരിപ്പിച്ചത്. അങ്ങനെ ദാരിദ്ര്യരേഖയ്ക്ക് താഴെ നിൽക്കുന്ന ഇവിടുത്തെ 10 സ്ത്രീകൾ ചേർന്ന് 'ഉണർവ് സ്വയം സഹായ സംഘം' എന്ന പേരിൽ ഒരു സ്വയം സഹായ സംഘത്തിന് 2012 ൽ രൂപം നൽകി. ചെറിയ തുക ത്രിഫ്റ്റായി ശേഖരിച്ച് വിജയാ ബാങ്ക് തിരൂർ ശാഖയിൽ നിക്ഷേപിച്ചു. തുടർന്ന് സംഘത്തെ ബ്ലോക്കിൽ രജിസ്റ്റർ ചെയ്തു. പ്രാരംഭ ഘട്ടത്തിൽ പ്രതിവാര ത്രിഫ്റ്റ് സമ്പാദ്യം ശേഖരിച്ച് ആതുക അംഗങ്ങൾക്ക് വായ്പയായി നൽകി ഒരു മിനി ബാങ്കായി പ്രവർത്തിച്ചു പോന്നു.

പേപ്പർ ബാഗ് നിർമ്മാണത്തോടൊപ്പം നോൺ വൂവൻ ബാഗ്, പേപ്പർ ഫയൽ, ഫയൽ ബോർഡ് തുടങ്ങിയവയുടെയും നിർമ്മാണം നടത്തുന്നു. ബ്ലോക്ക് പഞ്ചായത്തിൽ തന്നെ ഉള്ള എസ്.ജി.എസ്.വൈ. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിലാണ് ഈ യൂണിറ്റ് പ്രവർത്തിക്കുന്നത്.

തുടക്കത്തിലുണ്ടായ ആവേശം പ്രവർത്തനത്തിലുടനീളം കാഴ്ചവയ്ക്കാൻ കഴിഞ്ഞു എന്നതാണ് അവരുടെ വിജയത്തിന് ആധാരം. സംഘം ആരംഭിച്ച് ആറ് മാസം കഴിഞ്ഞപ്പോൾ ബാങ്കിന്റെ ആദ്യ വിലയിരുത്തൽ കഴിഞ്ഞ് ബ്ലോക്ക് പഞ്ചായത്ത് 10000/ രൂപ റിവോൾവിംഗ് ഫണ്ടായി നൽകി. ത്രിഫ്റ്റ് ശേഖരിച്ച് അത് വായ്പയായി നൽകിയാൽ മാത്രം പോര - എന്തെങ്കിലും സംരംഭം തുടങ്ങണം എന്ന ആശയം അവരിൽ ഉണ്ടായി. ഇതിലൂടെ മാത്രമെ ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യം നേടാൻ കഴിയൂ എന്ന് അവർക്ക് ബോധ്യമായി. തുടർന്ന് സംഘത്തെ രണ്ടാംഘട്ട വിലയിരുത്തലിന് വിധേയമാക്കുകയും പാസാവുകയും ചെയ്തു.

നാടിന് ആകെ ശാപമായിക്കൊണ്ടിരിക്കുന്ന പ്ലാസ്റ്റിക് എന്ന വില്ലനെ നേരിടാൻ പേപ്പർ ബാഗുകൾ രംഗത്തിറക്കാൻ സംഘാംഗങ്ങൾ തീരുമാനിച്ചു. ലോൺ നൽകാം എന്ന് ബാങ്കും സമ്മതിച്ചു. ബ്ലോക്ക് പഞ്ചായത്ത് വഴി പേപ്പർബാഗ് യൂണിറ്റിന് എസ്.ഐ.ജി. ഫോർ എസ്. എച്ച്.ജി. സ്കീം വഴി മൂന്ന് ലക്ഷം രൂപ വായ്പയും ഒരു ലക്ഷം രൂപ സബ്സിഡിയും ഉൾപ്പെടെ നാല് ലക്ഷം രൂപയ്ക്കുള്ള വിശദമായ പ്രോജക്ട് ബാങ്കിൽ സമർപ്പിച്ചു. കാലതാമസം കൂടാതെ തന്നെ ഘട്ടം ഘട്ടമായി വായ്പ അനുവദിക്കാൻ ബാങ്ക് പ്രത്യേക ശ്രദ്ധ ചെലുത്തി. ആദ്യ ഘട്ടമായി മെഷീനിനും തുടർന്ന് പേപ്പറിനുമുള്ള തുക ബാങ്ക് അനുവദിച്ചു. ഇതോടൊപ്പം തിരൂർ എസ്.എസ്.എം. പോളി ടെക്നിക്കിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി പോളി സ്കീം വഴി പേപ്പർ ബാഗ് നിർമ്മാണത്തിന് ബ്ലോക്ക് പഞ്ചായത്ത് പരിശീലനം നൽകി.

പേപ്പർ ബാഗ് നിർമ്മാണത്തോടൊപ്പം നോൺ വൂവൻ ബാഗ്, പേപ്പർ ഫയൽ, ഫയൽ ബോർഡ് തുടങ്ങിയവയുടെയും നിർമ്മാണം നടത്തുന്നു. ബ്ലോക്ക് പഞ്ചായത്തിൽ തന്നെ ഉള്ള എസ്.ജി.എസ്.വൈ. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിലാണ് ഈ യൂണിറ്റ് പ്രവർത്തിക്കുന്നത്. ഇപ്പോൾ പ്രതിദിനം 300 ബാഗുകൾ വരെ ഉൽപ്പാദിപ്പിക്കുന്നതിനും അത് വിൽക്കുന്നതിനും അവർക്ക് സാധിക്കുന്നുണ്ട്. വായ്പാ തിരിച്ചടവ് നടത്തുന്നതോടൊപ്പം യൂണിറ്റിലെ അംഗങ്ങൾ വരുമാന മാർഗ്ഗവും ഇതിലൂടെ കണ്ടെത്തുന്നു. പിൻതിരിപ്പിക്കാൻ ശ്രമിച്ചവർ അസൂയയോടെ നോക്കി നിൽക്കാൻ തക്ക വിജയം കൈവരിക്കാൻ കഴിഞ്ഞത് കഠിനാധ്വാനവും ആത്മവിശ്വാസവും കൊണ്ടുമാത്രമാണ്.■

തലക്കാട് ഗ്രാമപഞ്ചായത്ത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറാണ് ലേഖകൻ

ഭവന–തൊഴിലുറപ്പു പദ്ധതികളിൽ സംയോജിത മുന്നേറ്റം

കെ.ആർ. പുഷ്പലത

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ശ്രീകൃഷ്ണപുരം ബ്ലോക്ക് പരിധിയിലെ ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ) പദ്ധതിപ്രകാരമുള്ള ഗുണഭോക്താക്കൾക്ക് തൊഴിലുറപ്പുപദ്ധതിയുമായി ബന്ധപ്പെടുത്തി തൊഴിൽ നൽകുന്നു. കേന്ദ്ര ഗ്രാമവികസന വകുപ്പിന്റെ നിർദ്ദേശപ്രകാരം നടപ്പിലാക്കുന്ന സംയോജിത പദ്ധതിയുടെ ഉദ്ഘാടനം ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്തിലെ കാറൽമണ്ണയിലെ കാഞ്ഞിരക്കുറ്റിയിൽ സുനിതക്ക് മസ്റ്റർ റോൾ നൽകി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. സുരേഷ് നിർവ്വഹിച്ചു. ചടങ്ങിൽ പദ്ധതി പ്രവർത്തനങ്ങൾ തൊഴിലുറപ്പു പദ്ധതി ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ബെനില ബ്രൂണോ വിശദീകരിച്ചു. ഗ്രാമപഞ്ചായത്ത് മെമ്പർ ശശി, ബ്ലോക്ക് അസി. എൻജിനീയർ പുഷ്പലത, എ ഡി എസ് അംഗം മിനി തുടങ്ങി നിരവധി പേർ പങ്കെടുത്തു.

ശ്രീകൃഷ്ണപുരം ബ്ലോക്കിലെ ആകെവരുന്ന 456 ഐ.എ.വൈ. ഗുണഭോക്താക്കൾക്കാണ് ഇതിന്റെ സൗകര്യം ലഭിക്കുക. കൂടാതെ കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട മറ്റു പദ്ധതികൾക്കും തുടക്കം കുറിക്കും.

ശ്രീകൃഷ്ണപുരം ബ്ലോക്കിലെ ആകെവരുന്ന 456 ഐ.എ.വൈ. ഗുണഭോക്താക്കൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട മറ്റു പദ്ധതികൾക്കും തുടക്കം കുറിക്കും.

ഗുണഭോക്താവ് തൊഴിലുറപ്പു പദ്ധതിയിൽ അപേക്ഷ നൽകി തൊഴിൽ കാർഡ് ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്താക്കൾ സ്വന്തമായോ കുടുംബത്തിലെ 18 വയസ്സിനു മുകളിലുള്ള വർക്കോ പണിയെടുക്കാവുന്നതാണ്. 60 വയസ്സിനു മുകളിലുള്ളവർക്കും അംഗവൈകല്യമുള്ളവർക്കും പകരം തൊഴിലാളിയെ അനുവദിക്കുന്നതാണ്. കൂടാതെ, കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ സ്പഷ്ടീകരണപ്രകാരം 100 ദിവസത്തിൽ കൂടുതൽ പണിയെടുത്ത കുടുംബങ്ങൾക്ക് പകരം തൊഴിലാളിയെ അനുവദിക്കാവുന്നതാണ്. ഒറ്റക്കോ കൂട്ടായോ പ്രവൃത്തി പൂർത്തീകരിക്കാം. ആകെ 90 തൊഴിൽ ദിനങ്ങൾ നൽകുന്നതാണ്. ഇതനുസരിച്ച് ഓരോ കുടുംബത്തിനും 19080 രൂപയുടെ അധികധനസഹായം ലഭിക്കുന്നതാണ്.

ഒന്നാം ഘട്ടം : തറപണി തീർക്കുന്നതിന് – 28 തൊഴിൽ ദിനങ്ങൾ

രണ്ടാം ഘട്ടം : ചുമർപണി ലിന്റൽ ബീം വരെ – 24 തൊഴിൽ ദിനങ്ങൾ

മൂന്നാം ഘട്ടം : മേൽക്കൂര വരെ – 10 തൊഴിൽ ദിനങ്ങൾ

നാലാം ഘട്ടം : വീടുപണി പൂർത്തീകരിക്കുന്നതിന് – 28 തൊഴിൽ ദിനങ്ങൾ

എന്നിങ്ങനെ അവിദഗ്ധ തൊഴിൽ ദിനങ്ങൾ നാലുഘട്ടങ്ങളിലായി 90 തൊഴിൽ ദിനങ്ങൾ നൽകി പണി പൂർത്തീകരിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി എം.ഐ.എസിൽ സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികളുടെ നിർമ്മാണം എന്ന വിഭാഗത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.■

ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിലെ അക്രഡിറ്റഡ് എഞ്ചിനീയറാണ് ലേഖിക

ജീവിത വെളിച്ചം തെളിച്ചൊരു കൂട്ടായ്മ

ശബ്ദവും വെളിച്ചവും എന്നതിന് പ്രദേശത്തെ പര്യായപദമാകാൻ കഴിയുന്നതായി ഈ കൂട്ടായ്മ.

ഇ. മിനിപോൾ

ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ വയലാർ പഞ്ചായത്തിൽ ഏഴ്, എട്ട് വാർഡുകളിലെ പുരുഷന്മാർ ചേർന്ന് അവരവരുടെ തന്നെ ക്ഷേമവും പ്രദേശത്തിന്റെ ഉന്നമനവും ലക്ഷ്യം വച്ചുകൊണ്ട് ഐക്യ വേദി എന്ന പേരിൽ ഒരു സ്വയം സഹായ സംഘം മാർച്ച് 16-ാം തീയതി രൂപീകരിച്ചു. 13 അംഗങ്ങൾ ഉള്ള ഈ സംഘത്തിലെ നാല് പട്ടികജാതിക്കാരും, മൂന്ന് മൈനോരിറ്റിയും, ആറ് പൊതുവിഭാഗത്തിലും ഉള്ളവരാണ്.

സംഘം പട്ടണക്കാട് ബ്ലോക്ക് ഓഫീസിൽ 2013 ജൂൺ മാസത്തിൽ രജിസ്റ്റർ ചെയ്തു. രജിസ്റ്റർ നമ്പർ 03/13-14 ആയി പ്രവർത്തിക്കുന്ന ഈ സംഘത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി ഗ്രേഡ് ചെയ്യുന്നതിനായി 2013 സെപ്റ്റംബർ മാസത്തിൽ വി.ഇ.ഒ. ഗ്രൂപ്പിന്റെ പൊതുയോഗം വിളിച്ച് രജിസ്റ്ററുകൾ പരിശോധിച്ച് ബാങ്ക് പ്രതിനിധികളുടേയും, ജനപ്രതിനിധികളുടേയും സാന്നിദ്ധ്യത്തിൽ ഒന്നാം ഗ്രേഡിംഗ് നടത്തുകയും അത് വിജയിക്കുകയും ചെയ്തു.

ആഴ്ചയിൽ 30 രൂപാ വീതം ത്രിഫ്റ്റ് നിക്ഷേപിച്ചുകൊണ്ട് വയലാർ എസ്.സി. ബി.1428 ൽ A/C No.4463 ൽ അക്കൗണ്ട് തുടങ്ങി. ഈ തുക ഉപയോഗിച്ച് അംഗങ്ങളുടെ ആവശ്യം പരിഗണിച്ച് അതിനനുസൃതമായി വായ്പ അനുവദിച്ച് കൊടുക്കുന്നുണ്ട്. പ്രദേശവാസികളുടെ ക്ഷേമത്തിനുതകുന്ന ചികിത്സാ സഹായനിധി, വയലാർ പാലം പുനരുദ്ധാരണം, ചികിത്സാ ക്യാമ്പുകൾ, ശുചീകരണ പരിപാടികൾ എന്നീ ജനക്ഷേമപരമായ പ്രവർത്തനങ്ങളും നടത്തിവരുന്നു.

ആറു മാസത്തിനു ശേഷം എൽ.വി.ഇ.ഒ. ഗ്രൂപ്പിന്റെ അടിയന്തിര യോഗം വിളിച്ചുകൂട്ടി യോഗത്തിൽ വച്ച് വരുമാനദായകമായ പുതിയ തൊഴിൽ സംരംഭം തുടങ്ങുന്നതിനെപ്പറ്റി ചർച്ച ചെയ്തു. എല്ലാ അംഗങ്ങളും ചർച്ചയിൽ പങ്കെടുത്തു. ആ പ്രദേശത്ത് നിലവിൽ ഒരു ലൈറ്റ് ആന്റ് സൗണ്ട് യൂണിറ്റ് ഇല്ല എന്നും അങ്ങനെയൊരു സംരംഭം തുടങ്ങിയാൽ ലാഭകരമായിരിക്കുമെന്നും ചർച്ചയിൽ തീരുമാനമായി.

സംസ്ഥാന ഗവൺമെന്റിന്റെ പ്ലാൻ ഫണ്ടിൽപ്പെടുത്തി തൊഴിൽ സംരംഭം തുടങ്ങുന്ന ഒരു പഞ്ചായത്തിലെ ഒരു ഗ്രൂപ്പിന് ഒരു ലക്ഷം രൂപ സബ്സിഡിയോടുകൂടി വായ്പാ ബന്ധിതമായി തൊഴിൽ സംരംഭം തുടങ്ങുന്നതിന് പട്ടണക്കാട് ബ്ലോക്കിലെ വയലാർ പഞ്ചായത്തിലെ ഗ്രൂപ്പായി ഈ ഗ്രൂപ്പിനെ തെരഞ്ഞെടുത്തു.

അതനുസരിച്ച് അപേക്ഷാഫോറം തയാറാക്കി ഗ്രേഡിംഗ് ഷീറ്റും ഗ്രൂപ്പ് ഫോട്ടോയും ഉൾപ്പെടെ ബി.ഡി.ഒ.യ്ക്കു നൽകി. അപേക്ഷാ ഫോറം എൽ.വി. ഒയുടെ റിപ്പോർട്ടോടെ ബാങ്കിന് നൽകി. ബാങ്ക് ഗ്രൂപ്പ് യോഗത്തിൽ പങ്കെടുത്ത് നിലവിലുള്ള നിബന്ധനകൾക്ക് വിധേയമായി വായ്പ അനുവദിച്ചു. ഒരു ലക്ഷം രൂപ സബ്സിഡിയോടുകൂടി രണ്ട് ലക്ഷം രൂപ വായ്പ അനുവദിച്ചു.

തൊഴിൽ സംരംഭം നടത്തുന്നതിനെപ്പറ്റിയും അതിന്റെ കണക്ക് തയ്യാറാക്കുന്നതിനെപ്പറ്റിയും ഒരു അടിസ്ഥാന അവബോധ പരിശീലനം ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തുകയും ഗ്രൂപ്പിലെ 10 അംഗങ്ങൾ പരിശീലന പരിപാടിയിൽ പങ്കെടുക്കുകയും ചെയ്തു. 2014 മാർച്ച് 31-ാം തീയതിക്കുമുമ്പായി ബ്ലോക്ക് ഓഫീസിൽ നടത്തിയ പരിപാടിയിൽ ഞങ്ങളുടെ ഗ്രൂപ്പിനുള്ള ഒരു ലക്ഷം രൂപയുടെ സബ്സിഡിയും ചെക്കായി ഗ്രൂപ്പിന്റെ അക്കൗണ്ടിലേയ്ക്ക് ലഭിക്കുകയുണ്ടായി. തുടർന്ന് ഈ വായ്പ വിനിയോഗിച്ചുകൊണ്ട് ലൈറ്റ് ആന്റ് സൗണ്ട് യൂണിറ്റ് ചെറിയ ചടങ്ങോടുകൂടി ഉദ്ഘാടനം ചെയ്തു.

ഇതിനോടനുബന്ധിച്ച് നാല് മാസത്തിനുള്ളിൽ നാല് കല്യാണങ്ങൾക്കും അടിയന്തിരച്ചടങ്ങുകൾക്കും കല്യാണ നിശ്ചയങ്ങൾക്കും ഓർഡർ ലഭിച്ചു. പങ്കെടുത്ത അംഗങ്ങൾക്ക് വേതനം നൽകാനും 17000 രൂപ വായ്പയിലേക്ക് തിരിച്ചടയ്ക്കാനും സാധിച്ചു. ഈ സംരംഭം കുടുംബത്തിന് വിജയപ്രദമായ ഒരു വരുമാനദായകമായി വരും എന്ന ശുഭ പ്രതീക്ഷയിലാണ് ഞങ്ങൾ. സംരംഭത്തിനായി വാങ്ങിയ അസറ്റ് ഇപ്പോൾ ഒരു വാടക കെട്ടിടത്തിലാണ് സൂക്ഷിക്കുന്നത്.■

പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിലെ വനിതാക്ഷേമ ഓഫീസറാണ് ലേഖിക

ഗ്രാമഭൂമി

അബ്ദുൾ റഹിം

അറിവിന്റെ വെളിച്ചം
അകലെയുള്ളവരെ
അക്ഷരങ്ങളിലൂടെ
അറിയിച്ച ഭൂമിക
അതാണ് ഗ്രാമ ഭൂമി
അതിന് ആയിരം
ആയിരം ആശംസകൾ

കേരള നാടിന്റെ ഉല്പത്തി
നാൾമുതൽ കേരളത്തിന്റെ
തീരദേശങ്ങളിൽ മുഴങ്ങാതെ
അലയൊലിയായി നിന്നിടും
ഗ്രാമങ്ങളിൽ നൂതന
ശംഖൊലിയായി ഉയർന്നു വന്ന
ഗ്രാമഭൂമി.

ഓരോർത്തർക്കും വീടും
പശുവും വളർത്ത് മൃഗങ്ങളും
സംഘവും ജോലിയും നൽകി
പോരുന്ന അടിസ്ഥാന വകുപ്പാണ്
ഗ്രാമവികസനം.

വേലയും കൂലിയും കൂലികൂടാതെ
അരിയും ഗോതമ്പും
സ്കൂളിൽ പോകുവാൻ കുടയും
ഡ്രസ്സും വാങ്ങിക്കൊടുക്കുവാൻ
പണവും നൽകി പണ്ടു
നമ്മൾ പടുത്തുയർത്തിയ
ഗ്രാമങ്ങളിന്നും നമ്മളെ നോക്കുന്നു
ഉണർത്ത് പാട്ടിനായി.

പട്ടിണിപാവങ്ങൾക്ക്
പലതരം ജോലികൾ
വേലകൾ നൽകിയും ഏതൊരു
ഗ്രാമങ്ങളെയും ശുചിയാക്കുവാൻ
വേണ്ടി നിർദ്ദേശങ്ങൾ നൽകിയും
നീർത്തടങ്ങളെ കല്ല്കയ്യാല
വഴി ബന്ധിച്ചുനിർത്തി നിറയെ
കപ്പയും വാഴയും
പച്ചക്കറികളും നിറഞ്ഞ് നിറഞ്ഞ്
ഐശ്വര്യ സമൃദ്ധമായി
കാടിലും മലമേടുകളിലും
കൊയ്തെടുക്കുന്ന നെൽ
ക്കതിർപോലെ നിറയെ
പരക്കുന്നു ഗ്രാമവികസനം

മലയാളി മനസ്സിന്റെ നെറുകയിൽ
പൂച്ചുടി ഒന്നിച്ചു വാഴുവാൻ
നിർദ്ദേശം നൽകിയും
ഗ്രാമീണ ജനതതൻ സങ്കൽപ്പങ്ങളെ
ഒരു ആതിര താരകയായി
ഉയർത്തി നിർത്തിയും
നമ്മുടെ ഗ്രാമങ്ങളെ പുൽകി
നിൽക്കുന്നു എന്നും ഗ്രാമഭൂമി.

തൃണേരി മുൻ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസറാണ് രചയിതാവ്

അമ്പലത്തിങ്കൽതാഴ – കാവുംകുനി തോടിന് പുനരുദ്ധാരണം

തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ പത്താം വാർഡിൽ കൂടി കടന്നുപോകുന്ന പ്രധാനപ്പെട്ട തോടാണ് അമ്പലത്തിങ്കൽ താഴ-കാവും കുനി തോട്. കുറെക്കാലമായി ഉപയോഗശൂന്യമായി നശിച്ച് ജലസേചന സൗകര്യമില്ലാത്ത അവസ്ഥയിലായിരുന്നു. തോട് നവീകരിക്കുക എന്നത് സമീപവാസികളായ കർഷകരുടെ വളരെ കാലമായുള്ള ആവശ്യമായിരുന്നു. ഇതിനു മുൻപ് ഇതിൽ നിന്നുള്ള വെള്ളം ഉപയോഗിച്ച് നെൽക്കൃഷി, വാഴ, തെങ്ങ്, പച്ചക്കറി എന്നിവ ധാരാളം കൃഷി ചെയ്ത് വന്നിരുന്നു. എന്നാൽ ഈ തോട് നശിച്ചു പോയതിന്റെ ഭാഗമായി കാർഷിക മേഖലയിൽ യാതൊരു പ്രവൃത്തിയും ചെയ്യാൻ സാധിക്കാത്ത അവസ്ഥയിലായിരുന്നു. ഇതിന്റെ പ്രാധാന്യം മനസ്സിലാക്കുകയും ഗ്രാമസഭയിൽ നിന്നും വന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്സിൽ ഉൾപ്പെടുത്തി 2013-14 സാമ്പത്തികവർഷത്തിൽ അടങ്കൽ തുകയായി 84,500 രൂപ വകയിരുത്തി എസ്റ്റിമേറ്റ് ഉണ്ടാക്കി 54 തൊഴിലാളികൾ 448 തൊഴിൽദിനങ്ങളിലായി പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. 890 മീറ്ററോളം മണ്ണ്, കാട്, ചില സ്ഥലങ്ങളിൽ ചളി എന്നിവ നീക്കം ചെയ്ത് തോടിന്റെ ആഴം വർദ്ധിപ്പിച്ച് ജലസേചന

യോഗ്യമാക്കിത്തീർക്കാൻ സാധിച്ചു.

പ്രവൃത്തി പൂർത്തീകരിച്ചതിന്റെ ഭാഗമായി 54 അവിദഗ്ദതൊഴിലാളികൾക്ക് 76,800 രൂപ വേതനഘടകമായി വിതരണം ചെയ്യാൻ സാധിച്ചു. ഇതിൽ 22 അവിദഗ്ദതൊഴിലാളികളും എസ്സ്.സി വിഭാഗത്തിൽപ്പെട്ടവരായിരുന്നു. ഏകദേശം 25 ഏക്കർ സ്ഥലത്ത് വ്യാപിച്ചുകിടന്നിരുന്ന കൃഷിയിടങ്ങളിൽ ജലസേചന സൗകര്യമൊരുക്കുക വഴി കാർഷിക മേഖലയിൽ പുരോഗതി കൈവരിക്കാനും നാണ്യവിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കാനും സാധിച്ചു. ഈ പ്രദേശവാസികൾക്ക് കുടിവെള്ള ലഭ്യത ഉറപ്പ് വരുത്താൻ കഴിഞ്ഞു എന്നത് ഈ പ്രവൃത്തി ഏറ്റെടുത്തത് കൊണ്ടുള്ള മറ്റൊരു ഗുണമാണ്.

മല്ലപ്പള്ളി മികച്ച ബ്ലോക്ക് പഞ്ചായത്ത്

പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി 2013-2014 വർഷം കേരളത്തിലെ മികച്ച ബ്ലോക്കുപഞ്ചായത്തായി തിരഞ്ഞെടുക്കപ്പെട്ടു. വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരിയാണ് രണ്ടാംസ്ഥാനം കരസ്ഥമാക്കിയത്. വിജയികളായ ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികൾ സ്വരാജ് ട്രോഫി, ക്യാഷ് അവാർഡ്, സാക്ഷ്യപത്രം എന്നിവ പാലക്കാട് നടന്ന പഞ്ചായത്ത് ദിനാഘോഷച്ചടങ്ങിൽ ഏറ്റുവാങ്ങി. പ്ലാൻഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയുടെ വിനിയോഗം, സാംഖ്യ ഡബിൾ എൻട്രി പ്രവർത്തനം, കേരളത്തിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രവർത്തന പുരോഗതി എന്നിവയാണ് പ്രധാന മാനദണ്ഡങ്ങളായി പരിഗണിച്ചത്. മികച്ച പ്രവർത്തനം കാഴ്ചവെച്ച ബ്ലോക്ക് പഞ്ചായത്ത് സാരഥികളെ സംസ്ഥാന ഗ്രാമവികസന കമ്മിഷണർ കെ.വി മോഹൻകുമാർ അനുമോദിച്ചു.

ചെത്തുപ്പാലം തോടിന് സംരക്ഷണമായി

രാമനാട്ടുകര ഗ്രാമപഞ്ചായത്തിൽ 2013-14 കാലയളവിൽ നടപ്പിലാക്കിയ പ്രവർത്തികളിൽ പൊതുവേ തോട് സംരക്ഷണം പോലുള്ള പ്രവർത്തികളാണ് പൊതു ജനങ്ങൾക്കും നാടിനും ഉപകാരപ്രദമായി വർത്തിച്ചത്. രാമനാട്ടുകര പഞ്ചായത്തിലെ അഞ്ചാം വാർഡായ രാമനാട്ടുകര ടൗണിലൂടെ കടന്നു പോകുന്ന ചെത്തുപ്പാലം തോടിന്റെ ശോചനീയാവസ്ഥ മനസ്സിലാക്കി ജില്ലാ പഞ്ചായത്ത് സംയോജിത പദ്ധതിയിൽ ഉൾപ്പെടുത്തി ചെത്തുപ്പാലം തോട് സംരക്ഷണം ഒന്നാം ഘട്ടം രണ്ടാം ഘട്ടം എന്നീ (89000 രൂപ) രണ്ട് പ്രവർത്തികൾ നടപ്പിലാക്കുകയുണ്ടായി. ഈ പ്രവർത്തിയിൽ അടുത്തുള്ള മൂന്ന് വാർഡുകളിലേയും തൊഴിലാളികൾ പങ്കെടുത്തു. ആകെ 66 തൊഴിലാളികൾക്ക് 437 തൊഴിൽദിനങ്ങൾ ലഭ്യമായി. 82380 രൂപ ചിലവു വന്നു.പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവർത്തി സമീപവാസികൾക്ക് വളരെ പ്രയോജനകരമായി.

STATEMENT OF OWNERSHIP AND OTHER PARTICULARS ABOUT GRAMABHUMI BI- MONTHLY

From IV (See Rule 8)

1. Place of publication	:	Thiruvananthapuram
2. Periodicity of publication	:	Bi-monthly
3. Owner's Name, Nationality and Address	:	Sri. K.V. Mohankumar IAS, Indian, Commissioner of Rural Development, Swaraj Bhavan, Nandancode, Thiruvananthapuram
4. Printer's Name, Nationality and Address	:	Sri. K.P. Monylal, Indian Superintendent of Government Presses, Thiruvananthapuram
4. Publisher's Name, Nationality and Address	:	Sri. A. Abdul Hakkim, Indian Chief Officer, Rural Information Bureau, State Municipal House Vazhuthacaud, Sasthamangalam PO,Thiruvananthapuram- 10
5. Editor's Name, Nationality and Address	:	Sri. A. Abdul Hakkim, Indian Chief Officer, Rural Information Bureau, State Municipal House Vazhuthacaud, Sasthamangalam PO,Thiruvananthapuram- 10
6. Name and address of individuals who own the news paper, partners or share holders holding more than one percent of the total capital	:	Department of Rural Development, Government of Kerala

I, A. Abdul Hakkim, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

Thiruvananthapuram
28.02.2015

A. Abdul Hakkim
Chief Officer

ഡി. സഞ്ജീവഘോഷ്

അറിയാതെ മറയുന്ന ഗ്രാമീണ മത്സ്യങ്ങൾ

കേരളത്തിൽ ഉൾനാടൻ ജലാശയങ്ങളിൽ നിന്നും സുലഭമായി കിട്ടിയിരുന്ന സ്വദേശി മത്സ്യങ്ങളായ വരാൽ, കശി, കൂരി, ആരൽ, ആറ്റുവാള, ചേറുമീൻ, തുടങ്ങി മുപ്പതിലധികം മത്സ്യങ്ങൾ വംശനാശഭീഷണി നേരിടുന്ന അവസ്ഥയിലാണ്. മത്സ്യങ്ങൾ മാത്രമല്ല, ഞണ്ട്, കൊഞ്ച്, കക്ക, ചിപ്പി തുടങ്ങിയ ജലവിഭവങ്ങളും അവയുടെ സ്വാഭാവിക താവളങ്ങളായ കായലുകളും പുഴകളും അമിത മത്സ്യബന്ധനത്തിനു വിധേയമായി നാശോന്മുഖമായിരിക്കുന്നു.

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് പ്രതിശീർഷ മത്സ്യോപഭോഗം ഏറ്റവും കൂടുതലുള്ള സംസ്ഥാനം കേരളമാണ്. കേരളീയരിൽ എൺപതു ശതമാനത്തോളം പേർ മത്സ്യം കഴിക്കുന്നവരാണ്. ഇന്ത്യക്കാരിൽ മത്സ്യഭുക്കുകളായവരുടെ പ്രതിശീർഷ മത്സ്യോപഭോഗം പ്രതിവർഷം ഏകദേശം 16 കി.ഗ്രാം ആയിരിക്കേ കേരളീയരുടേത് 22 കി. ഗ്രാമിലധികം ആണ് എന്നാണ് കണക്കാക്കപ്പെടുന്നത്.

കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന മത്സ്യത്തിന്റെ ഏറിയ പങ്കും കടലിൽ നിന്നും പിടിച്ചെടുക്കുന്നതാണ്. പ്രതിവർഷം 8 ലക്ഷം ടണ്ണോളം മത്സ്യം ഉല്പാദിപ്പിക്കുന്ന കേരളത്തിൽ 6.5 ലക്ഷം ടണ്ണിലധികം മത്സ്യം കടലിൽ നിന്നും ലഭിക്കുന്നതാണ്. ബാക്കി ഉൾനാടൻ ജലാശയങ്ങളിൽ നിന്നു പിടിച്ചെടുക്കപ്പെടുന്നതും മത്സ്യകൃഷിയിലൂടെ ഉത്പാദിപ്പിക്കപ്പെടുന്നതുമാണ്. പിടിച്ചെടുക്കപ്പെടുന്ന ഉൾനാടൻ മത്സ്യ ഇനങ്ങളിൽ ഏറിയ പങ്കും ലഭിക്കുന്നത് കായലുകളിലും നദികളിലുമാണ്. കായലുകളിൽ നിന്നും ലഭിക്കുന്ന ഓരു ജലമത്സ്യങ്ങളും നദികളിലും പുഴകളിലും തടാകങ്ങളിലും നിന്നും ലഭിക്കുന്ന ശുദ്ധജല മത്സ്യങ്ങളും ചേർന്നതാണ് ഉൾനാടൻ മത്സ്യ ഇനങ്ങൾ. ആഹാരയോഗ്യമായ മത്സ്യഇനങ്ങൾക്കുപുറമെ ധാരാളം അലങ്കാര മത്സ്യങ്ങളും ഉൾനാടൻ ജലാശയങ്ങളിലുണ്ട്. മത്സ്യങ്ങൾ മാത്രമല്ല, ചെമ്മീൻ, കൊഞ്ച്, ഞണ്ട്, കക്ക, ചിപ്പി തുടങ്ങിയ ഭക്ഷ്യയോഗ്യമായ മറ്റു ജലജീവികളെയും നാം മത്സ്യങ്ങളുടെ ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉൾനാടൻ മത്സ്യങ്ങളുടെ വിഭാഗത്തിൽപ്പെട്ട നൂറിലധികം 'മത്സ്യങ്ങൾ' ആഹാരയോഗ്യമാണ്. കടലിൽ നിന്നും ഉൾനാടൻ ജലാശയങ്ങളിൽ നിന്നും പിടിച്ചെടുക്കുന്ന നല്ല ഇനം മത്സ്യങ്ങളിൽ ഭൂരിപക്ഷവും വിദേശരാജ്യങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുകയാണ് ഇപ്പോൾ ചെയ്തു വരുന്നത്. കേരളീയരുടെ മത്സ്യോപഭോഗം വശ്യകതകളെയും ആഭ്യന്തര കമ്പോളാവശ്യകതകളെയും കണക്കിലെടുക്കാതെ വിദേശീയരുടെ ഉപഭോഗം വശ്യകതകളും വിദേശ കമ്പോളാവശ്യകതകളും പ്രയോജനപ്പെടുത്തി പണം സമ്പാദിക്കുവാനാണ് മത്സ്യക്കച്ചവടക്കാരും കയറ്റുമതിക്കാരും ശ്രമിക്കുന്നത്. കയറ്റുമതികമ്പോളങ്ങളിൽ ചിലപ്പോൾ നിരസിക്കപ്പെടുന്ന നമ്മുടെ മത്സ്യങ്ങളും മത്സ്യോല്പന്നങ്ങളും ഗുണമേന്മാപരിശോധനയിൽ വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കാൻ യോഗ്യതയില്ലാത്തവയാണ് നിരസിക്കപ്പെടുന്നത് .നമ്മുടെ ആഭ്യന്തര കമ്പോളത്തിൽ കൂടിയ വിലയ്ക്ക് വിറ്റഴിക്കുവാനുള്ള തന്ത്രങ്ങളും മാർഗ്ഗങ്ങളും കയറ്റുമതിക്കാർ അവലംബിച്ചു വരുന്നുണ്ട്.

കേരളത്തിൽ വർദ്ധിച്ചുവരുന്ന മത്സ്യോപഭോഗത്തിൽ കച്ചവട സാദ്ധ്യതകൾ കണക്കിലെടുത്ത് വിലകുറഞ്ഞ മത്സ്യങ്ങൾ മറ്റു സംസ്ഥാനങ്ങളിൽ

നിന്നും പുറംരാജ്യങ്ങളിൽ നിന്നും കേരളത്തിലെ മൊത്തക്കച്ചവട മത്സ്യച്ചന്തകളിൽ (Fish whole sale markets) എത്തിച്ച് വിലകൂട്ടി വിൽക്കുന്ന പ്രവണത ദിനം പ്രതി വർദ്ധിച്ചുവരുന്നുണ്ട്. ചാള, മത്തി, അയല, ചൂട, ചൂര, ചെമ്മീൻ, കരിമീൻ തുടങ്ങിയ ഇരുപതിലധികം മത്സ്യ ഇനങ്ങൾ കേടുകൂടാതിരിക്കാൻ രാസവസ്തുക്കളും, ഐസും കൂട്ടിച്ചേർത്ത് ശീതീകരിച്ചാണ് മത്സ്യമൊത്തക്കച്ചവടക്കാരുടെ നിയന്ത്രണത്തിൽ കേരളത്തിലെ മൊത്തക്കച്ചവടമത്സ്യച്ചന്തകളിൽ എത്തിക്കുന്നത്. അർദ്ധരാത്രിയ്ക്കുശേഷം പ്രവർത്തനം ആരംഭിച്ച് നേരം പുലരും മുമ്പ് കച്ചവടം അവസാനിപ്പിക്കുന്ന കേരളത്തിലെ മൊത്തക്കച്ചവട മത്സ്യച്ചന്തകൾ മത്സ്യമുതലാളിമാരുടെയും ദല്ലാൾമാരുടെയും മൊത്തക്കച്ചവടക്കാരുടേയും അധീനതയിലാണ് പ്രവർത്തിക്കുന്നത്. കേരളത്തിൽ മുപ്പതിലധികം ഇത്തരം മത്സ്യച്ചന്തകളുണ്ട്. ഇവയിലൊന്നും തന്നെ സർക്കാർ നിയന്ത്രണമുള്ളതല്ല. (ചില സ്ഥലങ്ങളിൽ സർക്കാർ ചിലവിൽ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിച്ചു നൽകി ടോൾ പിരിവുകൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്നു മാത്രം). മൊത്തക്കച്ചവട മത്സ്യച്ചന്തകളെക്കുറിച്ചുള്ള സർവേയും അവിടങ്ങളിൽ നടക്കുന്ന മത്സ്യക്കച്ചവട രീതികളും വില നിയന്ത്രണ മാനദണ്ഡങ്ങളും അടിയന്തരമായി പഠന വിധേയമാക്കേണ്ടതുണ്ട്.

കേരളത്തിലെ പ്രാദേശിക ആഭ്യന്തര കമ്പോളങ്ങളിലേക്ക് വിതരണം ചെയ്യുന്നതിനായി അയൽ സംസ്ഥാനങ്ങളിൽ നിന്നും പ്രതിവർഷം ശരാശരി 2.8 ലക്ഷം ടൺ മത്സ്യം മൊത്തക്കച്ചവടച്ചന്തകളിൽ കൊണ്ടുവരുന്നുണ്ട് എന്ന് 2009 ൽ നടത്തിയിട്ടുള്ള ചില പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നുണ്ട്. എന്നാൽ 2011-12 വർഷത്തിൽ അത് 3.2 ലക്ഷം ടണ്ണായി വർദ്ധിച്ചതായും സമീപകാല പഠനങ്ങൾ കണക്കാക്കിയിരിക്കുന്നു. (സീ-റെംസ്-2013) കേരളത്തിൽ മത്സ്യോല്പാദനത്തിലുണ്ടായ ഗണ്യമായ കുറവും നല്ലയിനം മത്സ്യങ്ങളുടെ കയറ്റുമതിയിലുണ്ടായ വർദ്ധനവും ആഭ്യന്തര കമ്പോളങ്ങളിൽ മത്സ്യത്തിനുണ്ടായ വർദ്ധിച്ച ആവശ്യകതകളും വിലവർദ്ധനയും ഒക്കെയാണ് മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കൂടുതൽ മത്സ്യം കേരളത്തിലേയ്ക്ക് കൊണ്ടുവരാൻ മത്സ്യക്കച്ചവടക്കാരെ പ്രേരിപ്പിക്കുന്നത്. ചുരുക്കത്തിൽ കേരളത്തിൽ സാധാരണക്കാരായ മത്സ്യോപഭോക്താക്കൾക്ക് ഗുണമേന്മയുള്ള നല്ല മത്സ്യങ്ങൾ കിട്ടാത്ത ഒരു ദുരവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. ഉൾനാടൻ പ്രദേശങ്ങളിൽപ്പോലും ഒരു കാലത്ത് സുലഭമായിരുന്ന പലതരം രുചിയേറിയ ഗ്രാമീണ മത്സ്യങ്ങൾ ഒന്നുംതന്നെ ഇന്ന് കാണാൻ പോലും കിട്ടാത്ത അവസ്ഥ ഉണ്ടായിരിക്കുന്നു. നാട്ടിൻപുറങ്ങളിൽപ്പോലും ബൈക്കിലും പെട്ടിഓട്ടോയിലും റോഡുനീളെ വിറ്റുനടക്കുന്ന അയൽ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പഴക്കമുള്ള ഗുണമേന്മയില്ലാത്തതും രാസമിശ്രിതങ്ങൾ ചേർത്ത് ശീതീകരിച്ചതുമായ വിവിധതരം കടൽ മത്സ്യങ്ങൾ ഇന്ന് സുലഭമായിരിക്കുന്നു. കാഴ്ചയിൽ ഒട്ടും പഴക്കം തോന്നാത്ത ഈ മത്സ്യങ്ങൾക്ക് ഈടാക്കുന്ന വില വളരെ കൂടുതലാണ്. മത്സ്യമേഖലയുമായി യാതൊരു ബന്ധവുമില്ലാത്ത ആൾക്കാരാണ് ഈ മത്സ്യക്കച്ചവടക്കാരിൽ ഏറിയ പങ്കും എന്നതും ശ്രദ്ധേയമാണ്. ഉൾനാടൻ ഗ്രാമങ്ങളിൽ തലച്ചുമടായും സൈക്കിളിലും മത്സ്യം വിറ്റു ഉപജീവനം കഴിച്ചിരുന്ന കേരളത്തിലെ മത്സ്യത്തൊഴിലാളികളിൽ ഏറിയ പങ്കും തൊഴിൽ നഷ്ടപ്പെട്ടവരായിരിക്കുന്നു എന്ന വസ്തുതയും നാമറിയേണ്ടതുണ്ട്.

കേരളത്തിൽ ഉൾനാടൻ പ്രദേശങ്ങളിൽ നദികളിലും പുഴകളിലും കായലുകളിലും മത്സ്യബന്ധനം നടത്തി ഉപജീവനം കഴിക്കുന്ന ഉൾനാടൻ മത്സ്യത്തൊഴിലാളികുടുംബങ്ങൾ അധിവസിക്കുന്ന 113 ഉൾനാടൻ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളുണ്ട്. മത്സ്യബന്ധനം മാത്രം തൊഴിലായി സ്വീകരിച്ചിട്ടുള്ള 36,000 ത്തിലധികം മത്സ്യത്തൊഴിലാളികൾ ഈ ഗ്രാമങ്ങളിൽ ഉണ്ട്. (പട്ടിക-1) ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്തിനുണ്ടായ അപചയവും മറ്റു സംസ്ഥാനങ്ങളിൽ നിന്നും മത്സ്യം യഥേഷ്ടം എത്തുന്ന അവസ്ഥയും ഒത്തുചേർന്നപ്പോൾ ഈ മത്സ്യത്തൊഴിലാളികളിൽ ഏറിയ പങ്കും മത്സ്യബന്ധനവും മത്സ്യക്കച്ചവടവും ഉപേക്ഷിക്കുവാൻ നിർബ്ബന്ധിതരായിരിക്കുകയാണ്.

കേരളത്തിൽ ഉൾനാടൻ ജലാശയങ്ങളിൽ നിന്നും സുലഭമായി കിട്ടിയിരുന്ന സ്വദേശി മത്സ്യങ്ങളായ വരാൽ, കശി, കൂരി, ആരൽ, ആറ്റുവാള, ചേറുമീൻ, തുടങ്ങി മുപ്പതിലധികം മത്സ്യങ്ങൾ വംശനാശഭീഷണി നേരിടുന്ന അവസ്ഥയിലാണ്. മത്സ്യങ്ങൾ മാത്രമല്ല, ഞണ്ട്, കൊഞ്ച്, കക്ക, ചിപ്പി തുടങ്ങിയ ജലവിഭവങ്ങളും അവയുടെ സ്വാഭാവിക താവളങ്ങളായ കായലുകളും പുഴകളും അമിത മത്സ്യബന്ധനത്തിനു വിധേയമായി നാശോന്മുഖമായിരിക്കുന്നു.

കേരളത്തിന്റെ ഗ്രാമീണ മത്സ്യങ്ങളായ കാരി, കൂരി, മുശി, വരാൽ, ആരൽ, മലഞ്ഞീൽ തുടങ്ങിയ നാടൻ മത്സ്യങ്ങൾ മിക്കവയും വിശാലമായ വയലേലകളിലെ നെൽകൃഷിയുമായി ബന്ധപ്പെട്ട പ്രത്യേക ജൈവാവാസ വ്യവസ്ഥയുടെ അവിഭാജ്യമായ പ്രകൃതിദത്ത ഘടകങ്ങളായിരുന്നു. കേരളത്തിന്റെ വിശാലമായ വയലേലകൾക്കു ചുറ്റും അവിടവിടങ്ങളിലായി ധാരാളം കുളങ്ങളും തടാകങ്ങളും മറ്റു ചെറുജലശേഖരങ്ങളുണ്ടായിരുന്നു. നെൽപ്പാടങ്ങളിലേയ്ക്കുള്ള നീരൊഴുക്കുകൾ ഇവയുമായി ബന്ധപ്പെട്ടു കിടന്ന തോടുകളിലൂടെയും ചാലുകളിലൂടെയുമായിരുന്നു. ഈ ജലാശയങ്ങളിൽ

കണ്ടിരുന്ന മിക്ക നാടൻ മത്സ്യങ്ങളും ദേശാടന (Migration) സ്വഭാവമുള്ളവരായിരുന്നു. ഒരു കുളത്തിൽ നിന്ന് ചെറു നീരൊഴുക്കുകളിലൂടെ ഇറങ്ങി വയലേലകളിലെ നെൽച്ചെടികൾക്കിടയിൽ തങ്ങി നിന്ന് മണ്ണിരയേയും പുഴുക്കളേയും ചെറുപ്രാണികളേയും നെല്ലോലകളിൽ പറ്റിപ്പിടിച്ചിരിക്കുന്ന കീടങ്ങളേയും മറ്റു ജീവികളേയും ഒക്കെ ആഹരിച്ച് മറുകരയിലെ നീർച്ചാലുകളിലേയ്ക്കും കുളങ്ങളിലേയ്ക്കും നീന്തിയും ഇഴഞ്ഞും പോകുന്ന ഈ മത്സ്യങ്ങൾ ജലമില്ലെങ്കിലും നനവുള്ള ചെളിയിലും മണ്ണിലും തങ്ങി നിന്ന് അന്തരീക്ഷ വായു നേരിട്ട് ശ്വസിച്ച് ജീവിക്കുവാനും കഴിവുള്ളവയായിരുന്നു (ഉദാ: വരാൽ, കാശി, കൂരി, മുഷി മുതലായവ). മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ഈ വയൽ മത്സ്യങ്ങൾ (കുളമത്സ്യങ്ങൾ) നെൽപ്പാടങ്ങളിലെ പ്രകൃതിദത്ത ജൈവവള ദാതാക്കളും കീടനാശിനികളുമായിരുന്നു. രാസവളങ്ങളും രാസകീടനാശിനികളും വയലേലകളിൽ ഉപയോഗിച്ചു തുടങ്ങിയതോടെ ഈ മത്സ്യങ്ങളുടെ നിലനില്പ് തന്നെ ഇല്ലാതായി. മിക്ക വയൽ മത്സ്യങ്ങളും നാശോന്മുഖമായി വംശനാശ ഭീഷണി നേരിടുകയാണ്.

കേരളത്തിൽ വർദ്ധിച്ചു വരുന്ന മത്സ്യോപഭോഗം തൃപ്തമാകണമെങ്കിൽ കേരളത്തിലെ മത്സ്യോല്പാദനം വളരെയധികം വർദ്ധിക്കേണ്ടതുണ്ട്. മത്സ്യോല്പാദന വർദ്ധനവ് ലക്ഷ്യമിട്ട് പല പദ്ധതികളും ഇവിടെ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. കടൽ മത്സ്യമേഖലയിൽ അമിത മത്സ്യബന്ധനം നിയന്ത്രിച്ചും, അനാശാസ്യ മത്സ്യബന്ധന രീതികൾ നിരോധിച്ചും, മത്സ്യബന്ധന സമയം നിയന്ത്രിച്ചും സുസ്ഥിര മത്സ്യബന്ധനം (Sustainable Fishing) ഉറപ്പാക്കുവാനാണ് തീരുമാനിച്ചത്. അതിനായി 1980-ൽ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം (Kerla Marine Fishing Regulation Act) കേരളസർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കുകയുണ്ടായി. മത്സ്യ പ്രജനനകാലത്തെ അമിത മത്സ്യബന്ധനം തടയുന്നതിനായി 'വർഷകാല ട്രോളിംഗ് നിരോധനങ്ങൾ (Ban on Monsoon Trawling) എന്ന ശക്തമായ നടപടിയും വർഷങ്ങളായി നടപ്പാക്കിവരുന്നുണ്ട്. എന്നിട്ടും കടൽ മത്സ്യമേഖലയിൽ അമിത മത്സ്യബന്ധനവും ആശാ

പട്ടിക - 1

ജില്ല	മത്സ്യഗ്രാമങ്ങൾ (കുടുംബ സംഖ്യ)	മത്സ്യതൊഴിലാളികൾ	മത്സ്യതൊഴിലാളി
തിരുവനന്തപുരം	4	1439	—
കൊല്ലം	26	36653	6255
പത്തനംതിട്ട	3	2444	1317
ആലപ്പുഴ	24	66091	6743
കോട്ടയം	8	26533	5798
ഇടുക്കി	1	835	164
എറണാകുളം	15	68061	8543
തൃശൂർ	8	21125	1632
പാലക്കാട്	2	2768	418
മലപ്പുറം	6	4598	1600
കോഴിക്കോട്	8	12729	1735
വയനാട്	1	289	—
കണ്ണൂർ	5	6913	1631
കാസറഗോഡ്	2	1004	435
മൊത്തം	113	251482	36271

അവലംബം. സംസ്ഥാന ഫിഷറീസ് വകുപ്പ്

സ്യമല്ലാത്ത മത്സ്യബന്ധന പ്രവർത്തനങ്ങളും അനിയന്ത്രിതമായി വ്യാപിക്കുകയാണ് ഉണ്ടായത്. മാത്രവുമല്ല കാലാവസ്ഥയിലുണ്ടായ മാറ്റങ്ങൾ, ആഗോളതാപനം, കടൽ ജലനിരപ്പുയരൽ, കടൽനീരൊഴുക്കുകളുടെ ഗതിവിഗതികൾക്കുണ്ടായ മാറ്റം, മുതലായ പ്രതിഭാസങ്ങൾ കടൽ സ്ഥിതിയെ (Marine Eco System) അല്ലെങ്കിൽ സമുദ്രജല പരിസ്ഥിതിയെ (Marine Water Environment) മാറ്റി മറിക്കുകയുണ്ടായി. ഫലത്തിൽ കടൽ മത്സ്യങ്ങൾ പലതും അപ്രത്യക്ഷമാകുകയും ധാരാളം മത്സ്യങ്ങൾ കേരള സമുദ്രഭാഗം വിട്ട് മറു ഭാഗങ്ങളിലേയ്ക്ക് ദേശാടനം ചെയ്യുകയും ചെയ്തു. ഇപ്പോൾ ഇരുപതോളം കടൽ മത്സ്യങ്ങൾ ലഭ്യത കുറഞ്ഞ് വംശനാശ ഭീഷണി നേരിടുന്നവയായി (Threatend species) മാറുകയും ചെയ്തിരിക്കുന്നു. ചുരുക്കത്തിൽ കേരളത്തിന്റെ തീരസമുദ്ര ഭാഗങ്ങളിൽ നിന്ന് ഇനിയും കൂടുതൽ മത്സ്യം പിടിച്ചെടുക്കുവാൻ കഴിയുകയില്ല എന്നർത്ഥം.

മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരളത്തിൽ പല പദ്ധതികളും ആവിഷ്കരിക്കുകയുണ്ടായി. മത്സ്യകർഷക വികസന ഏജൻസികൾ (Fish Farmers development Agency (FFDA)) സ്ഥാപിച്ച് 'ശാസ്ത്രീയ മത്സ്യകൃഷിയും ശാസ്ത്രീയ ചെമ്മീൻ കൃഷിയും കേരളത്തിലുടനീളം നടപ്പിലാക്കുവാൻ നടപടികൾ കൈക്കൊണ്ടു. ഈ കൃഷി രീതികളിൽ ഏറ്റവും ആദായകരമായി മാറിയതും വ്യാപകമായതും ചെമ്മീൻ കൃഷി സംരംഭങ്ങളാണ്. കൊല്ലം ജില്ലയിൽ 1994-ൽ ഒരു ജലമത്സ്യകൃഷി വികസന ഏജൻസി (Brackish water Fish Farmers Development agency - BFFDA) യുടെ നേതൃത്വത്തിൽ മൺറോ തുരുത്ത് എന്ന ഗ്രാമത്തിൽ ആവിഷ്കരിച്ച ഒരു ഗ്രാമീണ ചെമ്മീൻ കൃഷി പദ്ധതിയായ 'ചെമ്മീൻ ഗ്രാമം' ഇന്ത്യയ്ക്കാകെ മാതൃകയാകുകയുണ്ടായി. ചെമ്മീൻ ഒരു 'കയറ്റുമതിച്ചരക്ക്' ആയതിനാൽ ഗ്രാമീണ കർഷകർക്ക് വലിയ സാമ്പത്തികനേട്ടം ഉണ്ടായി. മൺറോ തുരുത്തിലെ മത്സ്യകർഷകർ വളരെ അഭിവൃദ്ധിപ്പെടുകയും ഗ്രാമത്തിന്റെ മുഖച്ഛായതന്നെ മാറുകയും ചെയ്തു. എന്നാൽ ശാസ്ത്രീയ ചെമ്മീൻ കൃഷി കേരളീയരുടെ മത്സ്യോപഭോഗത്തിന് വേണ്ടത്ര പ്രയോജനപ്പെട്ടില്ല എന്നതാണ് സത്യം.

കേരളത്തിലെ ആഭ്യന്തര മത്സ്യോപഭോഗത്തെ സഹായിക്കുന്നതിനും ഉപയോഗപ്പെടാതെ കിടക്കുന്ന ഉൾനാടൻ ജലശേഖരങ്ങൾ മത്സ്യോല്പാദനത്തിനായി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി ആവിഷ്കരിച്ച മറ്റൊരു ഗ്രാമീണ പദ്ധതിയാണ് 'ജനകീയ മത്സ്യകൃഷി'. കേരളത്തിലെ ഉൾനാടൻ ഗ്രാമങ്ങളിൽ കാണുന്ന കുള

ങ്ങളും തടാകങ്ങളും ചെറു ജലാശയങ്ങളുമെല്ലാം വിവിധ തരം മത്സ്യകൃഷിക്കായി ഉപ യോഗപ്പെടുത്തിയ ഒരു വൻ പദ്ധതിയായിരുന്നു അത്. പദ്ധതി സമ്പൂർണ്ണ വിജയമായി രുന്നു. കേരളത്തിലെ ഉൾനാ ടൻ മത്സ്യോല്പാദനം ഇരട്ടി യായി വർദ്ധിപ്പിക്കുവാൻ കഴി ഞ്ഞു. പ്രസ്തുത പദ്ധതി ഇന്നും പല പേരുകളിൽ തുടർന്നു വരുന്നു. നല്ലയിനം വളർത്തു മത്സ്യങ്ങളും (കറ്റല, രോഹിത, മൃഗല, സിപ്രിന, വെള്ളിമീൻ, പുൽമീൻ തുടങ്ങി യവ) ആറ്റുകൊഞ്ചും ആഭ്യ ന്തര കമ്പോളങ്ങളിലെത്തിക്കു വാൻ ഈ പദ്ധതിയിലൂടെ കഴി ഞ്ഞു. എന്നിട്ടും കേരളത്തിലെ ആഭ്യന്തര മത്സ്യോപഭോഗത്തി നാവശ്യമായത്ര മത്സ്യം ഉല്പാ ദിപ്പിക്കുവാൻ നമുക്കു കഴി ഞ്ഞില്ല. അതിനായി ഇന്നും മറ്റു സംസ്ഥാനങ്ങളെ ആശ്രയി ക്കുകയാണ് നാം ചെയ്യുന്നത്.

പലതരം മത്സ്യകൃഷി പദ്ധ തികൾ നടപ്പിലാക്കുവാൻ നമുക്കു കഴിഞ്ഞുവെങ്കിലും കേരളത്തിന്റെ തനതായ മത്സ്യ ഇനങ്ങളുടെ ഉൽപാദന വർദ്ധ നവിനായി പ്രത്യേക പദ്ധതിക ളൊന്നും തന്നെ ആവിഷ്കരി ക്കുവാൻ നാളിതുവരെ നമുക്ക് കഴിഞ്ഞിട്ടില്ല. മാത്രവുമല്ല, നമ്മുടെ ഗ്രാമീണ മത്സ്യങ്ങ ളിൽ പലതും വംശനാശം സംഭ വിച്ച് എന്നെന്നേയ്ക്കുമായി നഷ്ടപ്പെട്ടു കഴിഞ്ഞു. ഇപ്പോൾ മിക്ക നാടൻ മത്സ്യ ങ്ങളും വംശനാശ ഭീഷണിനേ രിടുകയാണ്.

കേരളത്തിന്റെ അതുല്യ വും വൈവിധ്യമാർന്നതുമായ ഉൾനാടൻ മത്സ്യസമ്പത്ത് നശി ക്കാതെ സംരക്ഷിക്കുവാനും പ്രകൃതിദത്തമായ തനതു മത്സ്യഇനങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുവാനും നമുക്ക് ബാദ്ധ്യതകളുണ്ട്. കേരള ത്തിലെ ജനങ്ങളുടെ മത്സ്യോ പഭോഗാവശ്യതകൾ നിറവേറ്റു ന്നതിന് തദ്ദേശീയ മത്സ്യങ്ങ ളുടെ ജൈവസമ്പത്ത് സംരക്ഷ ണവും ഉല്പാദനവർദ്ധനവും ലക്ഷ്യമിട്ടുകൊണ്ട് ദീർഘവീ ക്ഷണത്തോടെയുള്ള ശാസ്ത്രീയ വികസനപരിപാ ലന പദ്ധതികൾ ആവിഷ്കരി ക്കുകയാണ് വേണ്ടത്.■

സങ്കേതങ്ങളുടെ സമഗ്രവികസനം സാധ്യമാക്കണം: മന്ത്രി

റാണി മത്തായി

ഗ്രാമീണ ജനതയുടെ ഉപജീ വനത്തിന് ആവശ്യമായ ജീവനോ പാധികൾ സൃഷ്ടിക്കുന്നതിനായി സർക്കാർ നടപ്പിലാക്കി വരുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി യിൽ പട്ടികജാതി / പട്ടികവർഗ / മത്സ്യത്തൊഴിലാളി കുടുംബ ങ്ങളെ മുഴുവൻ അംഗങ്ങളാക്കു ന്നതിനുവേണ്ടി ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന പ്രവർത്തനമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി "ശ്രദ്ധ" കാമ്പയിൻ.

എറണാകുളം ജില്ലയിൽ ആലങ്ങാട് ബ്ലോക്ക് പഞ്ചായ ത്തിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചാ യത്തുകളിലെ പട്ടികജാതി/പട്ടിക വർഗ്ഗ/ മത്സ്യത്തൊഴിലാളി സങ്കേതങ്ങൾ സന്ദർശിച്ച് എല്ലാ കുടുംബങ്ങൾക്കും ആവ ശ്യമായ പദ്ധതികൾ "ശ്രദ്ധ" ക്യാമ്പയിൻ നിർദ്ദിഷ്ട സർവ്വെ ഫോറത്തിൽ തയ്യാറാ ക്കും. സങ്കേതങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളും സങ്കേതങ്ങളി ല്ലാതെ താമസിക്കുന്ന എല്ലാ പട്ടികജാതി/ പട്ടികവർഗ്ഗ/മത്സ്യത്തൊഴിലാളി വിഭാഗം കുടുംബങ്ങളും ആണ് സർവ്വെ ടീം സന്ദർശി ക്കുന്നത്.

ബ്ലോക്ക് പഞ്ചായത്തുതല "ശ്രദ്ധ" കാമ്പ യിന് തുടക്കം കുറിച്ച് കരുമാല്ലൂർ പഞ്ചാ യത്ത് വി.എച്ച്. പട്ടികജാതി കോളനിയിൽ പൊതുമരാമത്തു മന്ത്രി വി.കെ. ഇബ്രാഹിം കുഞ്ഞ് പ്രശാന്ത് നിവാസിൽ ശോഭനാ വിജ യന്റെ ഭവനം സന്ദർശിച്ച് വികസനം എന്റെ അവകാശം മഹാത്മാഗാന്ധി എൻ.ആർ.ഇ. ജി.എസ്. - "ശ്രദ്ധ' കാമ്പയിനിൽ കുടുംബ ത്തിനാവശ്യമായ വ്യക്തിഗത ആസ്തി വിവ രങ്ങളുടെ സർവ്വെ നടത്തി.

മന്ത്രിയോടൊപ്പം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് റാണി മത്തായി, വൈസ് പ്രസി ഡന്റ് സുരേഷ് മൂട്ടത്തിൽ, ജില്ലാ പഞ്ചായ ത്തംഗം പി.എ. ഷാജഹാൻ സ്ഥിരം സമിതി അദ്ധ്യക്ഷരായ സൈഫുന്നിസ റഷീദ്, എ. എം. അബ്ദുൾ സലാം അംഗങ്ങളായ കെ. എസ്സ്. ഹരിദാസ്, ഷെറീനാ സിദ്ദിഖ്, വി.എം. സെബാസ്റ്റ്യൻ, അഡ്വ. പി.ആർ. രഘു., ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പി.എ. ജസ്റ്റിൻ, വി.ഇ.ഒ. ജോസഫ്, ഗ്രാമപഞ്ചാ യത്ത് തൊഴിലുറപ്പു പദ്ധതി ഉദ്യോഗസ്ഥർ എന്നിവർ സർവ്വെയിൽ പങ്കെടുത്തു.

തൊഴിലുറപ്പു പദ്ധതി നിയമം പട്ടിക-1 പ്രകാരം അനുവദനീയമായ എല്ലാ പദ്ധതി കളും ഓരോ വീടിന്റേയും ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിൽ 2014-15, 2015-16 വർഷങ്ങളിൽ പൂർത്തിയാക്കു കയാണ് സർവ്വെയുടെ ലക്ഷ്യമെന്നും കൂടാതെ ഓരോ സങ്കേതത്തിലും ആവശ്യ മായ പൊതു ആവശ്യങ്ങൾ കോളനി നിവാ സികളുമായി ആശയവിനിമയം നടത്തി പദ്ധ തികൾ ആവിഷ്ക്കരിച്ച് തൊഴിലുറപ്പു പദ്ധ തിയിൽ ഏറ്റെടുത്ത് സങ്കേതങ്ങളുടെ സമഗ്ര വികസനം സാധ്യമാക്കേണ്ടതാണെന്നും മന്ത്രി കോളനി വാസികളുമായുള്ള സംവാദത്തിൽ അറിയിച്ചു.

ബ്ലോക്ക് പഞ്ചായത്തിൽ എല്ലാ സങ്കേത ങ്ങളിലും ബന്ധപ്പെട്ട വാർഡു മെമ്പർമാരുടെ നേതൃത്വത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ - (കൺവീനർ), മഹാത്മാഗാന്ധി എൻ. ആർ.ഇ.ജി. എസ്സ്. എഞ്ചിനീയർ / ഓവർസീയർ ഡാറ്റാ എൻട്രി ഓപ്പറേറ്റർ, പട്ടി കജാതി പ്രമോട്ടർ, മേറ്റുമാർ എന്നിവരുടെ നേതൃത്വത്തിൽ ഭവന സന്ദർശനം നടന്നുവ രുന്നു. സർവ്വെ പൂർത്തിയാക്കി കുടുംബ ങ്ങൾക്കാവശ്യമായ പരമാവധി വ്യക്തിഗത ആവശ്യങ്ങൾ നിറവേറ്റുന്നതിന് ബ്ലോക്ക് പഞ്ചായത്ത് മുൻഗണന നൽകുന്നതാണ്.■

ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റാണ് ലേഖിക

വിജയിക്കാൻ നാല് മികച്ച സംരംഭങ്ങൾ

ഡോ. ഡി. ഷൈൻകുമാർ

വല്ലാവർക്കും ഒരു നിരുപമ രാജീവാകാൻ കഴിയുമോ എന്ന ചോദ്യം സ്വയം ചോദിച്ചാണ് ഹൗ ഓൾഡ് ആർ യു സിനിമ കണ്ട് പലരും പുറത്തിറങ്ങുന്നത്. മഞ്ജു വാര്യർ ഒരു രാത്രി മട്ടുപ്പാവിൽ ചാരിയിരുന്ന് ഉറങ്ങിക്കഴിയുമ്പോൾ പുലരിവെട്ടത്തിൽ സ്വപ്നത്തിലെന്നപോലെ ഒരു പൂങ്കാവനം. വീടുകളുടെ മട്ടുപ്പാവിലെല്ലാം പച്ചക്കറികൾ പൂത്തുലഞ്ഞു നിൽക്കുന്നു. അതിനുള്ള അധ്വാനം ചില്ലറയൊന്നുമായിരുന്നില്ല. എങ്കിലും പെൺമനസ്സുകളിലേയ്ക്ക് ആ ആശയം സന്നിവേശിപ്പിച്ച് മഞ്ജു വാര്യർ സിനിമയിൽ വിജയിച്ചു. കുടുംബശ്രീ പച്ചക്കറികൃഷിയുടെ ഗുഡ്വിൽ അംബാസിഡറുമായി.

ഇനിയാണ് കാര്യം, സിനിമയല്ല ജീവിതം. അത് നൽകുന്ന സർഗാത്മകതയും ആവിഷ്ക്കാര സ്വാതന്ത്ര്യവും തള്ളിക്കളയാൻ കഴിയില്ല എന്നതു വേറെ. മലയാളി എന്നെങ്കിലും ഇത്തരം കൃഷികൾക്കായി സമയം നൽകുമോ എന്നത് കാലത്തിന്റെ മുന്നിൽ ഒരു ചോദ്യമാണ്. മരുഭൂമിയിൽ ആപ്പിൾ ഉണ്ടാകുന്നതുപോലെ അത് കഠിനവും ക്ലേശപൂർണ്ണവുമായ ഒരഭ്യാസവുമാണ്. എങ്കിലും മാറുന്ന കാലത്തോട് ക്രിയാത്മകമായി ഇടപെടാൻ കുറച്ചുപേരെങ്കിലും തയാറാവുന്നുണ്ട് എന്നതാശ്വാസം. കൃഷി ആത്മസാക്ഷാത്ക്കാരത്തിന്റെ കലയാണെന്ന് ചിലരെങ്കിലും തിരിച്ചറിഞ്ഞു കഴിഞ്ഞു. ഒരു കാലത്ത് നാടിന്റെ സ്വരവും താളവും ശ്വാസവും സംസ്ക്കാരവുമൊക്കെയായിരുന്ന കൃഷി എന്നെങ്കിലും തിരിച്ചുവന്നേ തീരൂ. കൈയിൽ പണം വച്ചുകൊണ്ട് നാം പട്ടിണി കിടക്കുന്ന കാലം വിദൂരമല്ലെന്നറിയുന്നതുവരെ തൽക്കാലം ആശ്വസിക്കാമെന്നേയുള്ളൂ.

മനസ്സിൽ ഇനിയും അവശേഷിക്കുന്ന പച്ചപ്പുകളുടെ ഹരിതകാന്തിയിലേയ്ക്ക് ഓടിയണയാൻ ആഗ്രഹിക്കുന്നവർക്കാണ് ഈ കുറിപ്പ്. പ്രാചീനവും കുലീനവുമായ ഒരു തൊഴിലെന്ന നിലയിൽ അന്നത്തിനും ഒരു ചെറു വരുമാനത്തിനും കൂടി ഉതകുന്ന ഒന്നാണ് കൃഷി സംരംഭങ്ങൾ. പൈക്കളും പച്ചക്കറികളും മത്സ്യങ്ങളുമെല്ലാം ശില്പപരമായ ഒരു ഭക്ഷ്യഭദ്രത നൽകുമെന്നതിൽ സംശയമേതുമില്ല. സ്വയം ഒരു സംരംഭകനാകാൻ പലരും മുതിരാത്തതിന് കാരണങ്ങളുമുണ്ട്. വിജയത്തേക്കാൾ പരാജയകഥകളാണ് കൂടുതൽ എന്നതുതന്നെ മുഖ്യം. എന്നാൽ പരാജയപ്പെടാനുള്ളതല്ല സംരംഭങ്ങൾ. കൃത്യമായ ആസൂത്രണങ്ങളിലൂടെയും അനുഭവങ്ങളുടെ നേരറിവിലൂടെയും അത് ഉദ്ദേശിച്ചിടത്തെത്തണം. കുറഞ്ഞ പക്ഷം അതിനടുത്തെങ്കിലും. അതിനുള്ള അഗ്നി ഉള്ളിൽ സൂക്ഷിക്കുന്നവർക്കേ നല്ല സംരംഭകനാകാൻ കഴിയൂ. നല്ല സംരംഭകരാകാൻ വരുന്നവരെ കാത്തിരിക്കുന്ന പത്ത് സംരംഭങ്ങൾ ഇവിടെ അവതരിപ്പിക്കട്ടെ...

പണം ചൊരിയും ചീര

അനവാസ സമയം ദുർവാസാവ് മഹർഷിയും അനുചരന്മാരും യുധിഷ്ഠരന്റെ കുടീരത്തിൽ സന്ദർശിച്ച കഥയോർക്കുന്നുണ്ടാവും. ക്ഷിപ്രകോപിയായ ദുർവാസാവിനും പതിനായിരം അനുചരന്മാർക്കും കുളിച്ച് തിരികെ വരുന്ന സമയത്ത് ഭക്ഷണം കൊടുക്കാൻ കഴിയാതെ വിഷമസ്ഥിതിയിലായ പഞ്ചാലി കൃഷ്ണനെ പ്രാർത്ഥിച്ചു. അക്ഷയപാത്രത്തിന്റെ കഴുത്തിലിരുന്ന ചെറിയ ചീരയുടെ ഇല ഭഗവാൻ ഭക്ഷിച്ചതോടെ ദുർവാസാവും കൂട്ടരും വയർ നിറഞ്ഞതുപോലെ തോന്നി നിഷ്ക്രമിച്ചുവെന്ന് മഹാഭാരതം വനപർവം പറയുന്നുണ്ട്.

ചീരയിലയുടെ ഇതിഹാസ തുല്യമായ ഇടപെടലെന്ന് ഇതിനെ പറയാനാകില്ലെങ്കിലും അന്നേ ഒരു ദൈവീക പരിവേഷമുള്ള ഇല തന്നെയാണ് ചീര. കാണുന്നവരിലും കഴിക്കുന്നവരിലും തൃപ്തി നൽകുന്നതാണല്ലോ ദിവ്യാനുഭവം.

ചീര മലയാളിയുടെ എക്കാലത്തേയും വലിയ അഭിനിവേശം

തന്നെയാണ്. അരുൺ എന്ന ചുവന്ന ഇനത്തിനാണ് ഡിമാന്റെ. കള പറിച്ച് ചെറു ട്രില്ലറിന്റെ സഹായത്തോടെ കൃഷിസ്ഥലം ഉഴുതു മറിക്കണം. പിന്നെ മണ്ണ് നിരത്തി നിരപ്പാക്കണം. അത്രയേ വേണ്ടൂ. ഇനി ചീര വിത്ത് പാകൽ. ഒരു ദിവസം നേരത്തേ കിഴികെട്ടി നനച്ച് തയ്യാറാക്കി വച്ചിരിക്കുന്ന ചീരവിത്ത് ഉണങ്ങിയ കോഴി വളത്തിൽ മിക്സ് ചെയ്യും. ഒരു സെന്റിന് 25 ഗ്രാം വിത്തും 1 കിലോ കോഴി വളവും എന്നതാണ് കണക്ക്. നിരത്തിയ മണ്ണിലേയ്ക്ക് ഇത് വിതറിയാൽ പിന്നെ ദിനവും നനയ്ക്കാം. കൈനനയാണ് നല്ലത്. നാലാം പക്കം തന്നെ ചീര പൊടിച്ച് മണ്ണിനു മുകളിൽ വരും. ആറാം പക്കം വീണ്ടും വളപ്രയോഗം. ഉണങ്ങിയ കോഴിവളം തന്നെ മതി. എട്ടാം പക്കം ജൈവകീടനാശിനിയാകാം. പുകയില തിളപ്പിച്ച് അരിച്ചൂറ്റിയതും വെളുത്തുള്ളി മിക്സിയിലടിച്ച് അരിച്ചെടുത്ത ചാറും 3:1 എന്ന അനുപാതത്തിൽ ഗാർഡൻ സ്പ്രേയറിൽ നിറച്ച് ഇലകളിൽ തളിക്കാം. പതിനഞ്ചാം പക്കം ജൈവവള-രാസവള മിശ്രിതം നൽകാം. മിക്സ്ചർവളവും കോഴിവളവും ഇതിനായി ചേർക്കാം. സെന്റിന് ഒരു കിലോ കോഴി വളവും ഒന്നര കിലോ മിക്സ്ചറുമാവാം. പുഴു കാണുന്ന ചീരയെ പിഴുതു കളയാം. അമിതമായി കേടുണ്ടെങ്കിൽമാത്രം ഇൻഡോഫിൽ അഞ്ച് മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി സ്പ്രേ ചെയ്യാം.

നല്ല വെയിലുണ്ടെങ്കിൽ ഇരുപത്തഞ്ചാം പക്കം തന്നെ ചീര തണ്ടുറച്ച് ഇലവിടർത്തി തളിർത്ത് പറിക്കാൻ പാകമാകും. മണ്ണിൽനിന്ന് ഊരിയെടുത്ത് നന്നായി കഴുകി 10 കിലോ വീതമുള്ള കെട്ടുകളാക്കാം. 10 കിലോയുള്ള കെട്ടിന് 250 രൂപയിൽ കുറയാത്ത വില മാർക്കറ്റിൽ കിട്ടും. തണ്ടിന് കൈയിലെ പെരുവിരൽ കനമുണ്ടെങ്കിൽ 100 തൈകൾ മതി 10 കിലോ എത്താൻ. ഒരു വിളവെടുത്താൽ അന്നുതന്നെ മണ്ണ് നിരത്തി അടുത്ത കൃഷി ആരംഭിക്കാമെന്നത് മറ്റൊരനുഗ്രഹമാണ്.

ചീര വിത്തുകൾ ലഭിക്കാൻ ബന്ധപ്പെടുക : ഇൻസ്ട്രക്ഷണൽ ഫാം, വെള്ളായണി - 0471 - 2383573

ഐശ്വര്യത്തിന്റെ കൃഷിയിടം വാഴയും ചേനയും

ഒരേക്കറിൽ വരി തെറ്റാതെ നിരന്നു നിൽക്കുന്നത് നമ്മുടെ നേന്ത്രൻ വാഴ. കോണുകളിലെ നാല് നേന്ത്രന്റെ സമചതുരത്തിനുള്ളിൽ നടുവിലായി ഓരോ ചേന കുടപിടിച്ചു നിൽക്കുന്നു. ഓരോ നേന്ത്രനുമിടയിൽ മഴയെ മുത്തുമണികളാക്കുന്ന ചേമ്പ്. ഐശ്വര്യസമൃദ്ധമായ ഈ തോട്ടം ആരുടേയും കണ്ണുകളെ മാടി വിളിക്കും. ചന്തമാണ് കൃഷിഭൂമിയുടെ ഒരു നേട്ടം. സമ്മിശ്രകൃഷിയെന്നാൽ എല്ലാമാണെന്ന തെറ്റിദ്ധാരണ വേണ്ട. ഓരോന്നിനും അതിന്റേതായ സ്ഥലവും സൂര്യപ്രകാശവും വേണം. ഓരോന്നിനേയും അതാത് കാലത്ത് നട്ട് പരിപാലിക്കണം. ഒന്നുപോയാൽ ഒന്ന് എന്നതാണ് തന്ത്രമെങ്കിലും എല്ലാം കിട്ടുന്ന രീതിയിൽ തോട്ടമൊരുക്കിയാൽ നേട്ടം ചില്ലറയൊന്നുമല്ല. നേന്ത്രൻ പത്താം മാസവും ചേന എട്ടാം മാസവും ചേമ്പ് ആറാം മാസവുമാണ് വിളവ്. വൃശ്ചികത്തോടെ നേന്ത്രൻ നട്ടാൽ ഉയർന്ന വില നിൽക്കുന്ന ഓണക്കാലത്ത് കൊയ്യാം. കുംഭത്തിൽ ചേനയും മേടം പകുതിയോടെ ചേമ്പുമൊക്കെയായാൽ മഴയെ ആശ്രയിച്ചുള്ള കൃഷി തകൃതിയാകും. ചങ്ങഴിക്കോടനും നെടുനേന്ത്രനും ആറ്റുനേന്ത്രനും കാളിയത്തേനുമൊക്കെയാണ് മികച്ച നേന്ത്രൻ ഇനങ്ങളെങ്കിൽ വശങ്ങളിലേയ്ക്ക് വളരുന്ന പിള്ളച്ചേമ്പാണ് ഇടവിളകൃഷിക്ക് നല്ലത്. ഗജേന്ദ്രൻ എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന കുംഭച്ചേന കുടംപോലെ വളരുന്നവയാണ്.

നല്ല നീർവാർച്ചയും വളക്കൂറുമുള്ള പശിമരാശി മണ്ണാണ് കൂട്ടുകൃഷിക്ക് നല്ലത്. ഒരേക്കറിൽ ആയിരം നേന്ത്രക്കന്ന് നടാം. വരികൾ തമ്മിൽ രണ്ട് മീറ്റർ അകലവും തടങ്ങൾ തമ്മിൽ രണ്ട് മീറ്റർ അകലവും വേണം. ചാല് കോരി തടം തയ്യാറാക്കണം. വേരുകളും കല്ലുകളും ചെത്തിമാറ്റിയ വാഴക്കന്നുകൾ ചാണകവും ചാരവും ചേർത്തുണ്ടാക്കിയ ലായനിയിൽ അര മണിക്കൂർ മുക്കിവച്ച് കന്നിന്റെ തട അരയടി നീളത്തിൽ മുറിച്ചുകളഞ്ഞ് രണ്ടാഴ്ച തണലത്തുവച്ചുണക്കിയാണ് നടാൻ പാകമാക്കുന്നത്.

മേൽമണ്ണ്, അരക്കിലോ കുമ്മായം, ചാരം, അഴുകിപ്പൊടിഞ്ഞ ചവർ എന്നിവചേർത്തിളക്കിയ മിശ്രിതത്തിൽ വാഴക്കന്ന് ചവുട്ടിയുറപ്പിക്കാം. നടുമ്പോൾത്തന്നെ ഒരു കുട്ട ചാണകം വാഴക്കടയിൽ ജൈവവളമായി ഇടാം. 25 കിലോഗ്രാം പൊടിഞ്ഞ ചവർ ഇട്ടതിനു മുകളിലാണ് വളമിടേണ്ടത്. ഓരോന്നിനുചുറ്റും ഇടങ്ങഴി വെണ്ണീറും 30 ഗ്രാം ഫ്യൂറിഡാനും വിതറിക്കൊടുക്കാം.

നട്ട് കഴിഞ്ഞ് രണ്ട് മാസം മണ്ണുകിളച്ച് താഴ്ത്തണം. കിളയ്ക്കുന്ന മണ്ണ് വാഴയുടെ കടയിൽനിന്നും ഒരടി മാറ്റിയിടണം. ധനുമാസത്തോടെ നന തുടങ്ങാം. ഒന്നിട വിട്ട ദിവസങ്ങൾ നനയ്ക്കണം. നന തുടങ്ങുമ്പോൾ ഒരു കിലോ തേയില ചണ്ടി ഇട്ടുകൊടുക്കാം. നന തുടങ്ങി 15 ദിവസം കഴിഞ്ഞ് ഒരു കുട്ട ചാണകവും വീണ്ടും 15 ദിവസത്തിനുശേഷം ഒരു കിലോ ചാരവും ഇടാം. കുലയ്ക്കുന്നതിനു മുൻപുവരെയുള്ള കന്നുകൾ കൊത്തിനശിപ്പിച്ചുകളയണം. കുല വന്നതിനുശേഷം ഒന്നോ രണ്ടോ കന്നുകൾ നിർത്തി ബാക്കി നശിപ്പിച്ചു കളയുന്നത് വാഴക്കുലയുടെ കരുത്തിന് നല്ലതാണ്. ഉയർന്ന വിളവിന് രാസവളവും ചേർക്കാം. നാല് തവണയായി NPK, NK, NK, N2 എന്ന ക്രമത്തിൽ കുല വരുന്നതിന് തൊട്ടുമുൻപുവരെ (ഏഴാം മാസം വരെ) ചേർക്കാം.

നാല് വാഴ നിൽക്കുന്ന സമചതുരത്തിന്റെ ഒത്ത നടുവിൽ ചേന വയ്ക്കാം. ആയിരം ചേന ഇത്തരത്തിൽ നടാം. നടുക്കുള്ള മുള കുത്തിക്കളഞ്ഞ് ചാണകത്തിലും ചാരത്തിലും മുക്കി രണ്ടാഴ്ച തണലത്തുണക്കിയാണ് വിത്തുചേന തയ്യാറാക്കുന്നത്. പത്ത് കിലോയുള്ള ഒരു വിത്തുചേനയിൽനിന്നും ആറ് മുള വിത്ത് കിട്ടും.

ചാരവും ചവറഴുകിയ പൊടിയും ചാണകപ്പൊടിയും കുമ്മായവും ചേർത്ത് മേൽമണ്ണുമായി ഇളക്കിയ മിശ്രിതത്തിലാണ് ഒരു കൈപ്പത്തി ആഴത്തിൽ ചേന നടുന്നത്. കുംഭത്തിൽ നട്ടാൽ രണ്ട് മാസത്തിലൊരിക്കൽ വളം ചേർക്കാം, ചവറിട്ട് പുതയിടാം.

ചേമ്പിനേയും കൂട്ടുകൃഷിയിൽ കൂട്ടാം. രണ്ട് വാഴകൾക്കിടയിൽ ഒന്ന് എന്ന ക്രമത്തിൽ രണ്ടായിരം ചേമ്പുകൾ നടാം. മണ്ണ് കിളച്ചിളക്കി കാലിവളവും ചാരവും ചേർത്താണ് നടീൽ. നട്ടയുടനെ നന പ്രധാനമാണ്. പ്രമുഖ ചേമ്പിനങ്ങളായ ശ്രീരശ്മിയും

ശ്രീപല്ലവിയും ശ്രീകിരണുമൊക്കെ ഉപയോഗിക്കാം.

900 നേന്ത്രക്കുലകളെങ്കിലും ഓണത്തിന് കൊയ്യാം. കുല യൊന്നിന് 12-15 കിലോഗ്രാം വരെ എത്തും. കിലോയ്ക്ക് 25 രൂപയോളം വില ലഭിക്കും. ശരാശരി 15 കിലോ തൂക്കമുള്ള ചേന ആയിരത്തോളം കിട്ടും. കിലോയ്ക്ക് 15 രൂപ മാർക്കറ്റ് വിലയുണ്ട്. ചേമ്പാകട്ടെ ശരാശരി 5 കിലോ എന്ന കണക്കിൽ രണ്ടായിരം തടത്തിൽനിന്നും വിളവെടുക്കാം. 15 രൂപ കിലോയ്ക്ക് വിലയുണ്ട്.

വിത്തുകൾക്ക് : കിഴങ്ങുഗവേഷണകേന്ദ്രം, ശ്രീകാര്യം, തിരുവനന്തപുരം - 0471 - 2598551. ബനാന നഴ്സറി, പെരിങ്ങമല 0472-2846488

മീൻകൃഷി നൂറുമേനി

കുടമ്പുളിയിട്ട് മൺചട്ടിയിൽ വച്ച പുഴമീന്റെ സ്വാദ് ഒന്നു വേറെ തന്നെയാണ്. വായിൽ കപ്പലോടിക്കാൻ പാകത്തിൽ വെള്ളമൂറിക്കുന്ന ഈ രുചി തന്നെയാണ് കുളങ്ങളിലും ചതുപ്പുകളിലും നീന്തിത്തുടിക്കുന്നത്. ഒരുപക്ഷേ ശുദ്ധജല മത്സ്യകൃഷിക്കാർക്ക് ആറ്റൊഴുക്ക് പോലെ ആദായം നൽകുന്നത്. സൂക്ഷ്മമായ ശ്രദ്ധയും നേരിട്ടുള്ള മേൽനോട്ടവുമുണ്ടെങ്കിൽ മീൻകൃഷിയിൽ നൂറ് മേനി കൊയ്യുമെന്നതിൽ രണ്ടഭിപ്രായമില്ല.

ഉത്തരേന്ത്യൻ കാർപ്പുകളായ രോഹു, കട്ല, മൃഗാൾ എന്നിവയും വിദേശ ഇനങ്ങളായ സിൽവർ, ഗ്രാസ്, കോമൺ എന്നിവയുമാണ് വലിയ പ്രതിസന്ധികളില്ലാതെ എളുപ്പത്തിൽ കൃഷി ചെയ്യാൻ കഴിയുന്ന മത്സ്യങ്ങൾ. കൂടാതെ തുളി, കൂരൽ, തിരുത, പൂമീൻ എന്നീ നാടൻ മീനുകളേയും കാർപ്പുകളോടൊത്ത് കൃഷി ചെയ്യാം.

കൃഷിഭൂമിയിൽ കുളങ്ങളുള്ളവർക്ക് ഇത് നല്ല അവസരമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ പാഴായിക്കിടക്കുന്ന കുളങ്ങളും ചിറകളും ലീസിനെടുത്തും മീനിറക്കാം. കുറഞ്ഞത് ഒന്നര മീറ്റർ ആഴത്തിൽ കുളം ചെളികോരി വൃത്തിയാക്കി ബണ്ടുകൾ ബലപ്പെടുത്തിവേണം കൃഷിയ്ക്കിറങ്ങാൻ. ദീർഘചതുരാകൃതിയിലുള്ള കുളങ്ങളാണ് മത്സ്യകൃഷിക്ക് നല്ലത്. കുളം വറ്റിച്ച് നന്നായി വെയിലടിപ്പിച്ച് ഉണക്കി ആദ്യം ബ്ലീച്ചിംഗ് പൗഡർ ഇടണം. നീർവാളക്കുരുവും മറ്റും അരച്ച് കലക്കി അടിയിൽ നിക്ഷേപിച്ചാൽ മത്സ്യഭോജികളെ നശിപ്പിക്കാം. സെന്റിന് 4 കിലോ ചാണകം, 50 ഗ്രാം യൂറിയ, 50 ഗ്രാം സൂപ്പർഫോസ്ഫേറ്റ് എന്നിവ ചേർത്ത് വെള്ളം കയറ്റിയാണ് കുളം തയ്യാറാക്കുന്നത്. പ്രാണവായുവിന്റെ അളവ്, പ്ലവകങ്ങളുടെ വളർച്ച എന്നിവ നിരീക്ഷിക്കണം. പി.എച്ച്. ലായനിയിലിൽ സാമ്പിൾ വെള്ളം പരീക്ഷിച്ച് അമ്ല-ക്ഷാരനില 7.5 മുതൽ 8.5 നുള്ളിൽ നിലനിർത്താൻ പ്രത്യേകം ശ്രദ്ധിക്കണം. അമ്ലനില കുറയ്ക്കാൻ സെന്റിന് അരക്കിലോ കുമ്മായമിടാം. വലവേലിയും ബണ്ടുമുയർത്തി കുളം സംരക്ഷിക്കണം.

വെള്ളം കയറ്റി കുളം പച്ചനിറമായാൽ ഒരാഴ്ച്ചയ്ക്കകം മീൻകുഞ്ഞുങ്ങളെ നിക്ഷേപിക്കാം. മേജർ കാർപ്പുകളായ രോഹു, കട്ല, മൃഗാൾ എന്നിവയുടെ ഫിംഗർ ലിംഗ്സിനെ സൂക്ഷ്മമായി നിക്ഷേപിക്കണം. കടലപ്പിണ്ണാക്കും അരിത്തവിടും 1:1 എന്ന ക്രമത്തിലാക്കി കൈത്തീറ്റ നൽകാം. ഗ്രാസ് കാർപ്പുകൾക്കാകട്ടെ വാഴയിലയും കപ്പയിലയും പുല്ലുമൊക്കെയാണ് തീറ്റ. കുളത്തിലെ കളനിർമ്മാർജ്ജനത്തിന് ഇവയെ ഉപയോഗിക്കാം. രോഹുവും കട്ലയുമൊക്കെ നല്ല തീറ്റയിൽ 10 മാസം കൊണ്ട് ഒരു കിലോ എത്തുമ്പോൾ ഗ്രാസ്സുകൾ ഒന്നരക്കിലോ വരെ ഭാരം വയ്ക്കും. ഓരോന്നിലും വിളവ് 50 ശതമാനമെന്ന് കണക്കാക്കാം. 100 കുഞ്ഞുങ്ങളെ ഇറക്കിയാൽ 50 കിലോ മീൻ കിട്ടുമെന്ന് സാരം. കിലോ 150 മുതൽ 200 രൂപ വരെ വിപണി വിലയുണ്ട്.

മത്സ്യക്കുഞ്ഞുങ്ങൾക്ക് : മത്സ്യകർഷക വികസന ഏജൻസി, വിവിധ ജില്ലകൾ: ഗവ. ഫിഷ് ഫാം, പള്ളം - 94463 79027, ഗവ. ഫിഷ് ഫാം, പന്നിവേലിച്ചിറ - 94474 93216, നാഷണൽ ഫിഷ് ഫീഡ് ഫാം, പോളച്ചിറ - 0469 2619543

മലബാറി തയാർ, ബ്രോയിലറാകാൻ

ആടറിയുമോ അങ്ങാടി വാണിഭം എന്നാണ് ചൊല്ലെങ്കിലും നാടറിയേണ്ട ആട് വാണിഭത്തിലേയ്ക്കാണ് ആടുകൾ നടന്നെത്തുന്നത്. കാലത്തിനു മുൻപേ നീങ്ങുകയാണ് ആടുകൾ.

ആടുകൾ കണ്ണിൽ കണ്ടതെല്ലാം കടിച്ചുതിന്നുമെന്നും തോലും ഇലയുമൊക്കെ സംഘടിപ്പിക്കണമെന്നുമൊക്കെയുള്ള വേവലാതിയുടെ കാലമൊക്കെ പോയി. ഇലകൾ കാണാതെ ആടുകൾ വളരുമെന്നായി. കുറഞ്ഞ നോട്ടത്തിൽ ആറ് മാസം കൊണ്ട് ഒരു ബ്രോയിലർ കുതിപ്പിന് ആടുകൾ തയാർ.

പാല് കുടി മാറിയ മുട്ടനാട്ടിൻ കുട്ടികളെ പൊതുമാർക്ക

റ്റിൽനിന്നും ആഴ്ച്ചച്ചന്തകളിൽനിന്നും സംഘടിപ്പിക്കുകയേ വേണ്ടൂ. മുളയോ കമുകോ കൊണ്ട് തറയിൽനിന്നും ഒരു മീറ്റർ ഉയരത്തിൽ കെട്ടിയ പ്ലാറ്റ് ഫോമുകളിൽ വളർത്താം. ആട്ടിൻകുട്ടികളുടെ കാലുകൾ താഴേയ്ക്ക് ഊർന്നിറങ്ങുന്ന രീതിയിൽ കൂടുകളുടെ തട്ടുകൾ നിർമ്മിച്ചാൽ അവ ഓടിക്കളിക്കില്ല. ആടുകളുടെ ചലനം കഴിവതും കുറയ്ക്കുക എന്ന തന്ത്രമാണ് ഇവിടെ അനുവർത്തിക്കേണ്ടത്.

തീറ്റയ്ക്കുമുണ്ട് പ്രത്യേകത. പച്ചിലയുടേയോ പുല്ലിന്റേയോ തുമ്പ് പോലും ആടുകളെ കാണിക്കരുത്. പ്രത്യേകം നിർമ്മിച്ച ബൈപ്പാസ് പ്രോട്ടീനാണ് തീറ്റ. ദിവസവും അരക്കിലോയാണ് റേഷൻ. അഞ്ച് ഇഞ്ചിന്റെ പി.വി.സി. പൈപ്പ് നെടുകെ പിളർന്ന് കൂടിന്റെ ഇരുവശവും ഘടിപ്പിച്ച് തീറ്റവും വെള്ളവും നൽകണം. ദിവസച്ചെലവ് ആടൊന്നിന് 14 രൂപ മാത്രം. ദിവസംതോറും അധികം വരുന്ന തീറ്റ വെയിലത്തുണക്കി രണ്ട് ദിവസം കഴിയുമ്പോൾ നൽകാം. ആറ് മാസമെത്തുമ്പോഴേയ്ക്കും ആടുകൾ 32-42 കിലോ തൂക്കം വയ്ക്കും. മലബാറി ഇനം മുട്ടനാടുകൾ തന്നെയാണ് ഈ രീതിക്ക് നല്ലത്.

ആടുകളുടെ വയറിന്റെ പ്രത്യേകതയാണ് ബ്രോയിലർ രീതിയിലുള്ള വളർത്തലിന് സഹായകരമാകുന്നത്. നാല് വയറുകളിൽ ആദ്യത്തെ മൂന്ന് വയറുകൾ സ്വാഭാവികമായി അടച്ച് നാലാമത്തെ യഥാർത്ഥ വയറിലേയ്ക്ക് തീറ്റയെ ബൈപ്പാസ് ചെയ്യുക എന്ന ശാസ്ത്രീയ രീതിയാണ് ഇവിടെ അവലംബിച്ചിരിക്കുന്നത്. ഏറ്റവും ഗുണമേന്മയുള്ളതും എളുപ്പം ദഹിക്കുന്നതുമായ തീറ്റ ഉപയോഗിക്കണമെന്ന് മാത്രം. ആടുകളെ കുളിപ്പിക്കണ്ട. ദിവസവും ബ്രഷ് ഉപയോഗിച്ച് മേനി ഉരുമ്മണം. തീറ്റയിൽ ജീവക-ധാതുലവണ മിശ്രിതങ്ങൾകൂടി ചേർക്കണം.

കുറഞ്ഞ സ്ഥലം മാത്രമുള്ളവർക്ക് ബ്രോയിലർ രീതി ഏറ്റെടുക്കാം. രാവിലെ ഒരു മണിക്കൂർ നോട്ടം മാത്രം മതി. ബ്രോയിലർ രീതിയിൽ വളരുന്നതോടെ ആടിന്റെ മേനിയിൽ വരുമാനം നിറയും. സ്വർണ്ണംപോലെ ആഗ്രഹിക്കുമ്പോൾത്തന്നെ വിറ്റ് പണമാക്കാം.

പരിശീല കേന്ദ്രങ്ങൾ : മൃഗസംരക്ഷണ പരിശീലനകേന്ദ്രം കൊട്ടിയം - 9447343423

ആടുകൾക്ക് : ഗോട്ട് ഫാം, പാറശ്ശാല - 0471-2223099, ബഫല്ലോ ബ്രീഡിംഗ് ഫാം, കുരിയോട്ടുമല - 0475-2227485

മുല്ല എന്നും മുന്നിൽ

മലയാളിയുടെ അഭിനിവേശങ്ങളിലൊന്നാണ് കുടമുല്ലപ്പൂക്കൾ. എല്ലാ നന്മനിറഞ്ഞ തുടക്കങ്ങൾക്കും മുല്ലപ്പൂവിന്റെ ചാരുതയും സൗരഭ്യവും ഒഴിവാക്കാൻ കഴിയാത്ത സാന്നിദ്ധ്യമായി മാറിക്കഴിഞ്ഞിരിക്കുന്നു. ദൈവീകാരാധനയ്ക്കും വിവാഹത്തിനും സുഗന്ധതൈല നിർമ്മാണത്തിനുമൊക്കെ ഉപയോഗിക്കുന്ന മുല്ലപ്പൂക്കളധികവും ഇന്ന് തമിഴ്നാട്ടിൽ നിന്നാണ് എത്തുന്നത്. എന്നാൽ കേരളത്തിൽ വിരിയുന്ന പൂക്കൾക്ക് ഉയർന്ന സൗരഭ്യവും ചന്തവും ഉള്ളതിനാൽ എക്കാലത്തും ഉയർന്ന ഡിമാന്റുണ്ട്.

പണ്ടത്തെപ്പോലെയല്ല മുല്ല. വള്ളിച്ചെടികളിൽ പടർന്നുകയറി നാട്ടുപെണ്ണിന്റെ മുടിച്ചാർത്തിലാകെ സൗരഭ്യം പകരുന്ന പൂക്കളെ ചട്ടിയിലൊതുക്കി വളർത്തിയാൽ ലാഭമേറെ. കാർഷിക സർവകലാശാല വികസിപ്പിച്ച ജാസ്മിൻ സമ്പത്ത് എന്ന ഇനമാണ് കൃഷി ചെയ്യാൻ നല്ലത്. 12 അടി വ്യാസമുള്ള ചെടിച്ചട്ടികളാണ് മുല്ലകൃഷിക്ക് യോജിച്ചത്. ആറ്റുമണലും കമ്പോസ്റ്റും മണ്ണും നിറച്ച മിശ്രിതം തുല്യമായി ചേർത്താൽ മുല്ലക്ക് പോട്ടിംഗ് മിശ്രിതമായി. ചെടിച്ചട്ടിയിൽ ഓട്ടു കഷണങ്ങൾ വച്ച് അല്പം പോട്ടിംഗ് മിശ്രിതവും ചേർത്താൽ തൈ നടാം. നല്ല മഴക്കാലത്ത് മുറിച്ചുവച്ച കുറ്റിമുല്ലക്കമ്പുകൾ മുളച്ചതാണ് നടീൽ വസ്തുക്കൾ. മുല്ല നട്ട് ആഴ്ചയിലൊരിക്കൽ അൽപ്പാൽപം പോട്ടിംഗ് മിശ്രിതം ചേർത്ത് ചട്ടി നിറച്ചുകൊണ്ട് വരും. മാസത്തിൽ രണ്ടു പ്രാവശ്യം എൻ.പി.കെ. 19:19:19 രാസവളം വേണം. 10 ഗ്രാം വെള്ളത്തിൽ നേർപ്പിച്ച ചട്ടിയിലൊഴിക്കും. രണ്ടാഴ്ചയിലൊരിക്കൽ കമ്പോസ്റ്റും ഉണക്കച്ചാണകവും ചേർക്കും. ദിവസവും നന വേണം. ചിതറിവീഴുന്ന ജലധാരയാൽ ചെടി മുഴുവൻ നനഞ്ഞ് കുതിർക്കണം. എപ്പോഴും നിലനിൽക്കുന്ന മുന്നൂറ് തൈകൾ മുല്ലോദ്യാനത്തിലുണ്ടെങ്കിൽ അത് നല്ല ലാഭം നൽകും. 15 കൊല്ലമാണ് ഒരു തോട്ടത്തിന്റെ പരിപാലനം.

നട്ടാൽ ആദ്യമാസം പൂവ് എന്നതാണ് കുറ്റിമുല്ലയുടെ രീതി. എന്നാൽ അവയെല്ലാം നുള്ളിക്കളയാം. വിളവെടുപ്പ് ആറാം മാസം മുതൽ മാത്രം. എല്ലാ വർഷവും മഴയുള്ള ജൂൺ-ജൂലൈ മാസങ്ങളിൽ പ്രൂണിംഗ് അഥവാ കൊമ്പ് കോതൽ ഉണ്ട്. അതൊരു കലയാണ്. ശില്പ സമാനമായ രീതിയിൽ മുല്ലച്ചെടികളെ വെട്ടിയൊരുക്കി നിർത്താം. ആറ് മാസം മുതൽ ഒൻപതാം മാസം വരെ കൊയ്ത്തുകാലമാണ്. ശനിയാഴ്ച്ചയാണ് പൂക്കൾക്ക് ഏറെ ഡിമാന്റ് . സൂര്യകിരണങ്ങൾ മണ്ണിൽ വീഴുന്ന അതിപ്രഭാതങ്ങളിൽ പൂക്കൾ നുള്ളിയെടുക്കാം. 500 മുതൽ 1000 രൂപ വരെ പൂക്കൾക്ക് വിപണി വിലയുണ്ട്.

എട്ട് മണിക്കൂറെങ്കിലും വെയിലടിക്കുന്ന നല്ല സ്ഥലത്തു വേണം കുറ്റി മുല്ല കൃഷി ചെയ്യുന്നത്. മുല്ലയുടെ ശുഭ്രശോഭ മങ്ങി വയലറ്റാക്കുന്ന രോഗകീടങ്ങളുണ്ട്. കീടനാശിനി പ്രയോഗം വേണ്ടി വരും. റോഗറും എക്കാലക്സുമാണ് ആശ്രയം. ഒരു ലിറ്റർ വെള്ളത്തിൽ രണ്ടര മില്ലി എക്കാലക്സ് നേർപ്പിച്ച് തളിക്കാം. ജൈവ കുമിൾ നാശിനിയായ സ്യൂടോമോണസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ച ചെടിയിലും തടത്തിലും തളിക്കാം.

പൂവിറുക്കാൻ ആളില്ലാതെ വരുന്നതാണ് കുറ്റിമുല്ലയുടെ പ്രശ്നം. പൂ നുള്ളി പൂ നുള്ളി കൈവിരൽ കുഴഞ്ഞല്ലോ എന്നാണ് കർഷകർ പറയുന്നത്. എന്നാൽ കൈ കുഴയാൻ വീട്ടിലെല്ലാവരും തയ്യാറെങ്കിൽ കുറ്റിമുല്ല കസറും. സുഗന്ധമുള്ള പണം കൈനിറയെ വാരാം.■

കേരളത്തെ സമ്പൂർണ ജൈവക്കൃഷി സംസ്ഥാനമാക്കും: മുഖ്യമന്ത്രി

കേരളത്തിന്റെ മണ്ണും വായുവും ജലവും വിപുലീകരിക്കുകയെന്ന ലക്ഷ്യത്തിന്റെ ഭാഗമായി 2016 നകം സംസ്ഥാനത്ത് സമ്പൂർണ ജൈവക്കൃഷി നടപ്പാക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി. ആരോഗ്യത്തിന് ഹാനികരമായ കീടനാശിനികളും രാസവളങ്ങളും ഒഴിവാക്കിയുള്ള കൃഷിരീതിയിലേക്ക് സംസ്ഥാനം ചുവടുവച്ചു കഴിഞ്ഞു. കാസർകോട് തുടക്കം കുറിച്ച പദ്ധതി അടുത്ത ഘട്ടത്തിൽ കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിലേക്ക് വ്യാപിപ്പിക്കുമെന്ന് അദ്ദേഹം കൊച്ചിയിൽ പറഞ്ഞു.

ആധുനിക സാങ്കേതികവിദ്യയും സംസ്കരണരീതികളും പ്രയോജനപ്പെടുത്തിയുള്ള കൃഷിരീതികളിലൂടെ കാർഷിക രംഗത്ത് നിലവിലുള്ള പരിമിതികൾ മറികടക്കാൻ കഴിയും. കാർഷികോൽപ്പന്നങ്ങൾ മൂല്യവർധിതമാക്കുന്നതിന് ഉത്തമോദാഹരണമാണ് നീര. തെങ്ങിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന നീരയുടെ ശേഖരണത്തിനും വിപണനത്തിനും ലൈസൻസ് നൽകുന്നതിനായി കോക്കനട്ട് നീര ബോർഡ് രൂപീകരിച്ചിട്ടുണ്ട്. പഴങ്ങളുടെയും പച്ചക്കറികളുടെയും ഉപഭോഗത്തിൽ മുന്നിൽ നിൽക്കുന്ന കേരളത്തിൽ ഇവയുടെ ഉൽപ്പാദനം വർധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ ഏറെ മുന്നോട്ടു പോയതായി മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

കാർഷികമേഖലയിൽ കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനൊപ്പം വിപണിയിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും സർക്കാർ സജീവമായി ഇടപെടുന്നുണ്ട്. ഇടത്തട്ടുകാരുടെ ചൂഷണം തടഞ്ഞ് കർഷകരെ സംരക്ഷിക്കുകയാണ് സർക്കാരിന്റെ ദൗത്യം. ആറ് കാർഷിക മൊത്ത വ്യാപാര വിപണികളാണ് നിലവിൽ സംസ്ഥാനത്തുള്ളത്. ഈ രംഗത്ത് കേന്ദ്ര സർക്കാരിന്റെ കൂടുതൽ പിന്തുണ തേടിയിട്ടുണ്ട്. പരിശീലനം ലഭിച്ച തൊഴിലാളികളെ ലഭ്യമാക്കുക ലക്ഷ്യമിട്ട് കാർഷിക കർമ്മ സേനയും പഞ്ചായത്ത് തോറും പ്രവർത്തിക്കുന്നു. കാർഷികവൃത്തിയിലേർപ്പെട്ടിരിക്കുന്ന കുടുംബത്തിന് അതിൽ നിന്നും ജീവിതം മുന്നോട്ടു കൊണ്ടുപോകാനുള്ള വരുമാനം ലഭിക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ഗ്ലോബൽ അഗ്രോമീറ്റിലെ ചർച്ചകളിൽ നിന്നുരുത്തിയിരുന്ന നിർദേശങ്ങളിൽ പ്രായോഗികമായവ കാലതാമസമില്ലാതെ നടപ്പാക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

നിജാസ് ജ്യുവൽ, എറണാകുളം

ആഗോള കാർഷിക സംഗമത്തിൽ കേന്ദ്ര കൃഷി മന്ത്രി രാധ മോഹൻ സിംഗ്, മുഖ്യമന്ത്രി ഉമ്മൻചാണ്ടി, സംസ്ഥാന കൃഷിമന്ത്രി കെ.പി. മോഹനൻ തുടങ്ങിയവർ.

ശാസ്ത്രീയ പരിശീലനം നേടി ഇനി ഉത്പാദന രംഗത്തേക്ക്

സർവ്വ മേഖലകളിലും സ്ത്രീ മുന്നേറ്റങ്ങളുടെ കാഴ്ചകളാണ് ഏറെയും. പരമ്പരാഗത തൊഴിലുകൾ ചെയ്ത് തുച്ഛമായ വരുമാനം നേടിയിരുന്ന കാലമൊക്കെ കഴിഞ്ഞു.ഇന്ന് എല്ലാരംഗങ്ങളിലും ശാസ്ത്രീയ പരിശീലനം നേടുക മാത്രമല്ല ഉല്പാദനയൂണിറ്റുകൾ രൂപീകരിച്ച് സാമ്പത്തിക വിജയം കൈവരിക്കുകയും ചെയ്യുന്നു. അങ്ങനെ സ്വയം പര്യാപ്തത നേടുന്നതിനൊപ്പം കുടുംബത്തിനും സാമ്പത്തിക ഭദ്രത കൈവരിക്കുന്നു. ഇതിനു വേണ്ട പരിശീലനങ്ങൾ നൽകി സ്ത്രീകളെ മുൻപന്തിയിൽ കൊണ്ടുവരുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് ഇത്തരത്തിൽ ഒരു പരിശീലന പരിപാടി സംഘടിപ്പിക്കുകയുണ്ടായി.2014-15 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് വനിതകൾക്കായി നവംബർ 17 മുതൽ 29 വരെ തഴപ്പായ, കരകൗശല വസ്തുനിർമ്മാണ പരിശീലന പരിപാടി നടന്നത്.

കൂത്താളി, പേരാമ്പ്ര ഗ്രാമപഞ്ചായത്തുകളിലെ പഞ്ചായത്ത് കമ്മിറ്റി

പാലുൽപ്പാദനത്തിൽ സംസ്ഥാനം സ്വയംപര്യാപ്തത കൈവരിക്കും

– മന്ത്രി കെ.സി. ജോസഫ്

പാലുൽപ്പാദനത്തിൽ സംസ്ഥാനം സ്വയംപര്യാപ്തത കൈവരിക്കാൻ വേണ്ട ശ്രമത്തിലാണെന്ന് ക്ഷീരവികസന വകുപ്പ് മന്ത്രി കെ.സി. ജോസഫ് പറഞ്ഞു. മാടപ്പള്ളി ബ്ലോക്ക് ക്ഷീരകർഷക സംഗമം പാലമറ്റം കിഴക്കേക്കുന്നിൽ ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ദിനംപ്രതി കേരളം ഏഴ്– എട്ട് ലക്ഷം ലിറ്റർ പാലാണ് അന്യസംസ്ഥാനങ്ങളിൽ നിന്ന് വാങ്ങിയിരുന്നത്. ഇന്നത് ഒന്നര ലക്ഷം ലിറ്ററായി കുറഞ്ഞിട്ടുണ്ട്. ഈ മേഖലയിൽ ഉടൻ മാറ്റം ഉണ്ടാകുകയും സ്വയംപര്യാപ്തമാകുകയും ചെയ്യും–അദ്ദേഹം പറഞ്ഞു.

സംസ്ഥാനത്ത് വിലസ്ഥിരതയുള്ള ഏക ഉൽപ്പന്നം പാലാണ്. കാർഷിക ഉൽപ്പന്നങ്ങൾക്ക് വിലത്തകർച്ചയുണ്ടാകുമ്പോഴും കർഷകർ പിടിച്ചുനിൽക്കുന്നത് പാലുൽപ്പാദനം കൊണ്ടാണെന്നും അദ്ദേഹം സൂചിപ്പിച്ചു. 60 വയസ് കഴിഞ്ഞ കർഷകർക്ക് 500 രൂപ പെൻഷൻ ലഭിക്കുന്നുണ്ട്. ഭാവിയിൽ അർഹമായ പെൻഷനിലേക്കെത്താനാണ് സർക്കാർ ശ്രമിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

നമ്മൾ മാരകരോഗങ്ങളുടെ പിടിയിൽ അകപ്പെടാനുള്ള കാരണം അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന വിഷം കലർന്ന പച്ചക്കറികളാണ്. അതിന് മാറ്റമുണ്ടാക്കാൻ കേരളത്തിനാവശ്യമായ ഭക്ഷ്യസാധനങ്ങൾ ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കാൻ ശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു. പുതിയ തലമുറയെ രോഗമില്ലാത്തവരാക്കണമെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കണം. ക്ഷീരമേഖല അഭിമാനകരമായ അവസ്ഥയിലാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വരുംവർഷം ഫാർമർ ഫെസിലിറ്റേറ്റർ സെന്ററിന് 5.75 ലക്ഷം രൂപ നൽകുമെന്നും മന്ത്രി പറഞ്ഞു.

ക്ഷീരസംഘത്തിൽ ഏറ്റവും കൂടുതൽ പാൽ അളന്ന കർഷകനുള്ള അവാർഡ് കോട്ടമുറി ക്ഷീരകർഷക സംഘത്തിലെ ശ്രീകുമാറിന് മന്ത്രി കെ.സി. ജോസഫ് സമ്മാനിച്ചു.

യോഗത്തിൽ സി.എഫ്. തോമസ് എം.എൽ.എ അധ്യക്ഷത വഹിച്ചു. ക്ഷീരവികസന വകുപ്പ് ധനസഹായത്തോടെ നിർമ്മിച്ച പാലമറ്റം ക്ഷീരസംഘം കോൺഫറൻസ് ഹാളിന്റെയും പാലമറ്റം ക്ഷീരസംഘത്തിൽ പ്രവർത്തനമാരംഭിച്ച കാനറാ ബാങ്ക് എ.റ്റി.എം കൗണ്ടറിന്റെയും ഉദ്ഘാടനം ഡോ. എൻ. ജയരാജ് എം.എൽ.എ നിർവ്വഹിച്ചു.

ബ്ലോക്കിൽ ഏറ്റവും കൂടുതൽ പാൽ സംഭരിച്ച ക്ഷീരസംഘത്തിനുള്ള അവാർഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ജിമ്മിയും രണ്ടാമത്തെ ക്ഷീരസംഘത്തിനുള്ള അവാർഡ് മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബിജി മൂലയിലും വിതരണം ചെയ്തു. പുനഃപ്രവർത്തന ധനസഹായം മാടപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോൺ വാറ്റുപറമ്പിലും കാനറാ ബാങ്ക് വായ്പ ജനറൽ മാനേജർ യു. രമേശും വിതരണം ചെയ്തു. തുടർന്ന് വിവിധ അവാർഡ് ദാനവും നടന്നു.

ജില്ലാ പഞ്ചായത്തംഗം സുധാ കുര്യൻ, ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ടോം സി. ആന്റണി, പാലമറ്റം ക്ഷീരസംഘം പ്രസിഡന്റ് പി.സി. മാത്യു തരകൻ തുടങ്ങിയവർ പങ്കെടുത്തു.

പരിപാടിയുടെ ഭാഗമായി കന്നുകാലി പരിശോധനാക്യാമ്പ്, കന്നുകാലി പ്രദർശന മത്സരം, സെമിനാറുകൾ എന്നിവയും സംഘടിപ്പിച്ചു

സിനി കെ. തോമസ്, കോട്ടയം

കൾ ശുപാർശ ചെയ്ത 19 പേരാണ് പരിശീലനത്തിൽ പങ്കെടുത്തത്. ഇവരെല്ലാം പരമ്പരാഗതമായി തൊഴിൽ ചെയ്യുന്നവരാണെങ്കിലും ശാസ്ത്രീയ മാർഗ്ഗങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നത് ആദ്യമായിട്ടായിരുന്നു.12 ദിവസം നീണ്ടു നിന്ന പരിപാടിയിൽ ഉല്പാദനം എങ്ങനെ ശാസ്ത്രീയമായി നടത്താമെന്നും ഒരു ഉല്പാദനയൂണിറ്റ് ആരംഭിക്കുന്നതിനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് പഠനവിധേയമായി. ഈ രംഗത്തെ മികച്ച പരിശീലന സ്ഥാപനമാണ് പരിശീലനത്തിന് നേതൃത്വം നൽകിയത്.

പരിശീലന പരിപാടിയുടെ ഉദ്ഘാടനം പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.കുഞ്ഞമ്മദ് മാസ്റ്റർ നിർവ്വഹിച്ചു.

രമ്യ. കെ
ഇൻഫർമേഷൻ അസിസ്റ്റന്റ്, കോഴിക്കോട്

തൊഴിൽ അനുവദിച്ച കാര്യം രേഖാമൂലം അറിയിക്കുമോ?

സി.വി. ജോയി വയനാട്

തൊഴിൽ കാർഡിൽ ഫോട്ടോ നിർബന്ധമാണോ? എത്ര വർഷമാണ് ഒരു തൊഴിൽ കാർഡിന്റെ കാലാവധി?

അതെ, തൊഴിലാവശ്യമുള്ള മുഴുവൻ കുടുംബങ്ങളുടെയും പാസ്പോർട്ട് വലിപ്പത്തിലുള്ള ഫോട്ടോകൾ തൊഴിൽ കാർഡിൽ പതിച്ചിരിക്കണം. ഫോട്ടോയെടുക്കുന്നതിന്റെ ചെലവ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് വഹിക്കും. അഞ്ചു വർഷത്തേക്കാണ് ഒരു തൊഴിൽ കാർഡ് അനുവദിച്ചു നൽകുന്നത്. ഒരു കുടുംബം ഒരു വർഷം ആവശ്യപ്പെട്ട തൊഴിൽ ദിനങ്ങൾ, അവർക്ക് അനുവദിച്ച തൊഴിൽ ദിനങ്ങൾ, ലഭിച്ച വേതനം, ഏറ്റെടുത്ത പ്രവൃത്തികളും മസ്റ്റർറോൾ നമ്പറുകളും, ലഭിച്ച തൊഴിലില്ലായ്മ വേതനം, നഷ്ടപരിഹാരം മുതലായ വിവരങ്ങളും തൊഴിൽ കാർഡിൽ അതാത് സമയം എഴുതിച്ചേർക്കണം. അഞ്ചു വർഷം കഴിയുമ്പോൾ പുതിയ അപേക്ഷ സ്വീകരിച്ച് ആവശ്യക്കാർക്ക് പുതിയ കാർഡുകൾ നൽകണം.

തൊഴിൽ കാർഡ് ലഭിച്ചാൽ ഉടനെ തൊഴിൽ ലഭിക്കുമോ?

ഇല്ല. തൊഴിൽ കാർഡ് ലഭിച്ചവർ തൊഴിലാവശ്യമുള്ളപ്പോൾ പ്രത്യേകം അപേക്ഷ നൽകണം. നിർദ്ദിഷ്ട ഫോറത്തിൽ ഗ്രാമപഞ്ചായത്തിലാണ് അപേക്ഷ നൽകേണ്ടത്. വെള്ളക്കടലാസ്സിലും അപേക്ഷ നൽകാവുന്നതാണ്. 2014-ലെ പുതിയ നിർദ്ദേശങ്ങൾ പ്രകാരം മൊബൈൽ ഫോൺ, ലാൻഡ് ഫോൺ, ഇ-മെയിൽ, പ്രത്യേക കിയോസ്ക്കുകൾ മുതലായ മാധ്യമങ്ങളി (Media) ലൂടെയും തൊഴിൽ ആവശ്യപ്പെടാവുന്നതാണ്. എഴുത്തും വായനയും അറിയാത്തവർക്ക് നിർദ്ദിഷ്ട ഉദ്യോഗസ്ഥന്റെ മുമ്പിൽ വാക്കാലും തൊഴിൽ ആവശ്യപ്പെടാവുന്നതാണ്. ചുരുങ്ങിയത് രണ്ടാഴ്ചത്തേക്കാണ് തൊഴിൽ ആവശ്യപ്പെടേണ്ടത്. മുൻകൂട്ടി തൊഴിലിന് അപേക്ഷ (Advance Applications) നൽകുവാനും വ്യവസ്ഥയുണ്ട്.

തൊഴിലിനായി അപേക്ഷ നൽകുമ്പോൾ രശീത് കൈപ്പറ്റിയിരിക്കണമെന്ന് നിഷ്കർഷിക്കുന്നത് എന്തിനാണ്?

തൊഴിലാവശ്യപ്പെട്ടവർക്ക് 15 ദിവസത്തിനുള്ളിൽ തൊഴിൽ നൽകണമെന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം തൊഴിലില്ലായ്മ വേതനം ലഭിക്കുന്നതിന് തിയ്യതി രേഖപ്പെടുത്തിയ കൈപ്പറ്റു രശീത് ആവശ്യമാണ്.

തൊഴിലന്വേഷകർക്ക് ആര്, എപ്പോൾ, എവിടെ തൊഴിലനുവദിച്ചു നൽകും?

ഗ്രാമപഞ്ചായത്താണ് തൊഴിലനുവദിച്ചു നൽകുക. ചുരുങ്ങിയത് രണ്ടാഴ്ചത്തേയ്ക്കുള്ള പണികളാണ് അനുവദിച്ചു നൽകേണ്ടത്. നിലവിൽ നടന്നുക്കൊണ്ടിരിക്കുന്ന പ്രവൃത്തികളിലോ പുതിയ പ്രവൃത്തികളിലോ തൊഴിൽ നൽകാം. പുതിയതായി കുറഞ്ഞത് 10 പേരെങ്കിലും തൊഴിലിന് അപേക്ഷ നൽകിയിട്ടുണ്ടെങ്കിൽ ഒരു പുതിയ പ്രവൃത്തി ആവശ്യമെങ്കിൽ ആരംഭിക്കാവുന്നതാണ്. അപേക്ഷകരുടെ താമസ സ്ഥലത്തിന് അഞ്ചു കിലോമീറ്റർ ദൂരപരിധിയ്ക്കുള്ളിൽ തൊഴിൽ നൽകുന്നതിന് മുൻഗണന നൽകണം.

അപേക്ഷകരുടെ താമസസ്ഥലത്തിന് അഞ്ചു കിലോമീറ്റർ ദൂരപരിധിയ്ക്കുള്ളിൽ തൊഴിൽ നൽകണമെന്ന് പറഞ്ഞുവല്ലോ. ഇത് അതാത് ഗ്രാമപഞ്ചായത്ത് വാർഡിലായിരിക്കണമെന്ന് നിർബന്ധമുണ്ടോ?

ഇല്ല. ഗ്രാമപഞ്ചായത്തിൽ എവിടെ വേണമെങ്കിലും തൊഴിൽ നൽകാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ തൊഴിൽ ലഭിക്കുന്നതിനുള്ള ഒരു സാദ്ധ്യതയുമില്ലെങ്കിൽ ബ്ലോക്ക് പരിധിക്കുള്ളിൽ തൊഴിൽ നൽകുന്നതിന് ബ്ലോക്ക് പ്രോഗ്രാം ഓഫീസർ നടപടികൾ എടുക്കണം. അഞ്ച് കിലോമീറ്റർ ദൂര പരിധിയ്ക്ക് പുറത്താണ് തൊഴിലെടുക്കുന്നതെങ്കിൽ 10 ശതമാനം അധിക വേതനത്തിന് തൊഴിലാളികൾക്ക് അവകാശമുണ്ടായിരിക്കും.

തൊഴിൽ അനുവദിച്ച കാര്യം രേഖാമൂലം അറിയിക്കുമോ?

തൊഴിലനുവദിച്ച കാര്യം രേഖാമൂലം തൊഴിലാളികളെ അറിയിക്കണമെന്നാണ് വ്യവസ്ഥ. ഇതിന് പ്രത്യേക ഫോറം തയ്യാറാക്കി നൽകിയിട്ടുണ്ട്. വി.ഇ.ഒ., കുടുംബശ്രീ എ.ഡി.എസ്. പ്രവർത്തകർ, പ്രവൃത്തി സ്ഥലമേറ്റ്, പട്ടികവർഗ്ഗ-പട്ടികജാതി പ്രൊമോട്ടർമാർ എന്നിവരുടെ സേവനം ഇതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിനിയോഗിക്കണം.

ചില ഗ്രാമപഞ്ചായത്ത് വാർഡുകളിൽ 50 മുതൽ 100 വരെ തൊഴിലാളികൾ ഒരേ സമയം തൊഴിൽ ആവശ്യപ്പെടുകയും പണിയ്ക്കിറങ്ങുകയും ചെയ്യുന്ന സാഹചര്യങ്ങൾ ഉണ്ട്. ഇവർക്കെല്ലാം രേഖാമൂലം അറിയിപ്പു നൽകുക എന്നത് പ്രയോഗികമാണോ?

നിയമത്തിനും, ചട്ടങ്ങൾക്കും ഉള്ളിൽ നിന്ന്കൊണ്ട് പ്രയോഗിക സമീപനങ്ങൾ ഏറ്റെടുക്കുന്നതിന് ഇക്കാര്യങ്ങളിൽ ഗ്രാമപഞ്ചായത്തിന് വിവേചനാധികാരങ്ങളുണ്ട്. അയൽക്കൂട്ടത്തിന്റെ വാരാന്ത്യയോഗത്തിൽ അറിയിപ്പ് വായിക്കുകയും 'കണ്ടു' അല്ലെങ്കിൽ 'വായിച്ചു കേട്ടു' എന്ന് ഒപ്പിട്ടു വാങ്ങുകയും ചെയ്യാം. അംഗൻവാടി, പി.എച്ച്.സി., വി.ഇ. ഒ. യുടെ ഓഫീസ് മുതലായ ഇടങ്ങളിൽ അറിയിപ്പിന്റെ പകർപ്പ് ഒട്ടിക്കാം. പ്രൊമോട്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തി പട്ടികവർഗ്ഗ-പട്ടികജാതി കോളനികളിൽ അറിയിപ്പു നൽകി പകർപ്പിൽ രസീത് വാങ്ങാവുന്നതാണ്. വി.ഇ.ഒ. മുഖേന അറിയിപ്പു നൽകാം. ഇങ്ങനെ ഒപ്പിട്ടുവാങ്ങിയ അറിയിപ്പിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കണം.

തുടരും

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി മാർഗനിർദേശങ്ങൾ പരിഷ്കരിക്കുന്നത് പരിഗണിക്കാൻ കേന്ദ്ര സർക്കാർ തിരുവനന്തപുരത്തു വിളിച്ചു ചേർത്ത ദക്ഷിണേന്ത്യൻ ഗ്രാമവികസനമന്ത്രിമാരുടെ സമ്മേളനത്തിലെ വിവിധ ദൃശ്യങ്ങൾ

January-February 2015
Annual Subscription Rs. 12.00

GRAMABHUMI
Bi-Monthly

RN. No. 36116/1980

ഗ്രാമീണ കേരളം
വികസന മുന്നേറ്റങ്ങളുടെ നേർചിത്രം

വായിക്കുക, വരിക്കാരാകുക
ഗ്രാമഭൂമി

2 വർഷത്തേക്ക്
₹24
മാത്രം

മണിയോർഡർ അയയ്ക്കേ വിലാസം

ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ, സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ്
വഴുതയ്ക്കാട്, ശാസ്തമംഗലം പി ഒ, തിരുവനന്തപുരം 695 010

Printed and Published by A.A. Hakkim, Chief Officer, Rural Information Bureau, Owned by K.V. Mohankumar IAS, Commissioner of Rural Development, Government of Kerala,
Printed at Mangalam Press, SH Mount, Kottayam and Published from Rural Information Bureau, State Municipal House,
Vazhuthacaud, Sasthamangalam PO, Thiruvananthapuram, Kerala-695 010. Editor: A.A. Hakkim